J.K.V

R.V.R



Good good

Ramlath

Siva. Kumari

[illegible] 29 83

goodBook
by
J.A.Y

Gan

[illegible]

goodBook
by
S.N.A

Kamal

[illegible]

Good book

[illegible]

Good [illegible]

goodbook
by
J.A.Y

13.

2983.

2983

2980

292.

# ആചാര്യ വിനോബാ



"ഭൂമിയും സമ്പത്തും സർവ്വവും ഈശ്വരന്റേതു്."

കേപ്പീസ് പ്രസിദ്ധീകരണം

ഒന്നാംപതിപ്പ് 1955
രണ്ടാംപതിപ്പ് 1956

Approved by the Text Book Committee, Madras,
as Non-detailed text book for Higher forms.
Vide—Page 27, Supplement to Part I-B of Fort St.
George Gazette dated 4th April 1956.

[പകർപ്പവകാശം പ്രസാധകന്മാർക്ക്]

പ്രസാധകന്മാർ:—

**ഹാജി കെ. പി. അഹമ്മദ്കുഞ്ഞി & ബ്രദർസ്**

റജി: പബ്ലിഷർസ് :: കണ്ണൂര്.

അച്ചടി:—

സിൽവർ ജൂബിലി പ്രസ്സ്, കണ്ണൂര്.

1—0—0

# അവതാരിക

★

മലയാളസാഹിത്യത്തിൽ അഭിലഷണീയമായ ഒരു സ്ഥാനം സമ്പാദിച്ചുകഴിഞ്ഞ ശ്രീ. എ. വി. ശ്രീകണ്ഠപ്പൊതുവാളുടെ വിനോബാജിയെപ്പററിയുള്ള ഈ ചെറുപുസ്തകം പൊതുജനസമക്ഷം അവതരിപ്പിയ്ക്കുന്നതിൽ എനിയ്ക്കു അതിയായ സന്തോഷമുണ്ടു്. ഈ പ്രസിദ്ധീകരണം എത്രയും അവസരോചിതമായിരിയ്ക്കുന്നു. വിശിഷ്യ, ഇന്നത്തെ വിദ്യാർത്ഥിലോകത്തിന്നു് അത്യാവശ്യമായ അമൂല്യോപദേശങ്ങൾ അടങ്ങിയ ഈ ഗ്രന്ഥം വിദ്യാർത്ഥികളുടെ സവിശേഷമായ ശ്രദ്ധയ്ക്കു് വിഷയമാവണമെന്നും ഞാനാഗ്രഹിക്കുന്നു.

വലിയ ഒച്ചപ്പാടൊന്നും ഉണ്ടാക്കാതെ, സുസാധമല്ലാത്ത തപശ്ചര്യകളിൽ വ്യാപൃതനായി, ജീവിതത്തിലെ വലിയൊരു ഭാഗം നിശ്ശബ്ദസേവനത്തിൽ കഴിച്ച വിനോബാജി ദുർല്ലഭം സന്ദർഭങ്ങളിൽ മാത്രമാണു് പൊതുജനസമക്ഷം പ്രത്യക്ഷപ്പെട്ടതു്. മഹാത്മജിയുടെ ചില ആജ്ഞകൾ നിർവ്വഹിക്കുവാൻ പുറത്തു വരികയും അതുകഴിഞ്ഞാൽ അപ്രത്യക്ഷമാവുകയും ചെയ്യുക പതിവുള്ള അദ്ദേഹം പ്രസിദ്ധീകരണം ഇഷ്ടപ്പെട്ടിരുന്നില്ല. ആ മഹാപുരുഷൻെറ അസുലഭങ്ങളായ ഗുണഗണങ്ങൾ അന്തേവാസികൾക്കു മാത്ര

മേ അറിയാൻ കഴിഞ്ഞിരുന്നുള്ളു. ചുരുക്കത്തിൽ, ഉദയം ചെയ്യുന്നതോടൊപ്പംതന്നെ ഉച്ചം പ്രാപിയ്ക്കുന്ന ഒരു തേജഃപുഞ്ജത്തെ സൂക്ഷിച്ചു നോക്കിക്കാണാൻ അതിൻെറ കണ്ണഞ്ചിയ്ക്കുന്ന കിരണങ്ങൾ പ്രതിബന്ധമായിരിയ്ക്കുന്നതുപോലെത്തന്നെ, ഇന്നത്തെ ഏററവും മഹാനായ വ്യക്തിയായി ഒരു ഞൊടിയ്ക്കുള്ളിൽ അന്തരീക്ഷം നിറഞ്ഞു ജ്വലിയ്ക്കുന്ന വിനോബാജിയെ അമ്പരപ്പോടെ കണ്ടാശ്ചര്യപ്പെടാനേ ബഹുജനങ്ങൾക്കു് സാധിയ്ക്കുന്നുള്ളൂ, പഠിക്കാനാവുന്നില്ല. വിനോബാജിയെ ഒരത്ഭുതശക്തിയാക്കി മാററിയ ആ നീണ്ടകാലത്തെ സാധന-തപശ്ചര്യ മനസ്സിലാക്കാനും അങ്ങിനെ സ്വജീവിതത്തെ സേവനോന്മുഖമാക്കി ഉന്നതതലത്തിലെത്തിക്കാൻ ഉതകുന്ന ഒരു ജീവിതചര്യ ആവിഷ്ക്കരിയ്ക്കാനും സഹായമാവുമെന്നതാണു് ഈ ഗ്രന്ഥപാരായണം കൊണ്ടുണ്ടാകാവുന്ന നേട്ടം. അക്ലിഷ്ടമായ ശൈലിയും ലളിതമായ പ്രതിപാദനരീതിയും ഈ പുസ്തകത്തിൻെറ വിലയേയും ആസ്വാദ്യതയേയും വർദ്ധിപ്പിയ്ക്കുന്നു.

വിനോബാജിയുടെ ജീവിതത്തിൽനിന്നു് വളരെയധികം നമുക്കു പഠിക്കുവാനുണ്ടു്. രാജ്യസേവനമാഗ്രഹിക്കുന്ന ഒരു വ്യക്തിയ്ക്കു വേണ്ട ജീവിതക്രമം വിനോബാജിയുടെ ജീവിതത്തിൽ തെളിഞ്ഞുകാണാം. ഒന്നും പഠിയ്ക്കാതെ, ആത്മനിയന്ത്രണമില്ലാതെ, മനുഷ്യൻെറ മാഹാത്മ്യത്തിലും ഉന്നതമായ ജീവിതലക്ഷ്യത്തിലും വിശ്വസിയ്ക്കാതെ, ദേശസേവനത്തിനൊരുങ്ങുന്നവർ പരാജയപ്പെട്ടമെന്നതു് നമ്മുടെ നിത്യാനുഭവമാണു്. നാം ചെയ്യുന്ന ഏതു ചെറിയ കാര്യവും നമ്മുടെ നിഷ്കൃഷ്ടമായ നിരീക്ഷണത്തിനു് വിഷയമാവണമെന്നും അതു നമ്മെ ഉയർത്തുമോ താഴ്ത്തുമോ എന്നു് സാവധാനം ചിന്തിച്ചു്, ത്യജിക്കേ

ണ്ടതു് ത്യജിക്കുകയും സ്വീകരിക്കേണ്ടതു് സ്വീകരിക്കുകയും വേണമെന്നും വിനോബാജിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

തനിക്കു രാജ്യസേവനത്തിന്നു വേണ്ട ശിക്ഷണവും പഠിപ്പും ഇല്ലെന്നു സ്വയം മനസ്സിലാക്കിയ വിനോബാ സബർമതിയാശ്രമത്തിൽനിന്നു ഒരു കൊല്ലം അവധിയെടുത്തു. ആ കാലമത്രയും അദ്ദേഹം എങ്ങിനെ വിനിയോഗിച്ചുവെന്നു് ഗാന്ധിജിക്കു് എഴുതിയ എഴുത്തു വായിക്കുന്നതു് നമ്മെ നമ്രശിരസ്കരാക്കും; നമ്മളിൽ കുറച്ചു വിനയവും ആത്മാർത്ഥതയും ഉളവാക്കും. അദ്ദേഹം എന്തെല്ലാം വ്രതങ്ങൾ അനുഷ്ഠിച്ചുവെന്നും അതെല്ലാം എന്തിന്നു വേണ്ടിയായിരുന്നുവെന്നും അറിയുന്നതു നമ്മുടെ ജീവിതത്തെയും ആ വഴിക്കു നയിക്കുവാൻ സഹായിക്കും. വിനോബാജിയുടെ ആ എഴുത്തിലെ ഒരു വാചകം ആർക്കും രോമാഞ്ചമുണ്ടാക്കുന്ന ഒന്നാണു്. "സ്വപ്നത്തിൽ കൂടിയും ഒരേയൊരു ചിന്തയാണു് എന്നെ അസ്വാസ്ഥ്യപ്പെടുത്തുന്നതു്. ഈശ്വരൻ വല്ല സേവനത്തിന്നുമായി എന്നെ ഉപയോഗിച്ചു അനുഗ്രഹിക്കുമോ? എൻെറ ആത്മാർത്ഥമായ അന്വേഷണം ഇത്രമാത്രമായിരുന്നു." ഹൃദയം നീറിക്കൊണ്ടുള്ള ആ പ്രാർത്ഥന ഫലപ്പെട്ടു എന്നു ഇന്നു നമുക്കനുഭവമാണു്. വിനോബാജിയുടെ ജീവിതത്തെപ്പററിയോ ഭൂദാനയജ്ഞപ്രസ്ഥാനത്തിൻെറ നേട്ടങ്ങളെപ്പററിയോ ഇവിടെ എടുത്തു പറയാൻ ഞാനുദ്ദേശിക്കുന്നില്ല. ഹൃദയസ്പൃക്കായ ഭാഷയിൽ ഈ ചെറുപുസ്തകത്തിൽ അതെല്ലാം സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ടു്.

വിനോബാജിയുടെ ഭൂദാനയജ്ഞപ്രസ്ഥാനം ലോകത്തെ മുഴുവൻ ഹഠാദാകർഷിച്ചിരിക്കുന്നു. ഭൂദാനയജ്ഞവും

വിനോബാജിയും പര്യായപദങ്ങളായിത്തീർന്നിരിക്കുയാണ്. ഭൂദാനയജ്ഞപ്രസ്ഥാനം ഉടലെടുത്തതു് കൊള്ളക്കും കൊലപാതകത്തിന്നും വിളഭൂമിയായിത്തീന്ന തെലുങ്കാനയിൽവെച്ചാണ്. നൂറേക്കർ ഭൂമി ദാനം കിട്ടിയ ആ രാത്രി വിനോബാജിക്കു് ഒരു വെളിച്ചം നൽകി. അദ്ദേഹത്തിന്റെ ആ രാത്രിയിലെ ചിന്താഗതി ഗ്രന്ഥകാരൻ വിവരിക്കുന്നതു് ഇങ്ങിനെയാണ്:- "ഭാരതത്തിന്റെ ധർമ്മബോധം അസ്തമിച്ചിട്ടില്ല. ഈ മണ്ണിൽ അനന്തമായ മനുഷ്യസ്നേഹം ഇന്നും പ്രവഹിച്ചുകൊണ്ടേ ഇരിക്കുന്നുണ്ടു്. മനുഷ്യന്റെ സ്വാർത്ഥദൃഷ്ടിക്കു അതു വിഷയമാകുന്നില്ലെന്നേ ഉള്ളൂ. ഗാന്ധിജി കാലേക്കൂട്ടി ഈ യാഥാർത്ഥ്യം മനസ്സിലാക്കി പ്രവർത്തിച്ചതാണ് അദ്ദേഹത്തിന്റെ വിജയങ്ങൾക്ക് കാരണം. മനുഷ്യത്വത്തെ വിളിച്ചുണർത്തണം. വേണ്ടതുപോലെ വിളിച്ചാൽ അതുണരും." ആ വിളിച്ചുണർത്തലാണ് ഭൂദാനയജ്ഞപ്രസ്ഥാനം.

ഭൂദാനയജ്ഞപ്രസ്ഥാനത്തിന്റെ പ്രാധാന്യം വിനോബാജി വ്യക്തമാക്കുന്നു:– "ലോകത്തെ ബാധിച്ചിട്ടുള്ള സകലരോഗങ്ങൾക്കും മൂലകാരണം സ്വകാര്യസ്വത്തു വ്യവസ്ഥയാണ്. വെള്ളവും വെളിച്ചവും വായുവുംപോലെ ഭൂമിയും പൊതുസ്വത്തായിരുന്നുവെങ്കിൽ ലോകം ഇന്നഭിമുഖീകരിക്കുന്ന പല വിപത്തുകളിൽനിന്നും മോചനം ലഭിച്ചേനെ." വിനോബാജിയുടെ ആഹ്വാനം ഇന്ത്യയുടെ മണ്ണിൽ ലയിച്ചുകിടക്കുന്ന മനുഷ്യസ്നേഹത്തെ തട്ടിയുണർത്തി. ആ മനുഷ്യസ്നേഹത്തിന്റെ പ്രത്യക്ഷപ്രവാഹമാണ് ലക്ഷക്കണക്കിൽ ഭൂമിയുടെ കൈമാററം കുറിക്കുന്നതു്. ഇന്ത്യയിൽനിന്നു അതു മററു രാജ്യങ്ങളിലേക്കും പ്രവഹിക്കും. അങ്ങിനെ മനുഷ്യന്റെ ധർമ്മബോധത്തെ തട്ടിയുണർത്തി,

ലോകം ഒരു കുടുംബമാണെന്നുള്ള ബോധം വളർത്തി, യുദ്ധങ്ങളും ഇന്നത്തെ മത്സരങ്ങളും ആററംശക്തിയെപ്പററിയുള്ള ഭീതിയും അവസാനിച്ച് മനുഷ്യർ അന്യോന്യം കൈകോർത്തുപിടിച്ച് ലോകസാഹോദര്യം പുലർത്തും. അതാണ് വിനോബാജിയുടെ ലക്ഷ്യം.

ആ ലക്ഷ്യപ്രാപ്തിയിലേക്കുള്ള വിനോബാജിയുടെ തീവ്രയത്നം നമ്മളെയും ആവേശം കൊള്ളിക്കുവാൻ ശ്രീകണ്ഠപ്പൊതുവാളുടെ ഈ ചെറുപുസ്തകം സഹായിക്കുമെന്നാണ് എൻെറ വിശ്വാസം. പൊതുജനങ്ങളെ ഈ ഗ്രന്ഥപാരായണത്തിന്നു ക്ഷണിക്കുന്നതിന്നു അതു മതിയായ കാരണമാണല്ലോ.

കോഴിക്കോട്,<br>*27—7—1955.*

കെ. കേളപ്പൻ

# ആചാര്യ വിനോബയെപ്പററി
## രണ്ടു് വാക്കു്

ചുരുക്കം മണിക്കൂറുകൾകൊണ്ടു് ലോകം ചുററാനും, വേണമെങ്കിൽ മനുഷ്യജീവിതത്തെയാകമാനം തുടച്ചുമാച്ചാനുമുള്ള കഴിവുകൾ ഒരുങ്ങിക്കഴിഞ്ഞ ഈ ലോകത്തു്, വീണ്ടും ആ അത്ഭുതം പ്രത്യക്ഷമായിരിക്കുന്നു. മുട്ടുവരെ മാത്രമെത്തുന്ന പരുക്കൻ മുണ്ടും ചുററി, വളൎന്നുവരുന്ന മുക്കാലും വെളുത്ത താടിരോമങ്ങളിലൊ ശോഷിച്ചുവരുന്ന കായികസ്ഥിതിയിലൊ ഒന്നും ശ്രദ്ധിക്കാതെ, ഗ്രാമത്തിൽനിന്നു ഗ്രാമത്തിലേക്കു കാൽനടയായി സഞ്ചരിച്ചു വരുന്ന ആ ഉണങ്ങിയ കൊച്ചുമനുഷ്യന്റെ യാത്ര വമ്പിച്ച ഒരു ചലനമാണു് ലോകത്തിലുണ്ടാക്കിയിരിക്കുന്നതു്. ആചാര്യ വിനോബാ ശാസ്ത്രവിശ്വാസിയായ മനുഷ്യന്റെ മുമ്പിൽ ഇന്നൊരു ചിന്താവിഷയമാണ്. ഗാന്ധിജി ഒരിക്കലിങ്ങിനെ പറയുകയുണ്ടായി, "വിനോബാ, നിങ്ങളുടെ ഭക്തിയും ശ്രദ്ധയും കാണുമ്പോൾ എന്റെ കണ്ണുകൾ നിറയുന്നു. നിങ്ങൾ ഒരു മഹാകാൎയ്യത്തിന്നു ഹേതുഭൂതനായിത്തീരും." ഗാന്ധിജി മറെറാരിക്കൽ പറഞ്ഞു, "വിനോബയെപ്പോലുള്ള ഒരു തപസ്വിയെ ഞാൻ കണ്ടിട്ടില്ല. അദ്ദേഹം സദാസമയം കഠിനസാധനയിൽ നിമഗ്നനായി കാണപ്പെടുന്നു." അദ്ദേഹം പറഞ്ഞതോരോന്നും അക്ഷരംപ്രതി ശരിയാണെന്നു് ഇന്നാണല്ലോ ലോകത്തിന്നു മനസ്സിലാവുന്നതു്. ആചാര്യ വിനോബായുടെ ജീവി

തം കഠിനസാധനയും മനുഷ്യത്വത്തിൻെറ മഹാപ്രസ്ഥാനവുമാണെന്നു അനുഭവം മുഖേന ലോകത്തിന്നു ഇന്നു മനസ്സിലായി.

ആചാര്യ വിനോബ ലോകദൃഷ്ടിയിൽനിന്നും മറഞ്ഞിരിക്കാനാഗ്രഹിക്കുന്ന പ്രകൃതിക്കാരനാണ്. അദ്ദേഹം മറഞ്ഞിരിക്കാനെത്രമാത്രം ആഗ്രഹിച്ചുവോ അത്രയും ലോകദൃഷ്ടിയിൽ മറയാത്ത വ്യക്തിയായിപ്പരിണമിച്ചിരിക്കുന്നു. ആർഭാടങ്ങളിലും കോലാഹലങ്ങളിലും നിന്നെല്ലാമകന്നു, വല്ല ഏകാന്തതയിലുമിരുന്നു, ദുഃഖിതന്മാരെയും ദീനന്മാരെയും ശുശ്രൂഷിച്ചും ഭഗവദ്ധ്യാനം ചെയ്തും കഴിക്കുവാനാണ് വിനോബ ഏററവുമധികം ഇഷ്ടപ്പെടുന്നതു്. പ്രചാരത്തിന്നും പ്രകടനത്തിന്നും പകരം മൌനസേവനമാണു് അദ്ദേഹത്തിന്നിഷ്ടം. ഗാന്ധിജിയുടെ ആശ്രമത്തിന്നു വളരെ അടുത്തു താമസിച്ചിട്ടും കൂടക്കൂടെ ചെന്നു കാണാനോ താനെന്തൊക്കെ ചെയ്യണമെന്നന്വേഷിച്ചു സമയം കളയാനോ അദ്ദേഹം മിനക്കെട്ടിരുന്നില്ല. ഒഴിച്ചുകൂടാത്ത ആവശ്യത്തിന്നു ഗാന്ധിജി വിളിച്ചാൽമാത്രം അദ്ദേഹം അങ്ങട്ടു ചെല്ലും. കോൺഗ്രസ്സിൻെറ വിശേഷസമ്മേളനങ്ങളിൽനിന്നുപോലും കഴിയുന്നതും അദ്ദേഹം ഒഴിഞ്ഞുനിന്നു. തൻെറ പ്രസംഗങ്ങളും ഫോട്ടോവും പത്രങ്ങളിൽ വരുന്നതും കയ്യൊപ്പിന്നു ആളുകൾ തന്നെ സമീപിക്കുന്നതും ഒരുതരം ബുദ്ധിമുട്ടായിട്ടാണദ്ദേഹം കണക്കാക്കുന്നതു്.

വിനോബ സേവാഭാവത്തിൻെറ പ്രകടരൂപമാണെന്നു പറഞ്ഞാൽ തെററില്ല. പ്രവൃത്തിയിലാണദ്ദേഹം ഈശ്വരനെ ദർശിക്കുന്നതു്. ക്ഷുരകപ്രവൃത്തിയും വക്കീൽപണിയും ഒന്നു മറെറാന്നിന്നു് മേലെയൊ താഴെയൊ ആയി അദ്ദേഹം വിശ്വസിക്കുന്നില്ല. ഗീതാപ്രഭാഷണംമുതൽ ശൌചാലയശുചീകരണംവരെ ഒരു പ്രവൃത്തിയും വിനോബാ വ്യത്യസ്തദൃഷ്ടിയിൽ വീക്ഷിക്കുന്നില്ല.

അതുവരക്കും അസംഭാവ്യങ്ങളായ പലതും ഗാന്ധിജി കൈ വെച്ചതോടെ സംഭാവ്യങ്ങളായി മാറിയത് സ്വന്തം കണ്ണുകൾ കൊണ്ടു് നോക്കിക്കണ്ട നമുക്ക്, ആചാര്യ വിനോബാഭാവയെ 1939ലെ വ്യക്തിസത്യാഗ്രഹകാലത്ത് ബാപ്പു പരിചയപ്പെടു ത്തിയെങ്കിലും ഈ അടുത്ത വർഷങ്ങളിൽ മാത്രമേ മനസ്സിലായു ള്ളൂ. രാഷ്ട്രപിതാവിൻെറ വിയോഗത്തെത്തുടന്നു് മൂന്നുനാലു വർഷം ഈ രാജ്യം ഒരുതരം കനത്ത ഇരുളിൽകൂടിയായിരുന്നു തപ്പിത്തടഞ്ഞു സഞ്ചരിച്ചതു്. ഈ ഘട്ടത്തിൽ പെട്ടെന്നു രംഗ ത്തിലെത്തി വിനോബ നമുക്ക് വെളിച്ചം കാണിച്ചു. യുദ്ധഭീ തിയിൽ കിടന്നുപൊരിയുന്ന ലോകം ആശാനിർഭരദൃഷ്ടിയോടെ ഗാന്ധിജിയുടെ ആത്മീയോത്തരാധികാരിയായ വിനോബായേ യാണു് നോക്കുന്നതു്. ഇന്നദ്ദേഹത്തിൻെറ പദയാത്രാസംഘ ത്തിൽ വിദേശികൾ ഏതാണ്ടു പതിവുകാരാണ്. "ഇല്ലാത്തവ ർക്കു ഭൂമി കൊടുക്കുന്ന ദൈവ"മെന്നുവരെ മറുനാടൻ പത്രങ്ങൾ ഇന്നദ്ദേഹത്തെപ്പററി എഴുതുകയാണു". "ഈ നാട്ടിൻപുറങ്ങളി ലൂടെ ഗ്രാമത്തിൽനിന്ന ഗ്രാമത്തിലേക്കായി നീങ്ങി നീങ്ങി മു ന്നോട്ടു പോകുന്നതുകൊണ്ടിലയിൽ എൻെറ കാലുകൾക്കെന്താണു് ഗ തി കിട്ടുക! ഒരിക്കൽ കിട്ടിക്കഴിഞ്ഞാലതു് അഖണ്ഡമായി വള രുകയില്ലെന്നാർക്കു പറയുവാൻ കഴിയും!" 1934ൽ വിനോബ വെളിപ്പെടുത്തിയ ഈ ആശയം ഇന്നാണദ്ദേഹത്തിന്നു പൂർണ്ണ മാക്കാൻ കഴിഞ്ഞതു്.

ഭൂദാഹംകൊണ്ടു് എരിപൊരി കൊള്ളുന്ന ഒന്നുമില്ലാത്ത കർ ഷകർക്കു് ഭൂമികൊടുക്കുകയെന്നതു് ആസന്നമായ അഹിംസാ വിപ്ലവത്തിൻെറ ഒന്നാമത്തെ അടിവെപ്പാണു്. രണ്ടാമതു് സ മ്പത്തിൻെറയും, മൂന്നാമതു് സ്വാതന്ത്ര്യത്തിൻെറയും പൂണ്ണത്യാഗം വരുത്തുന്നതുവരെ ഈ യാത്ര തുടരുമെന്നും താൻ 'വാമന'നാണെ ന്നും പ്രഖ്യാപിച്ചിരിക്കയാണു്.

കൂടത്തന്നെ, വിനയിയും ഭക്തനുമായ അദ്ദേഹം പറയുന്നതു നോക്കുക, "ബാപ്പു ഉണ്ടായിരുന്നെങ്കിൽ ദൂരത്തുള്ള, ഏതെങ്കിലും കുഗ്രാമത്തിൽ കൊഴവും കൈക്കോട്ടുമായി ഭൂമാതാവിനെ പരിചരിച്ചുകഴിയുന്ന പാവപ്പെട്ട കർഷകൻേറയൊ, മനുഷ്യൻെറ മാലിന്യം നീക്കംചെയ്തു ഭൂമിയെ ശുദ്ധീകരിക്കുന്ന തോട്ടിയുടേയൊ കൂടെയാവും നിങ്ങളെന്നെക്കാണുക. അദ്ദേഹത്തിൻെറ അഭാവം എന്നെ ഇങ്ങട്ടു കൊണ്ടുവന്നു." വിനോബയെപ്പററി മഹാദേവദേശായി പറയുകയാണ്, "അദ്ദേഹത്തെപ്പോലെ വികാസശീലമുള്ള ഒരു മനുഷ്യനെ ഇതുവരെ ഞാൻ കണ്ടിട്ടില്ല. ഏതെങ്കിലും ഒരു പുതിയ തത്വം കണ്ടുകിട്ടുന്ന നിമിഷത്തിൽ അദ്ദേഹം അതു് സ്വീകരിക്കുകയും ജീവിതത്തിൽ നടപ്പിൽവരുത്തുകയും ചെയ്യുന്നു."

30ൽപരം വർഷങ്ങരം മഹാത്മാഗാന്ധിജിയുടെ ഒരെളിയ ശിഷ്യനെന്ന നിലയിൽ, കക്കൂസ്സോട്ടും തൊട്ടിയ്‌മേന്തി ഗ്രാമോദ്ധാരണപരമായി നിശ്ശബ്ദം പ്രവത്തിച്ചുവന്ന അദ്ദേഹം, ചൂഷണത്തിലും സ്വാത്ഥത്തിലും അധിഷ്ഠിതമായ മാനവസമൂഹത്തെ ശാശ്വതസമാധാനത്തിലേക്കുള്ള രാജപാത കാട്ടിക്കൊണ്ടു് തൻെറ അഖണ്ഡമായ "ലോകസൂയ"യാത്ര നടത്തുകയാണ്.

## ഒന്ന്

### പൂർവ്വികന്മാർ

രത്നഗിരിജില്ലയിലെ മഹാരാഷ്ട്രബ്രാഹ്മണന്മാർ അഭിജാതന്മാരും മതവിശ്വാസികളുമെന്ന് പ്രസിദ്ധിയാർജ്ജിച്ചവരാണ്. പ്രസ്തുത വിഭാഗത്തിൽ നരസിംഹറാവുഭാവെ പ്രാമാണികനായ വ്യക്തിയായിരുന്നു പല പ്രത്യേകതകളെയും മുൻനിർത്തി ഭരണകർത്താക്കൾ അദ്ദേഹത്തിന്ന 'ഗഗോദാ' ഗ്രാമം സമ്മാനമായി നൽകി. നരസിംഹൻെറ പിന്മുറക്കാരിൽ ശംഭുറാവുഭാവെ വളരെ പ്രശസ്തിയാർജ്ജിച്ചു. വൈരാഗി, സാഹസി, വിപ്ലവകാരി എന്നീ നിലക്കെല്ലാം അദ്ദേഹം പ്രസിദ്ധനായി. തൻെറ കുടുംബക്ഷേത്രമായ കോടേശ്വരമഹാദേവമന്ദിരം ശംഭുറാവുഭാവെ ഹരിജനങ്ങൾക്കായി തുറന്നു കൊടുക്കയും ക്ഷേത്രത്തിൽവെച്ചു അവർക്ക് വമ്പിച്ച സദ്യ നൽകുകയും ചെയ്തു, ഗാന്ധിജിയോ ഹരിജനപ്രസ്ഥാനമോ ലോകദൃഷ്ടിയിൽ എത്തുന്നതിന്ന എത്രയോ മുമ്പ്. മാമൂലിൻെറ വാഴ്ചക്ക് സകലരും, പ്രത്യേകിച്ച് സ്വവർഗ്ഗക്കാരാകെ, തലകുനിച്ചിരുന്ന കാലത്ത് ശംഭുറാവുഭാവെ ചെയ്ത ആ കൃത്യം അദ്ദേഹത്തിൻെറ വിപ്ലവസ്വഭാവ

ത്തിന്നും മനുഷ്യസ്നേഹത്തിന്നും സാഹസികരീതിക്കും മകുടോദാഹരണമായിരുന്നു. തനിക്കു ശരിയെന്നു തോന്നുന്ന കാര്യത്തിൽ അദ്ദേഹം ഒരിക്കലും പ്രതിബന്ധങ്ങളെ വകവെച്ചില്ല. മുസ്ലിംകളെപ്പോലും അദ്ദേഹം ക്ഷേത്രത്തിലേക്കു ക്ഷണിച്ചു. ഉപവാസം, വ്രതങ്ങൾ, സാധുസേവ, സർവ്വോപരി മനുഷ്യസ്നേഹം ഇവയെല്ലാമായാൽ ശംഭുറാവുഭാവെയായെന്നാണ് ജനങ്ങൾ അഭിപ്രായപ്പെട്ടത്. ക്ഷേത്രത്തിൽ മഹാദേവവിഗ്രഹത്തിന്നു മുമ്പിൽ പൂജനടത്തിക്കൊണ്ടിരിക്കെ ഭാവാവേശത്തോടെ അദ്ദേഹം നൃത്തംവെക്കുന്നതും പൊട്ടിച്ചിരിക്കുന്നതും കരയുന്നതുമെല്ലാം സാധാരണസംഭവങ്ങളായിരുന്നു.

### അച്ഛൻ

ശംഭുറാവുഭാവെയുടെ മൂത്തപുത്രനായ നരഹർപന്ത് തേജസ്വിയും ബുദ്ധിമാനും വിദ്വാനുമായിരുന്നു. അദ്ദേഹം മെട്രിക്ക്‌വരെ പഠിക്കാൻ കുറെയേറെ ബുദ്ധിമുട്ടി. ഇംഗ്ലീഷു വിദ്യാഭ്യാസം ആർഷസംസ്കാരത്തിന്നു ഹാനികരമാണെന്ന അച്ഛൻെറ അഭിപ്രായം തിരസ്കരിക്കാനദ്ദേഹം ഒരുക്കമായിരുന്നില്ല. മെട്രിക്കിനിരുന്നശേഷം പഠിപ്പവസാനിപ്പിച്ച് അദ്ദേഹം കുറച്ചുകാലം ഗവർമ്മേണ്ടുദ്യോഗം വഹിച്ചു. ഗോപാൽറാവ്, ഗോവിന്ദറാവ് എന്നിങ്ങിനെ രണ്ടു സഹോദരന്മാരാണ് നരഹർപന്തിന്നുണ്ടായിരുന്നത്.

### അമ്മ

സാംഗലിയിലെ ഗോഡ്ബോലെകുടുംബത്തിലെ സ്നേഹമയിയായ രഘുമായിദേവി ശാന്തശീലയും ഭക്തയു മായിരുന്നു. ആഭരണമണിയുക അവർക്കിഷ്ടമായിരുന്നി ല്ല. 'അലങ്കാരങ്ങളും വസ്ത്രാഡംബരങ്ങളുംകൊണ്ടു് ആ ക്കും യോഗ്യത നേടാൻ കഴിയുകയില്ല. സൽക്കർമ്മങ്ങളും സൽഗുണങ്ങളും മാത്രമേ മനുഷ്യനെ നന്നാക്കുകയുള്ളൂ' രഘുമായി പറയാറുള്ളതിങ്ങിനെയായിരുന്നു. ക്ഷേത്ര ത്തിലെ ഉത്സവങ്ങൾ, അതിഥിസൽക്കാരം, ഭജനം, കീ ർത്തനം-അവരുടെ ഏററവും പ്രിയപ്പെട്ട കാര്യങ്ങൾ ഇ തൊക്കെയാണു്. മറാട്ടിഭക്തന്മാരുടെ അനേകം കീർ ത്തനങ്ങൾ അവക്കു ഹൃദിസ്ഥമാണു്. സൂര്യോദയത്തിന്നു വളരെ മുമ്പ് ഉണർന്നെഴുന്നേററു് കീർത്തനമാലാപിക്കയും ക്ഷേത്രത്തിൽചെന്നു ദേവദർശനം നടത്തുകയും അവരുടെ ദിനകൃത്യങ്ങളിൽ എന്നും മുടങ്ങാത്തവയാണു്. കീർത്തന ത്തിൽ മുഴുകിക്കൊണ്ടാണു് അവർ ദിനകൃത്യങ്ങളോരോ ന്നും നടത്തുക. ഭക്ഷണം പാകം ചെയ്യുമ്പോൾ ഉപ്പു ചേക്കാൻ മറക്കുക, ചിലപ്പോൾ രണ്ടു പ്രാവശ്യം ഉപ്പു ചേത്തുപോകുക-ഭജനകീർത്തനങ്ങൾക്കിടയിൽ അവക്കി തെല്ലാം പലപ്പോഴും സംഭവിച്ചു.

### ജനനം

രഘുമായിദേവിയുടേയും നരഹർപന്ത്റാവിൻേറ യും ഓമനപ്പുത്രനായി 1895സപ്തെമ്പർ 11-ാംനു- ഗഗോ

ഗാഗ്രാമത്തിൽ വിനോബ ഭൂജാതനായി. വിനോബയുടെ ശൈശവം ആ ഗ്രാമത്തിൽത്തന്നെയാണു് കഴിഞ്ഞതു്. മാതൃമാതാവിന്നു് വിനോബയെ അതിരററ വാത്സല്യമായിരുന്നു. ശരീരസുഖമില്ലെങ്കിലും വളരെ തമാശകളും ഫലിതവും അവക്കു സ്വയ:സിദ്ധമായതുകൊണ്ടു് അവരുടെ ലാളനയിൽ വിനോബ കളിച്ചും ചിരിച്ചും വളന്നു. ഈശ്വരഭജനത്തിലും പ്രാത്ഥനയിലും തല്പരയായ അവരുടേയും രഖുമായിയുടേയും സാഹചയ്യത്തോടാണു് തനിക്കു് സിദ്ധിച്ച ദൈവവിശ്വാസത്തിന്നു് വിനോബ വളരെയധികം കടപ്പെട്ടിട്ടുള്ളതു്.

വിനോബയുടെ കുടുംബക്കാർ കൃഷിപ്രവൃത്തിയിൽ തല്പരരായിരുന്നു. പിതാമഹൻെറകൂടെ വയലിൽ പോകാനും പ്രകൃതിസൌന്ദയ്യവും പരിശ്രമവുമായി പരിചയപ്പെടാനും നടക്കാൻ പഠിച്ച കാലത്തുതന്നെ വിനോബയ്ക്കു് സാധിച്ചു. അന്നു തന്നത്താൻ ഇറങ്ങി എങ്ങോട്ടെങ്കിലും കുറേ ദൂരംവരെ നടന്നുവരിക അദ്ദേഹത്തിൻെറ സ്വഭാവമാണു്. ആ യാത്ര അനിശ്ചിതമായി തുടന്നു പോകും, ചിലപ്പോൾ വയലിലേക്ക്, ചിലപ്പോൾ കുന്നിൻപുറത്തേക്ക്. കാടണിഞ്ഞ കുന്നും പച്ചപിടിച്ച വയലും തുറന്നിട്ട ആകാശവും അദ്ദേഹം വളരെ വളരെ നേരം കണ്ണുപറിക്കാതെ നോക്കിനില്ക്കും. വിനോബ ഒരിക്കൽ ഇങ്ങിനെ എഴുതുകയുണ്ടായി:– "ഈ തുറന്നിട്ട അനന്തമായ ആകാശം നോക്കിയാലൊന്നും മതിയാവുന്നില്ല.

ആകാശത്തിലെ എണ്ണമററ നക്ഷത്രങ്ങളെക്കാണുമ്പോഠം ഹൃദയം കുളിർക്കുന്നു. ഇതെല്ലാം എത്ര ഭംഗിയായിരിക്കുന്നു"!

വിനോബയുടെ വീട്ടിൽ അന്ധനായ ഒരു കാരണവരുണ്ടായിരുന്നു. അദ്ദേഹം മരിച്ചപ്പോഠം ആ കുടുംബമാകെ ദുഃഖനിമഗ്നമായി. ശവസംസ്കാരത്തിന്നുശേഷമുള്ള തിലോദകാർപ്പണത്തിൽ തൻെറ മാതാവോ വീട്ടുകാരിലാരെങ്കിലുമോ ഏർപ്പെടാത്തതു് കണ്ടു് വിനോബ തൻെറ മാതാവോടു് അതിനെന്താണു് കാരണമെന്നന്വേഷിച്ചു. അമ്മയുടെ മറുപടി ഇതായിരുന്നു, "മരിച്ച വ്യക്തി നമ്മുടെ കുടുംബത്തിലേയല്ല. ആരും ആശ്രയമില്ലാതെ ഉഴലുകയായിരുന്ന അദ്ദേഹത്തെ നമ്മുടെ കൂട്ടത്തിലുംപ്പെടുത്തിയതാണു്". അതുവരെക്കും ഒരിതരനാണെന്നു ആ കുടുംബത്തിലാക്കും തോന്നാത്ത നിലയിൽ ആ അനാഥനെ രക്ഷിച്ച തൻെറ കുടുംബത്തിൽ നടന്ന ഈ കഥ വിനോബയുടെ സമദർശിതയെ വളരെയധികം സ്വാധീനിച്ച വിഷയമാണു്.

ഭക്തിമയമായ കീർത്തനങ്ങളും കഥകളും അമ്മ സമയമുള്ളപ്പോഴെല്ലാം വിനോബക്കു് പറഞ്ഞുകൊടുക്കുക പതിവാണു്. അടുക്കളപ്പണിയിലും മററുമെല്ലാം അമ്മയെ സഹായിക്കുന്നതും കഥയും പാട്ടും പഠിക്കുന്നതും ബാലനായ വിനോബയ്ക്കു് അത്യന്തം ഇഷ്ടപ്പെട്ട കാര്യങ്ങളാണു്. രഘുമായിദേവി അയൽപക്കത്തുള്ള വീടുകളിലെ വിഷ

മസ്ഥിതികളന്വേഷിച്ചറിയുന്നതിലും നിസ്സഹായരെ സഹായിക്കുന്നതിലും ബദ്ധശ്രദ്ധയാണ്. കാലത്തുതന്നെ സ്വന്തം വീട്ടിലെ പ്രവൃത്തികളെല്ലാമൊരുക്കി അരിയുമെടുത്തു് വെക്കാനില്ലാത്ത വീടുകളിലും രോഗഗ്രസ്തരായവരുടെ അടുത്തും പോയി ആഹാരമുണ്ടാക്കി അവക്ക് കൊടുത്തുവരിക അവരുടെ പതിവാണ്. ഒരു ദിവസം വിനോബ അമ്മയോടിങ്ങിനെ പറഞ്ഞു:- "രോഗികൾക്കും ഇല്ലാത്തവക്കെല്ലാം ആഹാരമുണ്ടാക്കിക്കൊടുക്കുകയെന്ന നല്ലകാര്യം അമ്മ വളരെ പ്രധാനമായിട്ടാണല്ലോ കരുതുന്നതു്. ഈ നല്ലകാര്യം ശരിതന്നെ. പക്ഷെ വീട്ടിൽ ഒരുക്കേണ്ടതെല്ലാമൊരുക്കി സ്വാത്ഥമെല്ലാം സംരക്ഷിച്ച ശേഷമാണ് അന്യരുടെ നേക്ക് ദയ പ്രകടിപ്പിക്കുന്നതു്."

അമ്മ വിനോബക്ക് കൊടുത്ത മറുപടി ഇതാണ്:- "വിനയാ, നിനക്കറിയില്ല. ഇവിടെ ആഹാരമുണ്ടാക്കുന്ന ജോലി ആദ്യമാണ് ഞാൻ കഴിക്കുന്നതു്, ശരിതന്നെ. ഇവിടെയുള്ളവക്ക് കുറച്ചു തണുത്ത ആഹാരം കഴിക്കുന്നതുകൊണ്ടു ദോഷമൊന്നും വരാനില്ല. രോഗികളുടേയും ക്രമത്തിൽ ആഹാരം കഴിക്കാനില്ലാത്തവരുടേയും കഥ അതല്ല. അവർക്ക് കൊടുക്കുന്നതു് ചൂടുള്ളതായിരിക്കണം. അല്ലെങ്കിലവക്കതു് ഉപദ്രവം ചെയ്യും." അമ്മയുടെ മറുപടി ആ ബാലനിൽ ഉറങ്ങിക്കിടക്കുന്ന ത്യാഗഭാവത്തെ അങ്ങിനെ മേല്ക്കുമേൽ ഉദ്ദീപിപ്പിച്ചു.

## സഹോദരന്മാർ

വിനോബയ്ക്കു് മൂന്നു സഹോദരന്മാരും ഒരു സഹോദരിയുമാണുണ്ടായിരുന്നതു്—ബാലകൃഷ്ണഭാവെ, ശിവജീഭാവെ, ദത്താത്രേയഭാവെ, ശാന്താദേവി. ഇവരിൽ ഏററവും ഇളയ സഹോദരനായ ദത്താത്രേയൻ ചെറുപ്പത്തിൽത്തന്നെ മരിച്ചുപോയി. ബാലകൃഷ്ണഭാവെ 1919ൽ കോളേജ്‌വിട്ടു ഗാന്ധിജിയുടെ ആശ്രമത്തിൽ വന്നുചേൎന്നു ദേശസേവനത്തിലേൎപ്പെട്ടു. അദ്ദേഹത്തെ ഓമനയായി "ബാൽക്കോബാ" എന്നാണു് ബാപ്പു വിളിച്ചുവന്നതു്. "ബാൽക്കോബാ" ഇന്നു വാൎദ്ധയിലെ ഉരളീകാഞ്ചനിൽ ഗാന്ധിജി സ്ഥാപിച്ച പ്രകൃതിചികിത്സാകേന്ദ്രത്തിന്റെ മേൽനോട്ടം വഹിക്കുകയാണു്. രണ്ടാമത്തെ സഹോദരൻ ശിവജിഭാവെ 1921ൽ കോളേജ് പഠിപ്പുപേക്ഷിച്ചു ഗാന്ധിജിയുടെ ശിഷ്യത്വം വരിച്ചു പ്രവൎത്തനരംഗത്തിലിറങ്ങി. അദ്ദേഹമിന്നു ബോംബേക്കടുത്തു് ഗാന്ധിജി ഏൎപ്പെടുത്തിയ ഗീതാമന്ദിരത്തിന്റെ നേതൃത്വമേറെറടുത്തു് ഗീതാതത്വപ്രചരണം നടത്തിവരുന്നു. അവർ രണ്ടുപേരും വിനോബയെപ്പോലെ അഖണ്ഡബ്രഹ്മചര്യം സ്വീകരിച്ചവരാണു്.

വിനോബ എന്നതു ആചാര്യജിയുടെ മുഴുവൻ പേരല്ല; അദ്ദേഹത്തിന്റെ പേർ വിനായകനെന്നാണു്. അമ്മ അദ്ദേഹത്തെ 'വിന്യാ' എന്നാണ് വിളിക്കാറു്. ഗാന്ധിജി സ്നേഹപൂൎവ്വം അദ്ദേഹത്തെ വിനോബ എന്നു

സംബോധനചെയ്തു; വിനായകൻ വിനോബയായി. അങ്ങിനെ, ഗാന്ധിജിയാണു് 'വിനോബ'യെ സൃഷ്ടിച്ചതു്.

**വിദ്യാത്ഥി**

1901ൽ ആറാംവയസ്സിൽ ഗഗോദാഗ്രാമത്തിൽ വിനോബയെ രക്ഷിതാക്കൾ എഴുത്തിന്നിരുത്തി. ആദ്യം തന്നെ കുലസമ്പ്രദായപ്രകാരം അദ്ദേഹം മതപഠനത്തിൽ പ്രവേശിച്ചു. ഓത്തുശാലയിൽനിന്നു വേദപഠനവും വീട്ടിൽനിന്നു അമ്മയുടേയും മുത്തശ്ശിയുടേയും ധാമ്മികകഥകളും മനസ്സിലാക്കിയതിന്നു പുറമെ, മറാട്ടിഭാഷയും അദ്ദേഹം ആ കാലത്തു അഭ്യസിച്ചു. ഒമ്പതാം വയസ്സിൽ പ്രാഥമികവിദ്യാലയത്തിൽ ചേൻ, വിനോബ സ്കൂൾ വിദ്യാഭ്യാസമാരംഭിച്ചു. മൂന്നാംതരത്തിലാണദ്ദേഹം ആദ്യംതന്നെ ചേന്നതു്. പഠനവിഷയത്തിൽ ആദ്യം മുതല്ക്കുതന്നെ അദ്ദേഹം സമത്ഥനായിരുന്നു. ആ കുട്ടിയുടെ ധാരണാശക്തി അന്നുതന്നെ അദ്ധ്യാപകന്മാരുടെ പ്രശംസയ്ക്കു വിഷയമായി. ആറാംതരത്തിലദ്ദേഹം ഒന്നാമനായി പാസ്സായി. തുടൎന്നു പഠിച്ചു്, 1914ൽ വിനോബ മെട്രിക്കു് പാസ്സാവുകയും കോളേജിൽ ചേരുകയും ചെയ്തു. പഠനത്തിലെന്നപോലെ കളിയിലും വിനോബ കൂട്ടുകാരിൽ മുമ്പനായിരുന്നു.

**ചായകുടി നിത്താത്ത ചങ്ങാതി**

വിനോബ ചായ, സിഗരററു മുതലായവയ്യെല്ലാം ആദ്യംതന്നെ എതിരായിരുന്നു. അദ്ദേഹത്തിന്നു ചായ

കുടിഭ്രാന്തനായ ഒരു ചങ്ങാതിയുണ്ട്. അയാളെ ചായ കുടിയിൽനിന്നു വിരമിപ്പിക്കാൻ എത്ര ഉപദേശിച്ചിട്ടും സാധിക്കാതെ വന്നപ്പോൾ വിനോബ ഭയങ്കരമായ ഒരു സൂത്രമാണ് പ്രയോഗിച്ചത്. ചങ്ങാതി കക്കൂസിൽ പോയപ്പോൾ പുറത്തുനിന്നു വാതിൽ പൂട്ടി. അവസാനം, ചായ കുടിക്കില്ലെന്നു പ്രതിജ്ഞ ചെയ്തിട്ടേ അയാൾക്കു പുറത്തുവരാൻ തരപ്പെട്ടുള്ളൂ. സ്നേഹിതന്മാരുടെ കൂട്ടത്തിൽ വിനോബയുടെ തീർപ്പ് എപ്പോഴും ഒടുവിലത്തേതായതുകൊണ്ട് അദ്ദേഹം വിധിക്കുന്ന ശിക്ഷ അനുഭവിക്കുയേ മറ്റുള്ളവർക്ക് നിവ്വാഹമുണ്ടായിരുന്നുള്ളൂ.

വിനോബ എല്ലാ ദിവസവും അഞ്ചും പത്തും നാഴിക നാട്ടിൻപുറങ്ങളിലൂടെയോ കുന്നിലൂടെയോ കാൽനടയായി സഞ്ചരിക്കുക പതിവാണ്. ചില സുഹൃത്തുക്കളുടെ അഭിപ്രായമനുസരിച്ചു ഒരു പ്രാവശ്യം അദ്ദേഹം സിനിമ കാണാൻ പോയി. സിനിമയുടെ സമ്പ്രദായങ്ങളും അതിലെ ശൃംഗാരക്കുഴച്ചിലുകളും മററും അദ്ദേഹത്തിന്നു തീരെ പിടിച്ചില്ല. മററുള്ളവർ സിനിമ കണ്ടു; അദ്ദേഹം തൻെറ സീററിലിരുന്നു കളി കഴിയുന്നതുവരെ സുഖമായുറങ്ങി. "അനന്തമായ ഈ പ്രകൃതിയുടെ ശോഭയും തുറന്നുകിടക്കുന്ന ആകാശവുമുള്ളപ്പോൾ ഈ സിനിമക്കുവേണ്ടി ആളുകൾ മിനക്കെടുന്നതെന്തിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല." സിനിമയെപ്പററി ചോദിച്ചപ്പോൾ അദ്ദേഹമങ്ങിനെയാണ് പറഞ്ഞതു്.

## അഭിമാനിയായ യുവാവ്

വിനോബയുടെ വീട്ട് ആ കാലത്ത് രാഷ്ട്രീയകാര്യങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടു. രാഷ്ട്രീയപത്രങ്ങൾ, മാസികകൾ, ചർച്ചകൾ എന്നിവയെല്ലാം ആ വീട്ടിൽ ശബ്ദമുണ്ടാക്കി. ദസ്സഹിതന്മാരും വിനോബയും വലിയ വലിയ ചർച്ചകളും വാദപ്രതിവാദങ്ങളും നടത്തി. ഇടക്കിടെ അദ്ദേഹം വലിയ നേതാക്കന്മാരുമായും ബന്ധപ്പെട്ടു. ആയിടയിൽ ഒരു സംഭവം നടന്നു. അന്ന് വിനോബ കുതിരപ്പുറത്തു കയറി അകലേയുള്ള തങ്ങളുടെ കൃഷി നോക്കുവാൻ വയലിലേക്കു പോയി. ആ വയലിൽ ഒരു ഭാഗത്ത് ഒരിംഗ്ലീഷുകാരനായ ആഫീസർ തമ്പടിച്ചിരിക്കുന്നു. ഉടനെ വിനോബ അവിടെ കണ്ട സായിപ്പിൻെറ ഭൃത്യനെ വിളിച്ചു, അതവിടെനിന്ന് പൊളിച്ചുമാററാനാവശ്യപ്പെടുകയും "ഇന്ന പൊളിച്ചുനീക്കിയില്ലെങ്കിൽ അടുത്തദിവസം തനിക്ക് ചിലതു് പ്രവർത്തിക്കേണ്ടിവരു" മെന്നു മുന്നറിയിപ്പുകൊടുക്കുകയും ചെയ്തുകൊണ്ടാണ് അദ്ദേഹംമടങ്ങിയതു്. പിറേറന്നു ചെന്നപ്പോഴേക്കും സായിപ്പിൻെറ കൂടാരം യാതൊരു മാററവുമില്ലാതെ തൻെറ വയലിൽ കണ്ടതോടെ അദ്ദേഹത്തിൻെറ ഭാവംമാറി. നേരേചെന്ന് അതവിടെനിന്നു ദൂരെ പറിച്ചെറിഞ്ഞിട്ടേ അദ്ദേഹം അവിടം വിട്ടുള്ളൂ. ആ ഉദ്യോഗസ്ഥൻ അധികൃതന്മാരോട്ട് ആക്ഷേപം ബോധിപ്പിച്ചുവെങ്കിലും ഗുണമൊന്നും കിട്ടിയില്ല. വിനോബയും സുഹൃത്തുക്കളും ഈ

സംഭവത്തിന്നുശേഷം നിർഭയരും ദേശാഭിമാനികളുമാണെന്ന് ആ ഗ്രാമത്തിൽ പേരെടുത്തു്.

**അഖണ്ഡബ്രഹ്മചാരി**

കുലമര്യാദയനുസരിച്ചു 12-ാം വയസ്സിൽ ഒരു മച്ചുനനോടൊപ്പം വിനോബ ബ്രഹ്മചര്യദീക്ഷയെടുത്തു. രണ്ടു പേരും ആ പ്രതിജ്ഞ ജീവിതാവസാനംവരെ പാലിക്കണമെന്ന് പരസ്പരം തീർച്ചപ്പെടുത്തി. പിന്നീടാണദ്ദേഹം സ്വാമി രാമദാസിൻെറ "ദാസബോധ്" എന്ന ഗ്രന്ഥം വായിക്കാനിടയായതു്. പ്രസ്തുത മഹൽഗ്രന്ഥം വിനോബയുടെ ജീവിതത്തിൽ വലിയ കോളിളക്കം സൃഷ്ടിച്ചു. 'ദാസബോധി'ലൂടെ ജീവിതരഹസ്യത്തിൻെറ അഗാധതലംവരെ അദ്ദേഹത്തിന്നു ഇറങ്ങിച്ചെല്ലാൻ കഴിഞ്ഞു. ക്രമത്തിൽ, വിനോബയോടൊപ്പം പ്രതിജ്ഞയെടുത്ത സ്വഹൃത്തു് ബ്രഹ്മചര്യത്തിൽനിന്നു പിന്മാറുകയും വിനോബയോടു് പരാജിതനായി താനെന്നറിയിക്കയും ചെയ്തു. ബന്ധുക്കളും മാതാവുമെല്ലാം ആ കാലത്തു് വിവാഹിതനാവാൻ പ്രേരിപ്പിച്ചുനോക്കിയെങ്കിലും വിനോബ നിഷേധിക്കയാണ്ചെയ്തതു്. അനുദിനം വർദ്ധിച്ചുവരുന്ന യുവത്വത്തിൻെറ കഴിവുകൾ മുഖേന ആ ഉഗ്രവ്രതൻ തൻെറ ബ്രഹ്മചര്യപ്രതിജ്ഞയെ സുദൃഢവും സുസ്ഥിരവുമാക്കി. ആ പ്രതിജ്ഞയെത്തുടർന്നു പാറപ്പുറത്തോ വെറും നിലത്തോ കിടന്നുറങ്ങുക, ചെരിപ്പില്ലാതെ സഞ്ചരിക്കുക, മുളക്മസാല മുതലായവ വർജ്ജിക്കുക എന്നിങ്ങിനെ

പലതും ജീവിതത്തിലദ്ദേഹം നടപ്പിൽവരുത്തി. ഓരോ ദിവസവും കൂടുതൽക്കൂടുതൽ ഉന്നതമായ ചിന്തകളിലേക്കദ്ദേഹം കടന്നുചെന്നു.

## വിജ്ഞാനദാഹം

നല്ല നല്ല പുസ്തകങ്ങൾ വായിക്കുക വിനോബയുടെ പ്രിയപ്പെട്ട കാര്യമായിരുന്നു. "ദാസബോധ്" അദ്ദേഹം പല ആവൎത്തി വായിച്ചു. ദേശഭക്ത മേജിനിയുടെ ജീവചരിത്രം, ലോകമാന്യന്റെ ഗീതാരഹസ്യം എന്നിവ അദ്ദേഹം പലവുരു വായിച്ചു. ഗീതാരഹസ്യം മൂന്നു ദിവസംകൊണ്ടാണദ്ദേഹം പഠിച്ചുതീൎത്തതു്. ജ്ഞാനേശ്വരിയും ശാങ്കരഭാഷ്യവും ജിജ്ഞാസാപൂൎവ്വം വിനോബ വായിച്ചു. അന്നദ്ദേഹം വിദ്യാൎത്ഥികളുടെ ഉന്നമനത്തെ മുൻനിൎത്തി "വിദ്യാൎത്ഥിമണ്ഡല"മെന്ന പേരിൽ ഒരു സംഘമുണ്ടാക്കി. അതിന്റെ ആഭിമുഖ്യത്തിൽ ആഴ്ചതോറും പ്രസംഗങ്ങളും പ്രസംഗത്തെത്തുടൎന്നുള്ള ചൎച്ചകളും നടത്തിവന്നു. കൂടാതെ ശിവജിജയന്തി, ദാസനവമി, ഗണേശോത്സവം മുതലായി പല ദേശീയോത്സവങ്ങളും വിദ്യാൎത്ഥിമണ്ഡലം ആഘോഷിച്ചു. അവർ ഒരു പുസ്തകാലയം തുറക്കുകയും ഏററവും നല്ല 1600 പുസ്തകങ്ങൾ ശേഖരിക്കുകയും ചെയ്തു. വായനയുടെ ദാഹം തീരാത്ത വ്യക്തിയായ വിനോബ ആയിരക്കണക്കിൽ പുസ്തകങ്ങൾ വായിച്ചുതള്ളി. വിദ്യാൎത്ഥിമണ്ഡലംലൈബ്രറി, കോളേജ് ഗ്രന്ഥാലയം, ബഡോദാ സെട്രൽ ലൈബ്രറി എന്നിവ

യിലെ മുഴവൻ പുസ്തകങ്ങളും വിനോബ വായിച്ചു. ഈ നിരന്തരമായ വായന അദ്ദേഹത്തിന്റെ കണ്ണുകളെ ക്ഷീണിപ്പിച്ചുകളഞ്ഞുവെങ്കിലും അതിൽനിന്നദ്ദേഹം ഒരിക്കലും പിന്മാറിയില്ല.

★

## രണ്ട്

### വിദ്യാലയത്തിൽനിന്ന വിശപത്തിലേക്ക്

1914ൽ വിനോബ കോളേജിൽ ഇൻടറിന്ന വായിക്കയായിരുന്നു. ഒന്നാം ലോകമഹായുദ്ധം നടക്കുകയായിരുന്ന ആ സന്ദർഭമുപയോഗപ്പെടുത്തിക്കൊണ്ടു ദേശാഭിമാനികളായ യുവാക്കൾ ഭാരതത്തിലാകമാനം സ്വാതന്ത്ര്യവാഞ്ഛയുടെ തീപ്പന്തം കൊളുത്തി. സകലദിക്കിലും വിപ്ലവകാരികൾ സഞ്ചരിച്ചു. പഞ്ചാബിൽ, മഹാരാഷ്ട്രത്തിൽ, ബങ്കാളിൽ, ഉത്തർപ്രദേശിൽ—സർവ്വത്ര വിപ്ലവസംഘങ്ങൾ അനുദിനമെന്നോണം പൊന്തിവന്നു. അഭിമാനികളായ യുവാക്കളെല്ലാം വിപ്ലവകക്ഷിയിലുൾപ്പെടാൻ തുടങ്ങി. വിപ്ലവകാരികളിൽ ഒരാൾ ശത്രുക്കളാൽ വധിക്കപ്പെടാനിടവന്നാൽ നിശ്ചിതദിവസം നിശ്ചിത

മണിക്കൂർവെച്ചു ഗവമ്മെണ്ടിലെ പ്രധാനികളുടെ ശിരസ്സ് പകരമായി തെറിച്ചു. അട്ടിമറി യുവാക്കളുടെ കത്തവ്യമായി മാറി.

യുവാവും ദേശാഭിമാനിയുമായ വിനോബയുടെ ഹൃദയം കിടന്നു വീപ്പുമുട്ടുകയാണ്. നാട്ടിൻെറ അടിമത്തം നീക്കുകമാത്രം അദ്ദേഹത്തിന്നു ലക്ഷ്യമായിരുന്നില്ല. അദ്ദേഹത്തിന്നു ആത്മീയമായ വെളിച്ചത്തിലേക്ക് തൻെറ നാട്ട് ഉയരുകക്കൂടി വേണം ഇതിൽ ഒരു കാൎയ്യത്തിന്നെങ്കിലും ഉപയുക്തമായ രംഗത്തിലല്ല താനുള്ളത്. ഇംഗ്ലീഷു വിദ്യാഭ്യാസമൊ ധനാജ്ജനമൊ ഉദ്യോഗലാഭമൊ ഒന്നുംതന്നെ തൻെറ മുമ്പിലുള്ള മഹാകാൎയ്യത്തിന്നു ചേന്നവയല്ല. അദ്ദേഹത്തിൻെറ ചിന്തയിൽ മഹാരാഷ്ട്ര യോദ്ധാക്കളുടെ സ്മരണ ഒന്നൊന്നായുണന്നു.

**പാശമറുക്കൽ**

സിംഹഘട്ട് അദ്ദേഹത്തിൻെറ മുമ്പിൽ പ്രത്യക്ഷമായി:- 'ശിവജിയുടെ സേന കയറിന്മേൽ തൂങ്ങി മതിൽ കയറുന്നു; കോട്ടക്കുള്ളിൽ ശത്രുക്കളെമാതേയറവുമുട്ടുന്നു. ആ ഭയങ്കരയുദ്ധത്തിൽ പടനായകനായ താനാജി സംഖ്യകൊണ്ടു് വളരെയധികമുള്ള എതിരാളികളുടെ വാളിന്നിരയാവുന്നു. ആ വീരസേന പരാജയം സമ്മതിച്ചു ഓട്ടം പിടിക്കാൻ ശ്രമിക്കയാണ്. സൂൎയ്യാജിയാണ് താനാജിക്ക് പകരം സേനയെ നയിക്കുന്നതു്. തോൽവി വന്ന് കാൽ

നക്കുന്നപോലെ തോന്നിത്തുടങ്ങി. പെട്ടെന്നദ്ദേഹം ഉപായം കണ്ടു. കയറിൻെറ സഹായംകൊണ്ടാണ് കോട്ടയെ ഉല്ലംഘിക്കാൻ കഴിഞ്ഞതു്-അതെ, കയറുതന്നെ. അദ്ദേഹം ഓടിച്ചെന്നു കയർ വെട്ടിമുറിച്ചു. ഭടന്മാൎക്കു് കയർ പിടിച്ചിറങ്ങാനുള്ള കഴിവില്ലാതായി. സമരം മുറുകി. കോട്ട പിടിക്കാനും വിജയം പ്രഖ്യാപിക്കാനുംസാധിച്ചു. അതെ, കയർ ഖണ്ഡിക്കുക--വിനോബ തീരുമാനിച്ചു.

അമ്മ അടുക്കളയിൽ റൊട്ടിയുണ്ടാക്കുകയായിരുന്നു. വിനോബ അമ്മയുടെ അടുത്തുചെന്നിരുന്നു ഒരു കടലാസ്സുചുരുൾ കത്തിജ്വലിക്കുന്ന അടുപ്പിലേക്കിട്ടു.

"വിനയാ, നീ എന്താണു് കത്തിക്കുന്നതു്?"

"സർട്ടിഫിക്കറ്റുകൾ"

"എന്തു സർട്ടിഫിക്കറ്റ്?"

"സ്കൂൾപ്പഠിപ്പിൻെറ."

"സംഗതി?"

"ആവശ്യമില്ല;പിന്നെ ഇതുസൂക്ഷിച്ചിട്ടെന്തുവേണം?"

"വല്ലപ്പോഴും ആവശ്യം വന്നാലൊ?"

"ഉദ്യോഗത്തിന്നല്ലേ? എനിക്കതുവേണ്ട. ഇതു കളഞ്ഞില്ലെങ്കിൽ സന്ദർഭംനോക്കി ഉദ്യോഗം വന്നു എന്നെ കീഴ്പ്പെടുത്തിക്കളഞ്ഞാലൊ? ദേശസേവനം തടസ്ഥപ്പെടുത്താൻ സ്കൂൾസർട്ടിഫിക്കറ്റിന്നു കഴിയുന്ന ചില സന്ദർഭങ്ങളുണ്ടു്. ഇതു നശിച്ചാലേ രക്ഷയുള്ളൂ."

"ഇതു് നിൻെറ പഠിപ്പിൻെറ രേഖയല്ലേ?"

"പഠിച്ചതൊന്നും ഈ കടലാസ്സ് തുണ്ടുകൾ കത്തിപ്പോകുന്നതുകൊണ്ടു് നശിക്കില്ല. എൻെറ മനസ്സിലതു സുരക്ഷിതമാണു്."

അമ്മക്കു് കാര്യം മനസ്സിലായി-വിനോബ കയററുത്തു-

**ബോമ്പെക്കു് വണ്ടികയറി, ബങ്കാളിലെത്തി.**

അവസാനപരീക്ഷക്കിരിക്കണം. പരീക്ഷ ബോമ്പെയിലാണു്. വിനോബ മററു വിദ്യാത്ഥികളോടൊപ്പം ബോമ്പെക്കു് പുറപ്പെട്ടു. വണ്ടി സൂറത്ത് റെയിൽവെസ്റ്റേഷനിൽ നിന്നു. വണ്ടി നിന്നപ്പോൾ വിനോബ ഇറങ്ങുന്നതുകണ്ടു എല്ലാവരും അത്ഭുതപ്പെട്ടു. എങ്ങോട്ടുപോകുന്നതും പരീക്ഷ കഴിഞ്ഞിട്ടാണു് നല്ലതെന്നു അവരെല്ലാം പറഞ്ഞുനോക്കി. വിനോബ പരീക്ഷ കഴിച്ചിരിക്കയായിരുന്നു. കയററുത്തിട്ടായിരുന്നു ആ വീടു് വിട്ടതു്. അടുത്ത വണ്ടിയിലദ്ദേഹം ബങ്കാളിലേക്കു പോയി. അവിടെ അങ്ങുമിങ്ങുമായി കുറച്ചു ചുററിത്തിരിഞ്ഞശേഷം വിപ്ലവകക്ഷിക്കാരുമായി കുറെയെല്ലാം ബന്ധപ്പെട്ടു. പക്ഷെ അവരുടെ നീതിരീതികൾ അദ്ദേഹത്തിന്നു പററിയില്ല. വിനോബ കാശിയിലേക്കുപോയി. അവിടെവെച്ചു സംസ്കൃതപഠനം, മതഗ്രന്ഥപാരായണം, അദ്ധ്യാത്മികസാധന എന്നിങ്ങിനെ വിവിധങ്ങളായ ആത്മാന്വേഷണവൃത്തി സ്വീകരിച്ചുകൊണ്ടദ്ദേഹം ദിവസങ്ങൾ നയിച്ചു.

എല്ലാ ദിവസവും ഗംഗാതീരത്തിലെത്തി തീത്ഥസ്നാനംചെയ്യുക, പതിതപാവനിയായ ഗംഗയുടെ മദ്ധ്യനാ

ഘാരിത നോക്കിദനോക്കി ലയിക്കുക, ഗംഗയെപ്പററി ഒന്നു രണ്ടു കവിതകഠം രചിച്ച് അതു് ഗംഗയെ ചൊല്ലിക്കേംപ്പിച്ചശേഷം ഗംഗയിൽതന്നെ സമർപ്പിക്കുക-ഇതദ്ദേഹം മുടങ്ങാതെ ചെയ്യുവന്നു.

## ഗാന്ധിജിയുടെ അടുക്കലേക്കു്

1917ൽ പണ്ഡിതമദനമോഹനമാളവ്യ രാജ്യവ്യാപകമായ പ്രവത്തനംകൊണ്ടു് കാശി വിശ്വവിദ്യാലയത്തിൻെറ പ്രവൃത്തി പൂൎണ്ണമാക്കി. ഉൽഘാടനസംരംഭം അതിഗംഭീരനിലയിൽ നടന്നു. പണ്ഡിതന്മാർ, രാജാക്കന്മാർ, മഹാരാജാക്കന്മാർ, നേതാക്കന്മാർ, ഉദ്യോഗസ്ഥമേധാവികഠം എന്നിങ്ങിനെ എല്ലാവക്കും പുറമെ, ഉൽഘാടനമഹോത്സവത്തിന്നു് ഇന്ത്യാ വൈസ്രോയിയെക്കൂടി മാളവ്യജി ക്ഷണിച്ചിരിക്കയാണു്. മഹാത്മാ ഗാന്ധി തെക്കെ ആഫ്രിക്കയിൽനിന്നു് മടങ്ങിയെത്തി, ഗോപാലകൃഷ്ണ ഗോഖലെയുടെ നിർദ്ദേശങ്ങളനുസരിച്ച് രാജ്യത്തിൻെറ യഥാത്ഥ സ്ഥിതികഠം പഠിച്ചുവരികയായിരുന്നു. മാളവ്യയുടെ ക്ഷണനമനുസരിച്ച ഗാന്ധിജിയും സമ്മേളനത്തിന്നെത്തിച്ചേന്നിട്ടുണ്ടു്. ഡാക്ടർ ബെസൻറും അവിടെ സന്നിഹിതരായവരിൽ ഉഠംപ്പെട്ടിട്ടുണ്ടു്. സമ്മേളനമാരംഭിച്ചു. ആർഭാടപൂർണ്ണവും രാജകീയപ്രാഭവം തികഞ്ഞതുമായ വൈസ്രോയിയുടെ ആഗമനം ഗംഭീരമായ നിലക്കു്നടന്നു. മാളവ്യ സ്വാഗതപ്രസംഗം നടത്തി. അങ്ങിനെ സംഭവബഹുലമായ പരിപാടികളും പ്ര

സംഘങ്ങളും ഒന്നിനൊന്നു കൂടുതൽ തലയെടുപ്പോടും ഉത്സാഹത്തോടും നടന്നു. ദിവസം ഒന്നു രണ്ടു കഴിഞ്ഞു.

അന്ന് ഗാന്ധിജിയാണ് പ്രസംഗിക്കേണ്ടതു്. ആനിബെസൻറിൻെറ അദ്ധ്യക്ഷഭാഷണം കഴിഞ്ഞു, ഗാന്ധിജി പ്രസംഗവേദിയിലെത്തി. ഉജ്ജ്വലവും ഗംഭീരവും ചരിത്രപ്രഖ്യാതവുമായ ആ പ്രസംഗം ഏതാണ്ടിങ്ങിനെയാണ് പത്രങ്ങൾ സംഗ്രഹിച്ചു റിപ്പോർട്ടുചെയ്തതു്:-

"ഇവിടെ വൈസ്രോയിയുടേയും മഹാരാജാക്കന്മാരുടേയും നേതാക്കന്മാരുടേയുമെല്ലാം പ്രസംഗങ്ങൾ നടക്കുകയുണ്ടായി. ഈ മഹാരാജ്യത്തിൻെറ ദാരിദ്ര്യപരിശാന്തിയെപ്പററിയും വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെ സ്സംബന്ധിച്ചും കൃഷിക്കാരുടെ ദയനീയസ്ഥിതി പരിഹരിക്കേണ്ടതിനെക്കുറിച്ചുമെല്ലാം ഗംഭീരങ്ങളായ പ്രസംഗപരമ്പരകൾ നടന്നു കഴിഞ്ഞിരിക്കയാണ്. നാട്ടിന്നു ഒഴിച്ചുകൂടാത്തതും അടിയന്തരവുമായ കാര്യങ്ങളാണ് ഇവിടെ പ്രതിപാദിക്കപ്പെട്ടതു്. ഇവിടെ നടന്ന ആർഭാടങ്ങളും ധാരാളിത്തവും പ്രസ്തുത പ്രസംഗങ്ങളോട് തട്ടിച്ചു നോക്കുമ്പോൾ എനിക്കത്ഭുതമാണ് തോന്നുന്നതു്. ഈ ഉൽഘാടനത്തിന്നെത്തിച്ചേന്ന പലരുടേയും ആഭ്ഭാടങ്ങൾ തീച്ച്യയായും ദരിദ്രമായ ഈ നാട്ടിന്നു ചേന്നവയല്ല. ദരിദ്രമായ ഒരു രാജ്യത്തു്, വിദ്യാഭ്യാസശ്ശൂന്യമായ ഒരു നാട്ടിൽ, ഈ ധാരാളിത്തം ആരെങ്കിലും കൊണ്ടുനടക്കുന്നുണ്ടെങ്കിൽ അതു് കടുത്ത വഞ്ചനയാണ്. അടിമത്തമനുഭവി

ക്കുന്ന ഒരു നാട്ടിലിരുന്നുകൊണ്ട് പ്രാഭവം നടിക്കുകയും നടത്തുകയും ചെയ്യുന്നതു് പാതകമാണു്. രാജ്യമാകെ ദുഃഖത്തിലാണ്ടു കഴിയുമ്പോൾ ഏതാനും കുറച്ചാളുകൾ ഭോഗവിലാസികളും ആഭാടജീവികളുമായി കഴിയുന്നതു് കടുത്ത അപരാധമല്ലെങ്കിൽ മറെറന്താണു്? രാജാക്കന്മാരോടും മഹാരാജാക്കന്മാരോടും ഞാൻ വിനയപൂർവ്വം ഒരു കാര്യമറിയിക്കാനാഗ്രഹിക്കുന്നു. ഇവിടുത്തെ ദാരിദ്ര്യവും അവശതയും പരിഹരിക്കാൻ നിങ്ങൾ വല്ലതും ചെയ്യാനൊരുക്കമുണ്ടോ? രാജകീയപ്രതാപം നിലനിത്താനുള്ള, കാലത്തിന്നെതിരായ, ഈ വെമ്പൽ ഒന്നു ചുരുക്കി ബഹുജനങ്ങളുടെ സ്നേഹമാജ്ജിക്കാവുന്ന എന്തെങ്കിലും ചെയ്യാൻ നിങ്ങൾ സന്മനസ്സ് പ്രദശിപ്പിക്കുമോ? നേതാക്കന്മാരായവർ ഇവിടുത്തെ അടിമത്തമവസാനിപ്പിക്കുന്നതിന്നു് തങ്ങളുടെ ശക്തി ഉപയോഗപ്പെടുത്താൻ കാലമായിരിക്കുന്നു." ഗാന്ധിജി ഗവമ്മെണ്ടിനെ മുൻനിത്തി ഇങ്ങിനെ തുടന്നു: "ഇവിടെ വൈസ്രോയിയുടെ ഗംഭീരമായ ആഗമനം നടന്നു. അദ്ദേഹം വരുമ്പോൾ ആയിരക്കണക്കിൽ ഈ പട്ടാളത്തെയും പോലീസിനെയും എന്തിനാണു് കാവൽക്കാരായി കൊണ്ടുനടക്കുന്നതു്? അദ്ദേഹം ഈ നാട്ടിലെ ജനങ്ങളെ എന്തിനാണു് ഇത്രയധികം ഭയപ്പെടുന്നതു്? എന്തുകൊണ്ടദ്ദേഹത്തിന്നു ഈ നാട്ടുകാരെ വിശ്വസിച്ചുകൂടാ? ഈ അവിശ്വാസവും ഭയവുമെല്ലാം അവസാനിപ്പിക്കണം. ഭരിക്കുന്ന കക്ഷി ജനങ്ങളുടെ വിശ്വാസത്തിന്നർഹരായിരിക്കണം. ഇവിടെ പ്രത്യക്ഷപ്പെട്ടു കാണുന്ന

വിപ്ലവകക്ഷിയോടും എനിയ്ക്കു് ചിലതു് പറയാനുണ്ടു്. നിങ്ങളുടെ രാജ്യഭക്തിയെ ഞാൻ അങ്ങേയററം ബഹുമാനിക്കുന്നു. നിങ്ങളുടെ ത്യാഗശക്തിക്കു് മുമ്പിൽ ഞാൻ ശിരസ്സു് കുനിക്കുന്നു. അക്രമവും ഹിംസയും വഴിയാണു് നിങ്ങൾ ഈ സൽഗുണങ്ങൾ പ്രദർശിപ്പിക്കുന്നതെന്നു് കാണുന്നതിലെനിയ്ക്കു് ഹൃദയവേദനയുണ്ടു്. ബോംബെറിയുന്നതു് വീരതയല്ല, കുഴത്തുറക്കുന്നതു പൌരുഷമല്ല. കയ്യേററവും അട്ടിമറിയും ധീരതയാണെന്ന നിങ്ങളുടെ അഭിപ്രായം തെററാണു്. നിങ്ങളിന്നു് ഈ നാട്ടിൻെറ ശ്രേയസ്സിൻെറ പേരിൽ സ്വീകരിച്ചുകാണുന്ന വഴി ധമ്മവിരുദ്ധവും മനുഷ്യത്വശൂന്യവുമാണു്. ഈ നാട്ടിൽ ഇംഗ്ലീഷുകാരൻ താമസിക്കുന്നതു് എനിക്കു് തെററാണെന്നുതോന്നിയാൽ ഞാനതു് സധൈയ്യം തുറന്നു പ്രഖ്യാപിക്കണം; അതിന്നു കിട്ടുന്ന ഏതുശിക്ഷയും, തൂക്കമരംതന്നെയും, ഞാൻ സസന്തോഷം സ്വീകരിക്കാൻ തയ്യാറാവണം. അതാണു് നീതി; അതാണു് മനുഷ്യത്വം. നീതിക്കും ധമ്മത്തിന്നുംവേണ്ടി മരിക്കണമെങ്കിൽ ആ മരണത്തെ ഞാൻ നേരിടുകതന്നെ വേണം."

അദ്ധ്യക്ഷയ്ക്കു് പ്രസ്തുത പ്രഭാഷണം പിടിച്ചില്ല. രാജാക്കന്മാർ, മഹാരാജാക്കന്മാർ, വൈസ്രോയി എന്നിങ്ങിനെ ഉന്നതസ്ഥാനത്തുള്ളവരെയെല്ലാം ലക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള ആ പ്രസംഗം നിത്താനവർ ഗാന്ധിജിയോടാവശ്യപ്പെട്ടു. സദസ്സാകമാനം അദ്ധ്യക്ഷയ്ക്കെതിരാ

യി. ഗാന്ധിജിയോടു പ്രസംഗം തുടരാനവരഭ്യൎത്ഥിച്ചു. ബെസൻറമ്മ പ്രതിഷേധിച്ചു, അദ്ധ്യക്ഷസ്ഥാനം വിട്ടിറങ്ങിപ്പോയി. രാജാക്കളും മഹാരാജാക്കളുമെല്ലാം ബെസൻറിനെ അനുഗമിച്ചു. വിദ്യാൎത്ഥികളും ബഹുജനങ്ങളും ശാന്തരായി ജിജ്ഞാസയോടെ പ്രസംഗംകേട്ടു.

നൂററാണ്ടായി ഈ നാടനുഭവിച്ചുവരുന്ന ഭൌതികവും ആത്മീയവുമായ ദാഹത്തിൻേറയും അടിമത്തവിമോചനത്തിൻേറയുമായ ആ മഹാശബ്ദം ലോകമാകെ പ്രതിധ്വനിച്ചു പത്രങ്ങളിൽ മുഴുവൻ അതികായൻെറ അക്ഷരങ്ങളിൽ ആ പ്രസംഗം സ്ഥലംപിടിച്ചു ശാന്തനായി എങ്ങോ കഴിയുകയായിരുന്ന വിനോബ താൻ അന്വേഷിച്ചു നടന്നതെന്തോ അതു തൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടതായിക്കണ്ടു. അദ്ദേഹം പത്രങ്ങൾ തിരിച്ചും മറിച്ചും ആവൎത്തിച്ചാവൎത്തിച്ചു വായിച്ചു അസ്വാസ്ഥ്യവും വെമ്പലും തുടിക്കുന്ന ഏതാനും സംശയങ്ങളും ചോദ്യങ്ങളും അപ്പോൾത്തന്നെ അദ്ദേഹം ഗാന്ധിജിയെ എഴുതി അറിയിച്ചു. ചോദ്യങ്ങളുടെ രീതി ഗാന്ധിജിക്കു നന്നായിപ്പിടിച്ചു. ഉടൻ സബൎമത്യാശ്രമത്തിലേക്കു ചെല്ലാനുള്ള ഗാന്ധിജിയുടെ ക്ഷണക്കത്തു് വിനോബയ്ക്കു കിട്ടി

സബൎമതിയിലെത്തിയ വിനോബ, ആഭാടപൂൎണ്ണതയ്ക്കു് വെമ്പിക്കുതിക്കുന്ന മനുഷ്യലോകത്തിൽ പുതിയൊരു കാഴ്ചയാണു് കണ്ടതു്—വെറും സാധാരണക്കാരൻെറ

ജീവിതം; ഏററവും ചുരുങ്ങിയ ചിലവുകൾ; അത്യന്തമായ ചിന്തക്കു് പ്രതീകങ്ങളായ വസ്തുസ്ഥിതികൾ; ദരിദ്രസേവനത്തെ മുൻനിർത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ; ത്യാഗവും തപസ്യയും എല്ലാക്രിയകൾക്കും വെളിച്ചം വീശുന്നരീതി; പറയുന്നതു പ്രവർത്തിക്കയും ചിന്തിക്കുന്നതു് പറയുകയും ചെയ്യുന്ന സമ്പ്രദായം. താൻ എത്തേണ്ടിടത്തെത്തിയെന്നും കാണേണ്ടതു കണ്ടുവെന്നും വിനോബയ്ക്കു തോന്നി. ആശ്രമത്തിലൊരാളായി തുടരുവാൻ ഗാന്ധിജി അദ്ദേഹത്തെ ക്ഷണിച്ചു; വിനോബ സവിനയം അതു് സ്വീകരിച്ചു

## ഒരു കൊല്ലത്തെ ലീവ്

വിനോബയുടെ ജീവിതം ആശ്രമത്തിൽ പുതിയൊരു മാതൃക സൃഷ്ടിച്ചു. അവിശ്രമമായ അദ്ധ്വാനം, കുറച്ചുമാത്രം സംസാരം, ഒഴിച്ചുകൂടാത്തപ്പോഴേക്കുമാത്രം വിശ്രമം, നിരന്തരചിന്ത, പ്രാർത്ഥന—ഇതെല്ലാം ശ്രദ്ധിക്കുന്നതിന്റെ പ്രാധാന്യത്തോടു കൂടിയാണു് വിനോബ ചെയ്തതു്. പല പുതിയ നിഷ്ഠകളും ആശ്രമകാര്യങ്ങളിൽ അദ്ദേഹം കൂട്ടിച്ചേർത്തു. ആശ്രമജീവിതം പല പുതിയ ചിന്തകളും വിനോബയിൽ ഉണർത്തി. 'താൻ ഏററവും ഉയർന്നൊരു മണ്ഡലത്തിലേയ്ക്കു പ്രയാണമാരംഭിച്ചിരിയ്ക്കയാണു്. പാഥേയത്തിന്നു കുറേക്കൂടി കനം വെപ്പിക്കണം. തനിക്കു കുറച്ചുകൂടി പഠിക്കണം.' ഇതിന്നു പുറ

മേ നിരന്തരമായ അദ്ധ്വാനം തൻെറ ആരോഗ്യത്തേയും കലശലായി സ്പശിച്ചിട്ടണ്ടെന്നും വിനോബക്കനുഭവപ്പെട്ടു. എല്ലാം ചേൎന്ന്, ആശ്രമത്തിൽനിന്ന ഒരു വഷത്തെ ലീവ് വേണമെന്ന് വിനോബ ഗാന്ധിജിയെ അറിയിച്ചു. ഗാന്ധിജി സമ്മതിച്ചു. 1918ൽ ആശ്രമത്തിൽനിന്ന് ലീവെടുത്തു വീണ്ടും അദ്ദേഹം പഠനം നടത്തി. ആറുമാസം തികച്ചും അതിലേക്കായി വിനിയോഗിച്ചു. അതിനകം സംസ്കൃതത്തിലുള്ള മഹദ്ഗ്രന്ഥങ്ങളെല്ലാം വിനോബ വായിച്ചു ഗീത, ഉപനിഷത്തുകൾ, വേദം, വേദാന്തം, ഭാഗവതം—അങ്ങിനെ ഓരോന്നുമദ്ദേഹം വിശകലനംചെയ്തു പഠിച്ചു. പിന്നീട് ആറു മാസം മഹാരാഷ്ട്രത്തിൽ ചുററിസ്സഞ്ചരിക്കുകയും പ്രധാനസ്ഥലങ്ങളെല്ലാം സന്ദശിക്കുകയും ചെയ്തു. ആ യാത്രയിൽ, മൂന്നുദിവസമെന്ന തോതുവെച്ച് ഓരോ ഗ്രാമത്തിലും താമസിക്കയും ഗീതയെപ്പററിയും മററുമായി ധാമ്മികപ്രഭാഷണങ്ങൾ നടത്തി ഗ്രാമീണരുമായി ബന്ധം സ്ഥാപിച്ചുകൊണ്ട് അടുത്ത ഗ്രാമത്തിലേക്കു നീങ്ങുകയുമായിരുന്നു പതിവ്. അങ്ങിനെ വിപുലമായ ആ പഠനയാത്ര പൂത്തീകരിച്ച് കൃത്യം ഒരു വഷം തികയുന്ന ദിവസം ഗാന്ധിജിയുടെ ആശ്രമത്തിൽ തിരിച്ചെത്തി. ആ വരവിനെപ്പററി ഗാന്ധിജി എഴുതുകയാണ്: "വിനോബ തിരിച്ചെത്തേണ്ടതെന്നാണെന്ന് ഞാൻ മറന്നിരുന്നു. കൃത്യസമയത്തു മണിക്കൂർ തെററാതെ അദ്ദേഹം മടങ്ങിയെത്തി." വി

നോബയുടെ കൃത്യമായ വരവിനെപ്പററി ബാപ്പു പല പ്പോഴും എടുത്തുപറയുകയുണ്ടായിട്ടുണ്ടു്.

യാത്രക്കിടയിൽ വിനോബയും ഗാന്ധിജിയും തമ്മിൽ നടത്തിയ എഴുത്തുകളിൽ ഒന്നു രണ്ടെണ്ണം അവർ തമ്മിലുള്ള ദൃഢബന്ധവും വിശ്വാസവും എത്രമാത്രം ഉന്നതമായ നിലക്കെത്തിയിരുന്നുവെന്നു് കാണിക്കുന്നതുകൊണ്ടു് അവയെ ഇവിടെ പകർത്താം.

10-2-'18

പരമപൂജ്യബാബുജീ!

ഞാൻ ആശ്രമം വിട്ടപ്പോൾ രണ്ടുമൂന്നുമാസം പുറത്തു കഴിച്ചുകൂട്ടി അങ്ങോട്ടുതന്നെ തിരിച്ചുവരാമെന്നായിരുന്നു കരുതിയതു്. എന്നാൽ വർഷം തികയാറായിട്ടുകൂടി എനിക്കു് മടങ്ങാൻസാധിച്ചില്ല. ഇതെല്ലാംകൊണ്ടു്, ആശ്രമത്തിലേക്കുള്ള എൻെറ തിരിച്ചുവരവിനെപ്പററി മാത്രമല്ല ഞാൻ ജീവിച്ചിരിപ്പുണ്ടോ എന്നുകൂടി അവിടെ സംശയങ്ങളുണ്ടായിക്കാണും. ഈ തെററിദ്ധാരണക്കു് ഞാൻ തന്നെയാണുത്തരവാദി. റെയിൽസത്യാഗ്രഹമാരംഭിക്കുന്നുണ്ടെങ്കിൽ ഉടൻ വിവരം തരാനും മററുമഭ്യർത്ഥിച്ചുകൊണ്ടു് 'മാമാ'യുടെ പേരിൽ ആശ്രമത്തിലേക്കു ഞാൻ ഒന്നുരണ്ടെഴുത്തുകൾ എഴുതിയിരുന്നു. ഈ കാലംകൊണ്ടു് ആശ്രമത്തിന്നു് പുറത്തു് ഞാൻ എന്താണു് ചെയ്തതെന്നു് അങ്ങയെ അറിയിക്കണമല്ലോ.


ഉപനിഷത്ത്, ഗീത, ബ്രഹ്മസൂത്രവും ശാങ്കരഭാഷ്യവും, മനുസ്മൃതി, പാതഞ്ജലയോഗദർശനം, ഇവയ്ക്കുപുറമെ ന്യായസൂത്രം, വൈശേഷികസൂത്രം, യാജ്ഞവല്ക്യസ്മൃതി എന്നിവയും ഇതിനകം പഠിക്കാൻ സാധിച്ചിട്ടുണ്ട്. ഇപ്പോഠം അധികമൊന്നും പഠിക്കാൻ തോന്നുന്നില്ല. ഇനി തന്നത്താൻ കഴിയുന്നതു് മനസ്സിലാക്കാൻ ശ്രമിച്ചാൽ മതിയെന്ന തീരുമാനത്തിലാണ് ഞാൻ എത്തിയിരിക്കുന്നതു്. മറെറാന്നുള്ളതു് ദേഹാസ്വാസ്ഥ്യം സംബന്ധിച്ചാണ്. അതിൻെറ പേരിലാണല്ലൊ ഞാൻ പുറത്തേക്ക് പോന്നതു്.

ദേഹസുഖം വീണ്ടുകിട്ടാൻ ആദ്യമായി പത്തും പന്ത്രണ്ടും നാഴിക നടക്കാനാണാരംഭിച്ചതു്. പിന്നീട് ആറു മുതൽ എട്ടുവരെ സേർ ധാന്യങ്ങഠം പൊടിക്കുന്ന പ്രവൃത്തിയും തുടങ്ങി. 300 സൂര്യനമസ്കാരം, 12 നാഴികവീതം പാദയാത്ര ഇവയാണ് ഇന്ന് എൻെറ സ്ഥിരവ്യായാമം. ഇതുകൊണ്ട് എനിക്ക് ദേഹസുഖം വീണ്ടുകിട്ടിയിരിക്കയാണ്. ആഹാരം സംബന്ധിച്ചു പറഞ്ഞാൽ, ആദ്യത്തെ ആറുമാസം ഉപ്പുചേർത്താണ് ഭക്ഷിച്ചതു്. പിന്നീടതുപേക്ഷിക്കുകയും ഉപ്പും മസാലകളും ഇനിമേൽ കഴിക്കില്ലെന്നു വ്രതമെടുക്കുകയും ചെയ്തു. പാലിൻെറ കാര്യവും പരീക്ഷിച്ചുനോക്കി. പാലില്ലാതെ നിവൃത്തിക്കാൻ കുറച്ചൊരു വിഷമം തോന്നുന്നു. സാരമില്ല, അതുപേക്ഷിക്കാൻ പരിശ്രമിക്കുന്നുണ്ട്. ഒരു മാസം പഴവും

പാലും നാരങ്ങയുമായി കഴിച്ചുനോക്കിയതിൽ ശക്തി അ ല്പം കുറഞ്ഞുകണ്ടു. ഇന്നത്തെ ആഹാരം 60 തോല പാൽ, 20 തോല ധാന്യം, കിട്ടിയാൽ ഒരു ചെറുനാരങ്ങ, നാലോ അഞ്ചോ പഴം ഇതാണു് ആശ്രമത്തിലെത്തിയാൽ അങ്ങയുടെ ഉപദേശാനുസരണം ഭക്ഷണം ക്രമപ്പെടുത്താനാണാഗ്രഹം. എൻെറ ആഹാരം ദരിദ്രൻെറതിനുപകരം ധനികൻെറതായിപ്പോയെന്നു തോന്നുന്നുണ്ടു്. ചിലവു് പൈസക്കണക്കിൽ ഓരോ ദിവസവും ഇപ്രകാരമാണു്:—

| | |
|---|---|
| പഴം..... | 0—1—0 |
| ധാന്യം...... | 0—0—6 |
| പാൽ...... | 0—1—3 |
| ആകെ...... | 0—2—9 |

ഇതിൽ വരുത്തേണ്ടുന്ന വ്യത്യാസം അങ്ങയുടെ കത്തിൽ നിന്നറിയാനാഗ്രഹിക്കുന്നു. ഇനി, ചെയ്ത കാര്യങ്ങൾ പറയാം: (1) ഗീതാക്ലാസ്സു നടത്തിയതിൽ ആറു വിദ്യാർത്ഥികൾക്കു് അർത്ഥത്തോടുകൂടി ഗീത മുഴുവൻ പഠിപ്പിക്കാൻ കഴിഞ്ഞു. (2) ജ്ഞാനേശ്വരി ആറദ്ധ്യായം നാലു വിദ്യാർത്ഥികളെ പഠിപ്പിച്ചു. (3) ഉപനിഷത്തു് രണ്ടു വിദ്യാർത്ഥികളെ പഠിപ്പിച്ചു. (4) എനിക്കു് ഹിന്ദി നന്നായറിയില്ല. എങ്കിലും വിദ്യാർത്ഥികളുടെയിടയിൽ ഹിന്ദി വർത്തമാനപത്രം വായിക്കാനുള്ള വ്യവസ്ഥ വരുത്തി. (5) രണ്ടു കുട്ടികളെ ഇംഗ്ലീഷു പഠിപ്പിച്ചു. (6)



ബാപ്പുവിൻെറ ആത്മശിഷ്യൻ

നാന്തൂറു നാഴിക പാദയാത്ര നടത്തി. സിംഹഘട്ട്, തോരൺഘട്ട്, രാജഘട്ട് മുതലായ ചരിത്രപ്രസിദ്ധങ്ങളായ കോട്ടകൾ സന്ദർശിച്ചു. (7) ആശ്രമത്തിൽ നിന്നിറങ്ങുമ്പോൾ ഗീതയെ സംബന്ധിച്ചു ഭാഷണങ്ങൾ നടത്താനുള്ള പരിപാടി വെച്ചിരുന്നു. അതനുസരിച്ചു ഇന്നുവരെ മായി 50 പ്രസംഗങ്ങൾ ഗീതയെ അധികരിച്ചു നടത്തി. (8) 'വായി'യിൽ 'വിദ്യാൎത്ഥിമണ്ഡൽ' എന്ന പേരിൽ ഒരു സംഘം സ്ഥാപിച്ചു. അതുമുഖേന ഒരു വായനശാല തുറന്നിട്ടുണ്ടു്. പ്രസ്തുത സംഘടന മുഖേന ധാന്യം പൊടിക്കുന്നവരെ എഴുത്തും വായനയും ശീലിപ്പിക്കാനാരംഭിച്ചു. അവരോടൊപ്പം ചേൎന്നു ഞാനും വിദ്യാൎത്ഥികളും ധാന്യം പൊടിക്കാൻ തുടങ്ങി. ആ വകക്ക് രണ്ടുസേറിന്നു കാലണയെന്ന തോതിൽ കിട്ടുന്ന കൂലി ഞങ്ങൾ വായനശാലാഫണ്ടിലേക്ക് സമൎപ്പിക്കുന്നു. പണക്കാരുടെ കുട്ടികളും ഞങ്ങളുടെ ഈ പ്രവൎത്തകമണ്ഡലത്തിലുണ്ടു്. ഈ സ്ഥലം മാമൂൽക്കാരുടെ താവളമായതുകൊണ്ടു് ഞങ്ങൾക്കു വളരെയധികം ക്ലേശങ്ങൾ നേരിട്ടുന്നുണ്ടു്. വിശേഷിച്ചും ഞങ്ങളുടെ കൂട്ടത്തിൽ ബ്രാഹ്മണക്കുട്ടികളുള്ളതാണതിന്നു കാരണം. വായനശാല തുടങ്ങി രണ്ടുമാസമായപ്പോഴേക്കും നാന്തൂറ് നല്ല പുസ്തകങ്ങൾ ശേഖരിക്കുവാൻ കഴിഞ്ഞു. (9) സത്യാഗ്രഹാശ്രമതത്വങ്ങളുടെ പ്രചരണത്തിന്നും കഴിയുന്നത്ര ശ്രമങ്ങൾ നടത്തി. (10) 'ബഡോദ'യിൽ കുറേ സുഹൃത്തുക്കളുണ്ടു്. അവർ സേവനത്തിന്നാഗ്രഹിക്കുന്നവരാണു്. അവരുടെ

ആഗ്രഹത്തെ മുൻനിൎത്തി മൂന്നു വൎഷംമുമ്പ് ഞാൻ മാതൃഭാഷാപ്രചരണത്തിൻെറ പേരിൽ ഒരു സംഘടനയുണ്ടാക്കിയിരുന്നു. അതിൻെറ വാൎഷികോത്സവത്തിൽ പങ്കെടുക്കാൻ ഇതിനിടെ ഞാൻ പോകയുണ്ടായി. ആ യോഗത്തിൽ ഹിന്ദീപ്രചരണത്തിൻെറ ആവശ്യകത ഞാൻ വിശദീകരിച്ചു. അങ്ങനാരംഭിച്ച ഹിന്ദീപ്രചരണവിഷയത്തിൽ ബറോഡാ ഗ്രാമത്തിൽ വേണ്ടതെല്ലാം അവിടത്തെ പ്രവൎത്തകന്മാർ ഏറെറടുത്തു നടത്താൻ സമ്മതിച്ചിട്ടുണ്ട്.

അവസാനമായി, സത്യാഗ്രഹാശ്രമവാസിയെന്ന നിലയിൽ ഞാൻ എന്തു ചെയ്യുന്നുവെന്നുകൂടി അറിയിക്കുന്നതാവശ്യമാണല്ലൊ.

**അസ്വാദവ്രതം:—**

ഇതു സംബന്ധിച്ച എൻെറ നില കത്തിൻെറ തുടക്കത്തിൽ ഞാൻ സൂചിപ്പിച്ചുവല്ലോ. ഇന്നെനിക്കു സ്വാദുള്ള വസ്തുക്കളോടു ഏതായാലും താല്പൎയ്യമില്ല.

**അപരിഗ്രഹം:—**

ഒരു മരക്കിണ്ണം, ഒരു കോപ്പ, ദോത്തി, കമ്പിളി, പുസ്തകങ്ങൾ—ഇതാണു് ഞാൻ പരിഗ്രഹിച്ചിട്ടുള്ളതു് കുപ്പായവും തൊപ്പിയും ഉപേക്ഷിച്ചുകഴിഞ്ഞു. മഗ്ഗത്തിൽ നെയ്ത മുണ്ടാണു് ദേഹാവരണത്തിന്നുപയോഗിക്കുന്നതു്.

സത്യം, അഹിംസ, ബ്രഹ്മചര്യം:--

ഈ വ്രതങ്ങൾ എന്റെ അറിവും കഴിവുമനുസരിച്ച് ഞാൻ അനുഷ്ഠിക്കുന്നുണ്ട്. സ്വപ്നത്തിൽക്കൂടിയും ഒരേയൊരു ചിന്തയാണ് എന്നെ അസ്വാസ്ഥ്യപ്പെടുത്തുന്നതു്. ഈശ്വരൻ വല്ല സേവനത്തിന്നുമായി എന്നെ ഉപയോഗിച്ചനുഗ്രഹിക്കുമോ? എന്റെ ആത്മാർത്ഥമായ അന്വേഷണം ഇത്രമാത്രമാണു്.

ആശ്രമനിയമങ്ങൾ (ഒന്നൊഴികെ) ഞാൻ ആചരിക്കുന്നുണ്ടു്. ഞാൻ ആശ്രമത്തിന്റേതാണു്. ആശ്രമമാണു് എന്റെ സാധന. "ഒന്നൊഴികെ"യെന്നു പറഞ്ഞുവല്ലോ. ഭക്ഷണം സ്വയം പാകം ചെയ്യുകയെന്നതാണതു്. അതിന്നും ഞാൻ ശ്രമിച്ചുനോക്കി. പക്ഷെ യാത്രാസമയങ്ങളിൽ അതു സാധിക്കുന്നില്ല.

ഇനി ഇവിടെനിന്നും കാൽനടയായി ബോമ്പേ വരേ പോകാനും അവിടുന്നു റെയിൽമാർഗ്ഗം ആശ്രമത്തിലേക്കു വരാനുമാണാഗ്രഹം. എന്റെ കൂടെ ഇരുപത്തഞ്ചുകാരനായ ഒരു വിദ്യാർത്ഥി സഞ്ചരിക്കുന്നുണ്ടു്. എന്നിൽനിന്നു ഗീത പഠിക്കണമെന്നാണദ്ദേഹത്തിന്റെ ആഗ്രഹം. മിക്കവാറും ഞാൻ ഒന്നാം തീയ്യതി ആശ്രമത്തിലെത്തും.

സത്യാഗ്രഹസംബന്ധമായ ആവശ്യം എപ്പോഴായാലും അറിഞ്ഞ ഉടൻ ഞാൻ എത്തിക്കൊള്ളാം. അത

ല്ലെങ്കിൽ മേൽ സൂചിപ്പിച്ച തീയ്യതിക്കു തീർച്ച്യയായും എത്താം. ഇവിടെ വല്ല വ്യതിയാനങ്ങളും വരുത്തേണ്ടതു ണ്ടോ? എൻെറ ആഹാരത്തിൽ എന്തു മാററമാണ് വേണ്ടതു്?–എല്ലാം അറിയാനാഗ്രഹമുണ്ട്. അങ്ങതന്നെ സ്വയം വിനോബയ്ക്കെഴുതണമെന്നാണ് അങ്ങയെ പിതാവായി കരുതുന്ന ഈ പുത്രൻെറ ആഗ്രഹം. മൂന്നു നാലു ദിവസത്തിന്നകം ഞാൻ ഈ ഗ്രാമം വിടും.

വിനോബയുടെ പ്രണാമം

ഈ കത്ത് വായിച്ച കോരിത്തരിപ്പോടെ ബാപ്പു പറഞ്ഞു: "ഗോരഖനേ മച്ഛന്ദർ കൊ ഹരയാ ഭീം. ഹൈ ഭീം." ശിഷ്യൻ ഗുരുവെ തോല്പിച്ചു. ഗംഭീരൻ, ഗംഭീരൻ എന്ന അർത്ഥം ധ്വനിക്കുന്ന ഈ വാക്ക് സ്വയം പറഞ്ഞുകൊണ്ടു ബാപ്പു മറുപടി എഴുതി.

20-2-'18

ചിരഞ്ജീവി വിനോബ!

നിങ്ങളെ ഏതു പ്രവൃത്തിയാണ് ഏല്പിക്കേണ്ടതെന്നതിൽ എനിയ്ക്കു് ഒരു പിടുത്തവും കിട്ടിയില്ല. നിങ്ങളുടെ പ്രേമവും വിശുദ്ധിയും എന്നെ സ്തബ്ധനാക്കുകയാണു്. നിങ്ങളെ പരീക്ഷിക്കാനുള്ള പ്രാപ്തി എനിയ്ക്കില്ല. നിങ്ങൾ നിങ്ങളോടുതന്നെ സ്വയം നടത്തുന്ന പരീക്ഷകളെ ഞാൻ സ്വീകരിക്കുകയും നിങ്ങളുടെ പിതൃസ്ഥാനം ഞാൻ അംഗീകരിക്കയും ചെയ്യുന്നു. എൻെറ ആവശ്യങ്ങൾ

നിങ്ങൾ മിക്കവാറും നിറവേററിയിരിക്കുന്നു. തന്നെക്കാൾ മേന്മയും പവിത്രതയും തികഞ്ഞ സുചരിത്രനായ പുത്രനെ ജനിപ്പിച്ച പിതാവിൻെറ പദവിയാണ് എനിക്ക് നിങ്ങൾ നല്കിയിരിക്കുന്നതു്. അച്ഛനാരംഭിച്ച സൽകാര്യങ്ങളെ പൂർണ്ണമാക്കുന്നവനാണ് സൽപുത്രൻ. സത്യവാദി, നിഷ്ഠവാൻ, ദയാമയൻ ഇതെല്ലാമാവാൻ ഈ പിതാവ് ശ്രമിക്കയാണ്. നിങ്ങളിതെല്ലാം ആയിക്കഴിഞ്ഞിരിക്കുന്നു. നിങ്ങളെനിക്ക് നല്കുന്ന പിതാവിൻെറ പദവി, എൻെറ അർഹതകൊണ്ടല്ല, നിങ്ങളുടെ പ്രേമത്തിൻെറ മഹത്തായ ഉപഹാരമെന്ന നിലയിൽ ഞാൻ സ്വീകരിക്കുന്നു. ഞാൻ ഈ പദവിക്കർഹനാവാൻ പരിശ്രമിക്കുന്നുണ്ടു്. എന്നാൽ അവസാനം ഞാൻ ഹിരണ്യകശിപുവിൻെറ നിലയിലേക്കാണ് ചെന്നു ചാടുന്നതെങ്കിൽ ഭക്തപ്രഹ്ലാദനെപ്പോലെ നിങ്ങളെൻെറ ആശയങ്ങൾ നിരാകരിക്കണം. പുറത്തു താമസിച്ചുകൊണ്ടു് ആശ്രമനിയമങ്ങൾ നല്ലപോലെ പാലിച്ചുവെന്ന സംഗതി നിങ്ങളെസംബന്ധിച്ചേടത്തോളം പരമാർത്ഥമാണ്. ആശ്രമത്തിലേക്കുള്ള നിങ്ങളുടെ വരവിനെപ്പററി എനിയ്ക്കു സംശയമുണ്ടായിട്ടില്ല. നിങ്ങളുടെ സന്ദേശം മാമ എന്നെ വായിച്ചു കേൾപ്പിച്ചിരുന്നു. ഈശ്വരൻ നിങ്ങൾക്കു് ദീർഘായുസ്സ് നൽകി, ഭാരതത്തിൻെറ ഉന്നതിക്കുവേണ്ടി പ്രവർത്തിപ്പിക്കട്ടെ. ഇതാണെൻെറ ആഗ്രഹം.

നിങ്ങളുടെ ആഹാരത്തിൽ വരുത്തേണ്ട മാററങ്ങളെപ്പററി ഇപ്പോഠം ഒന്നും പറയാനില്ല. പാലുപേക്ഷിക്കേണ്ട കാൎയ്യം ഏതായാലും ഇപ്പോഠം ആലോചിക്കരുതെന്നു മാത്രമല്ല, വേണ്ടിവന്നാൽ ആഹാരത്തിൽ പാലിൻെറ മാത്ര കുറച്ചുകൂടി വൎദ്ധിപ്പിക്കയുമാണ് വേണ്ടതു്. ഇപ്പോഠം റെയിൽ സംബന്ധമായ സത്യാഗ്രഹത്തിൻെറ ആവശ്യകതയില്ല. ഒരു പക്ഷെ അടുത്തുതന്നെ "ഖേഡാ" ജില്ലയിൽ സത്യാഗ്രഹമാരംഭിക്കേണ്ടി വന്നേക്കാം. ഏതായാലും ഇപ്പോഠം ഞാൻ തികച്ചും സംതൃപ്തനായി കഴിയുകയാണ്. ഒന്നു രണ്ടു ദിവസത്തിനകം ഡെൽഹിക്കു പോകും വിശേഷം എപ്പോഠം വരുമോ അപ്പോഠം. എല്ലാവരും നിങ്ങളെക്കാണാൻ ഔത്സുക്യത്തോടെ കാത്തിരിക്കുന്നു.

ബാപ്പുവിൻെറ ആശീൎവ്വാദം

**അമ്മയുടെ മരണം**

ആശ്രമത്തിൽ മടങ്ങിയെത്തി അവിടുത്തെ കാൎയ്യങ്ങളിൽ വിനോബ പൂൎവ്വാധികം നിഷ്കൎഷയോടെ ഏൎപ്പെട്ടു. ശുചീകരണം, പാചകവൃത്തി, വെള്ളംകോരൽ, അലക്ക്, നൂൽനൂല്പ്, കക്കൂസ് വൃത്തിയാക്കൽ, ആതുരശുശ്രൂഷ മുതലായ എല്ലാ കാൎയ്യങ്ങളിലും അദ്ദേഹം പങ്കെടുത്തു. അതിനിടയിൽ അമ്മയ്ക്കു് കലശലായ സുഖക്കേടാണെന്നു വിവരം കിട്ടിയതനുസരിച്ചു് അദ്ദേഹം അങ്ങോ

ട്ടപോയി. അമ്മയുടെ സ്ഥിതി ആശങ്കാവഹമായിരുന്നു. രാപ്പകലായി അദ്ദേഹം രണ്ടുദിവസം അമ്മയെ ശുശ്രൂഷി ച്ചുവെങ്കിലും ഫലമുണ്ടായില്ല. ദീനസേവകനും സ്നേഹസ മ്പൂർണ്ണനുമായ മകനെ കണ്ടുകൊണ്ട് വാത്സല്യമയിയായ മാതാവ് കണ്ണടച്ചു. അമ്മയുടെ മരണം വിനോബക്ക് വമ്പിച്ച ഒരടിയായനുഭവപ്പെട്ടുവെങ്കിലും അദ്ദേഹം ത ന്റെ വേദനകളെല്ലാം നിശ്ശബ്ദം സഹിച്ചു. മൂന്നുദിവസ ത്തിനു ശേഷം വീണ്ടും വീട്ടിൽനിന്നും അദ്ദേഹം സബർ മതിയിൽ തിരിച്ചെത്തി. അടുത്ത വർഷം വിനോബയു ടെ പ്രിയപിതാവും ദിവംഗതനായി.

## ആശ്രമജീവിതം

ആശ്രമത്തിലെ ഓരോ കാര്യവും ദൈവകാര്യ ങ്ങളെന്ന നിലയിൽ, അവയിൽ നിർല്ലീലനായിട്ടാണ് വിനോബ ചെയ്തുവന്നത്. കാലത്തു മൂന്നുമണിക്കുണർന്ന പ്രാർത്ഥന മുതല്ക്കുള്ള എല്ലാ കർമ്മങ്ങളും കൃത്യനിഷ്ഠയോ ടെ അദ്ദേഹം നടത്തി. വളരെയധികമൊന്നും കായിക ശക്തിയും ആരോഗ്യവുമില്ലാതിരുന്നിട്ടും നിരന്തരമായി അദ്ധ്വാനിക്കുന്ന വിനോബ അന്തേവാസികളുടെ ആദർ ശപുരുഷനും ആശാകേന്ദ്രവുമാവാൻ അധികനാൾ വേണ്ടി വന്നില്ല. വളരെ മാസങ്ങൾ തുടർന്നുവന്ന പ്രസ്തുതപ്രവ ർത്തനരംഗത്തിൽ ഒരിക്കലെങ്കിലും ഒരാളെപ്പററിയെങ്കിലും ഒരാക്ഷേപമോ, പ്രത്യേകമായി അല്പസമയത്തേക്കെങ്കി

ല്പം വിശ്രമം വേണമെന്നോ അദ്ദേഹം ഗാന്ധിജിയെ അറിയിക്കയുണ്ടായില്ല. ഒരിക്കൽ ബാപ്പു അദ്ദേഹത്തെ വിളിച്ചു ചോദിച്ചു: "വിനോബാ, നിങ്ങൾ വളരെ മെലിഞ്ഞും ക്ഷീണിച്ചുമിരിക്കുന്നു. എന്നിട്ടും ഇങ്ങിനെ കഠിനമായി അദ്ധ്വാനത്തിൽ എപ്പോഴും നിങ്ങൾ മുഴുകിത്തന്നെ കാണുന്നു. ഇതെങ്ങിനെ സാധിക്കുന്നു?" വിനോബ മറുപടിപറഞ്ഞു: "അങ്ങയുടെ അനുഗ്രഹവും പ്രവൃത്തിക്കാനുള്ള ഇച്ഛാശക്തിയുംകൊണ്ടു്."

ആ മറുപടിയിൽ മനുഷ്യജീവിതത്തിൻെറ മർമ്മം ഒതുങ്ങിയിരിക്കുന്നതു് വ്യക്തമായി കണ്ടു ഗാന്ധിജി വളരെയധികം സന്തോഷിച്ചു.

## കുട്ടികളുടെ രക്ഷിതാവു്

ആശ്രമത്തിന്നടുത്തു് പെറുകുട്ടികളുടെ ഒരു പള്ളിക്കൂടമുണ്ടായിരുന്നു. അതിൻെറ മേൽനോട്ടം വിനോബയിൽ അർപ്പിക്കപ്പെട്ടു. കൃത്യസമയത്തു് കുട്ടികളെ വിളിച്ചുണർത്തുക, ദേഹശുദ്ധീകരണം നടത്തിച്ചു് ആഹാരം, കളി, പഠനം എന്നിതെല്ലാം സമയംതെററാതെ നടത്തിക്കുക; കൂട്ടത്തിൽ ആശ്രമകാര്യങ്ങൾ പിഴക്കാതെ നടത്തുകയുംചെയ്യു. അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ പ്രവൃത്തിയേതും ഒരുപോലെയാണു്. ഉയർന്നതും താഴ്ന്നതുമെന്നു പ്രവൃത്തി തരംതിരിക്കുന്ന സമ്പ്രദായത്തിന്നദ്ദേഹം അനുകൂലിയല്ല. സമുദായസേവനമെന്ന നിലക്കാണ് അദ്ദേഹം ഓരോ പ്രവൃത്തിയും ചെയ്യുതു്. വിനോബ വരുന്നതിന്നു



ഗുരുജിയും ശിഷ്യന്മാരും

മുമ്പ് ആ പള്ളിക്കൂടത്തിലുള്ള വിദ്യാർത്ഥികളിൽനിന്ന് ഇടയ്ക്കെല്ലാം നിലവിളി കേൾക്കാമായിരുന്നു. അദ്ധ്യാപകന്മാരുടെ കോപം ആ കുരുന്നുഹൃദയങ്ങളിൽ പലപ്പോഴും ആഞ്ഞടിക്കാറുണ്ടായിരുന്നു. കുട്ടികളിൽ ഈശ്വരനെ ദർശിക്കുന്ന വിനോബ മുമ്പിലെത്തിയതോടെ അവരുടെയിടയിൽനിന്ന് സ്നേഹത്തിൻെറയും ആഹ്ലാദത്തിൻെറയും ശബ്ദമുയർന്നു. അദ്ധ്യാപകവൃത്തിയിലും അദ്ദേഹം ഏതാനും നാൾ കഴിക്കയുണ്ടായി.

ഒരു ദിവസം ഗുജറാത്ത് വിദ്യാപീഠത്തിലെ വിദ്യാൎത്ഥികൾ ഗാന്ധിജിയോടു ചോദിച്ചു. "ഈ കക്കൂസ് വൃത്തിയാക്കലും മലമെടുക്കലും വൃത്തികെട്ട പണിയെന്നല്ലാതെ, ഇതിൽനിന്നെന്താണു് പഠിക്കാനുള്ളതു്?"

ഗാന്ധിജി പറഞ്ഞു:—"ഹോ! ഇതൊന്നാന്തരം ജോലിയാണു്. ഇതിൽനിന്നു വളരെയധികം പഠിക്കാനുണ്ടു്. ഇപ്പോൾ സമയമായിട്ടുണ്ടു്. ആ പാഠം പഠിക്കേണ്ടവർ മുന്നോട്ടുവരട്ടെ." ഗാന്ധിജി മൌനം പൂണ്ടു. അദ്ധ്യാപകന്മാരും ആ വിദ്യാൎത്ഥികളും എന്തുവേണമെന്നറിയാതെ വിഷമിച്ചു നില്പായി. പെട്ടെന്നു വിനോബ മുന്നോട്ടു വന്നു കക്കൂസു പ്രവൃത്തി നടത്തിത്തുടങ്ങി. അദ്ദേഹം ആരെയും കാത്തുനിന്നില്ല. വിദ്യാൎത്ഥികൾ അദ്ദേഹത്തെ അനുകരിച്ചു പാഠം പഠിച്ചു.

★

ജുലൈ

# മൂന്ന്

## ആചാര്യൻ

ഗാന്ധിജിയുടെ സുഹൃത്തും ഭക്തനുമായ ജമൻലാൽ ബജാജ് 1921ൽ ഗാന്ധിജിയെ വാർധ ക്ഷണിച്ചു. ഭാവിയിൽ ആശ്രമജീവിതം വാർധയിലാക്കണമെന്നും അതിനുവേണ്ട സൌകര്യങ്ങളെല്ലാം അവിടെ തയ്യാറായിരിക്കയാണെന്നും അദ്ദേഹം ഗാന്ധിജിയെ അറിയിച്ചു. "ഞാൻ ഗുജറാത്തിയല്ലേ? ഗുജറാത്തിനെ സേവിക്കുന്നതിലൂടെ രാഷ്ട്രസേവനം നടത്തുകയാണെനിക്കിഷ്ട"മെന്നായിരുന്നു ഗാന്ധിജിയുടെ മറുപടി. തല്ക്കാലം ജമൻലാൽ മടങ്ങിയെങ്കിലും പിന്നീടും ആശ്രമത്തിൽ വന്നപ്പോൾ അതേ ആവശ്യം അദ്ദേഹം ആവർത്തിച്ചു. ബാപ്പു ആദ്യത്തെ അഭിപ്രായത്തിൽ ഉറച്ചുതന്നേ നിന്നു. എന്നാൽ "വിനോബയെ എന്റെകൂടെ അയച്ചുകൂടേ?" എന്നായി ബജാജ്. ഗാന്ധിജി സമ്മതിച്ചു

വിനോബ വാർധയിൽചെന്നു ആശ്രമമാരംഭിച്ചു. ആശ്രമവാസികളായി ചേൎന്ന ഓരോ വ്യക്തിയുടേയും ജീവിതം വിശുദ്ധമാക്കുകയെന്ന ഭാരിച്ച ചുമതല ഏറെറടുത്തു. പതിനൊന്നു വ്രതങ്ങൾ അന്തേവാസികൾക്ക് വേണ്ടി അദ്ദേഹം നടപ്പിൽ വരുത്തി.

## ആശ്രമവ്രതങ്ങൾ

അഹിംസാ സത്യ അസ്തേയ ബ്രഹ്മചര്യ്യ അസംഗ്രഹ
ശരീരശ്രമ അസ്വാദ സർവ്വത്രഭയവർജ്ജന
സർവ്വധർമ്മീസമാനത്വം സ്വദേശീ സ്പർശഭാവനാ
ഹീ ഏകാദശ സേവാവീം നമ്രത്വേ വ്രതനിശ്ചയേ.

ആചാര്യ്യവിനോബ വാർദ്ധയിൽ തൻെറ ആശ്രമത്തിൽ നടപ്പിൽ വരുത്തിയ വ്രതങ്ങൾ ഗാന്ധിജിയെ വളരെയധികം സന്തോഷിപ്പിച്ചു. സബർമതി ആശ്രമത്തിലും അവ സ്വീകരിക്കപ്പെട്ടുകയും, പ്രാർത്ഥനയുടെ കൂട്ടത്തിൽ അതു രണ്ടുനേരവും ഉരുക്കഴിക്കുന്ന രീതി നടപ്പിലാവുകയും ചെയ്തു. ഇന്നും ഗാന്ധിയൻപ്രാർത്ഥനയുടെകൂടെ പ്രസ്തുത ശ്ലോകം ഒരവിഭാജ്യഘടകമായി നിലനില്ക്കുകയാണു്.

## സമരരംഗത്തിൽ

1923ൽ 'ജാലിയൻവാലാബാഗി'ൻെറ സ്മരണയെ മുൻനിർത്തി നടത്തപ്പെട്ട നാഗ്പൂർ പതാകാസത്യാഗ്രഹത്തിൻെറ സന്ദർഭത്തിലാണു് വിനോബ ആദ്യമായി അറസ്റ്റ് ചെയ്യപ്പെട്ടതു്. സത്യാഗ്രഹത്തിൽ പങ്കെടുക്കുന്നതിന്നുമുമ്പുതന്നെ പോലീസുകാർ കരുതൽതടങ്കൽനിയമത്തിൻെറ പേരിൽ അദ്ദേഹത്തെ അറസ്റ്റ്ചെയ്തു് ജയിലിലേക്ക കൊണ്ടുപോയി. പ്രസ്തുത സത്യാഗ്രഹ

ത്തിൻെറ അപ്രതിഹതമായ പുരോഗതിയിൽ ഗവമ്മേ ണ്ട് പരാജയപ്പെട്ടുകയും അറസ്റ്റ്ചെയ്തവരെയെല്ലാം വിട്ട യക്കുകയും ഒരു താല്ക്കാലികസന്ധിക്കു തെയ്യാറാവുകയുമാ ണ്ചെയ്തതു്. കൂട്ടത്തിൽ ആചായ്യജിയും മോചിതനാ യി. വീണ്ടും അദ്ദേഹം തൻെറ ആശ്രമജീവിതം തുടൻ.

അന്നാണ് കേരളത്തിലെ സുപ്രസിദ്ധക്ഷേത്രമായ വൈക്കം ഒരു സത്യാഗ്രഹത്തിൻെറ വക്കത്തേക്കു് നീങ്ങി യതു്. കേരളത്തിലെ നേതാക്കന്മാർ ഉപദേശനിർദ്ദേ ശങ്ങൾക്കും സമരം നയിക്കാനുമായി ഗാന്ധിജിയെ സമീ പിച്ചു. ഗാന്ധിജിക്കു് നല്ല ദേഹസുഖമില്ലായിരുന്നു. അടിയന്തരഘട്ടത്തിൽ താൻ എത്തിക്കൊള്ളാമെന്ന നി ശ്ചയം അവരെ അറിയിച്ചു, ഉപദേശങ്ങളും നിദ്ദേശവും കൊടുത്തു് തൻെറ പ്രതിപുരുഷനായി വിനോബയെ അ വരുടെകൂടെ ബാപ്പു അയച്ചു

വൈക്കം സത്യാഗ്രഹത്തിനുശേഷം വിനോബ വാ ൎദ്ധക്കുതന്നെ മടങ്ങി. തൻെറ ആശ്രമം പുരാതനഷി കളുടെ രീതിയെ മുൻനിത്തി നടത്താനായിരുന്നു അദ്ദേ ഹമാഗ്രഹിച്ചതു്. സ്വാവലംബം, വിജ്ഞാനം, ആത്മ ബോധം എന്നിവയ്ക്കു കേന്ദ്രമായും ഏതു ജടിലപ്രശ്നങ്ങൾ ക്കും സമാധാനകരമായ ഉത്തരം സിദ്ധിക്കുന്ന തരത്തിലും അതുപയോഗപ്പെടണമെന്ന് അദ്ദേഹം അഭിലഷിച്ചു. അ ന്നു, ഹിന്ദുമുസ്ലിം മൈത്രിയെ മുൻനിത്തി ഡെൽഹിയിൽ

വെച്ചു ഗാന്ധിജി 21 ദിവസത്തെ നിരാഹാരവ്രതം പ്രഖ്യാപിച്ചു. ആചാര്യജിക്കു് ഡെൽഹിക്കു ചെല്ലാൻ ബാപ്പുവിൽനിന്നു നിർദ്ദേശം കിട്ടിയതനുസരിച്ചു് അദ്ദേഹം അങ്ങോട്ടുപോയി. ബാപ്പുവിൻെറ ശുശ്രൂഷകനും ആചാര്യനുമെന്ന നിലയിലായിരുന്നു അന്നു് അദ്ദേഹത്തിന്നു് വഹിക്കേണ്ടിയിരുന്ന ചുമതലകൾ. ബാപ്പുവെ ശുശ്രൂഷിക്കുകയും ഗീത വായിച്ചുകേൾപ്പിക്കുകയും സംശയനിവൃത്തിവരുത്തിക്കൊടുക്കുകയും ചെയ്യേണ്ടുന്നതിന്നു പുറമെ പ്രാൎത്ഥനാപ്രഭാഷണവും അദ്ദേഹത്തിന്നു നിൎവ്വഹിക്കേണ്ടതുണ്ടായിരുന്നു. എല്ലാകാര്യങ്ങളും സനിഷ്കൃഷ്ടം വിനോബ നിർവ്വഹിച്ചു. നിരാഹാരവ്രതപരിസമാപ്തിക്കുശേഷം അദ്ദേഹം വാൎദ്ധയിലേക്കു തന്നെ തിരിച്ചു.

രാഷ്ട്രീയങ്ങളും രാജനീതിപരങ്ങളുമായ വലിയ വലിയ കാര്യങ്ങളാലോചിച്ചു് തലപുണ്ണാക്കുക വിനോബക്കിഷ്ടമായിരുന്നില്ല. നിശ്ശബ്ദമായ ഗ്രാമപ്രവൎത്തനം, നാട്ടിൻെറ വിഷമപ്രശ്നങ്ങൾക്കു് പരിഹാരമുണ്ടാക്കുവാൻ ഗ്രാമങ്ങളുടെ ഉറങ്ങിക്കിടക്കുന്ന നിൎമ്മാണശക്തിയെ വിളിച്ചുണൎത്തുക, കോളേജ്പഠനം, ഉന്നതവിദ്യാഭ്യാസം എന്നിവയെല്ലാം സാഹസപ്പെട്ടുന്നതിന്നു പകരം ഗ്രാമജീവിതത്തിൽ വെളിച്ചം പകരുക, മാനസിക വളൎച്ചക്കും ആത്മജ്ഞാനത്തിന്നും ഉപയുക്തമാകത്തക്കനിലക്കു് മനുഷ്യജീവിതം രൂപപ്പെടുത്തുക—അദ്ദേഹത്തിൻെറ ചിന്താഗതി ഈ നിലക്കാണു് പ്രവൎത്തിച്ചതു്.

1930ൽ ഗാന്ധിജി നിയമലംഘനപ്രസ്ഥാനമാരംഭിച്ചു. ഉപ്പുനിയമലംഘനം മദ്യോല്പാദനവൃക്ഷങ്ങൾ മുറിക്കുക മുതലായവ രാജ്യവ്യാപകമായ നിലയിൽ മുന്നോട്ടു നീങ്ങി. ബാപ്പുവിൻെറ ആജ്ഞയനുസരിച്ചു് വിനോബയും രംഗത്തിലിറങ്ങി പനമുറിച്ചുതള്ളുന്നതിലും മററു പ്രവർത്തനങ്ങളിലും അദ്ദേഹം വ്യാപൃതനായി. നിയമം ലംഘിച്ചിട്ടും അന്നു ഗവമ്മെണ്ടദ്ദേഹത്തെ അറസ്റ്റ് ചെയ്തില്ല.

1931ൽ ഖാൻദേശത്തുവെച്ചു് നടത്തപ്പെട്ട സത്യാഗ്രഹപ്രവർത്തകന്മാരുടെ സമ്മേളനത്തിൽ വിനോബ അദ്ധ്യക്ഷനായവരോധിക്കപ്പെട്ടു. സത്യാഗ്രഹികളുടെ മാർഗ്ഗം തുറന്നുകാട്ടിക്കൊണ്ടു് അന്നു് അദ്ദേഹംചെയ്ത പ്രസംഗം ഉജ്ജ്വലവും ആവേശജനകവുമായിരുന്നു. അദ്ദേഹം പ്രസംഗമദ്ധ്യേ പറഞ്ഞു, "മഹാത്മാഗാന്ധിയുടെ സത്യാഗ്രഹം ഈ നാട്ടിലെ യുവാക്കളേയും വൃദ്ധന്മാരേയും സ്ത്രീകളേയുമെന്നുവേണ്ട, മനുഷ്യരെയാകമാനം ആഹ്വാനം ചെയ്തിരിക്കയാണു്. നാമോരോരുത്തരും യഥാർത്ഥസത്യാഗ്രഹികളാവുകയും സകലരുടേയും ഹൃദയത്തിൽ അതിൻെറ ആഹ്വാനം കൊണ്ടുച്ചെന്നെത്തിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. സത്യാഗ്രഹം രാമനാമംപോലെ സകലർക്കുമായിട്ടാണു് ആവിഷ്കരിക്കപ്പെട്ടിരിക്കുന്നതു്." മണിക്കൂറുകളോളം നീണ്ടുനിന്ന ആ പ്രസംഗം ആ ധർമ്മഭടന്മാരിൽ ഒരു നവോന്മേഷം പകർത്തി.

1932ൽ വീണ്ടും സത്യാഗ്രഹസമരമാരംഭിച്ചു. വി നോബ ധൂലിയാ, ബെൽഗാം എന്നിവിടങ്ങളിൽ ചെയ്ത പ്ര സംഗങ്ങൾക്ക് അദ്ദേഹം അറസ്റ്റ്ചെയ്യപ്പെട്ടു. ധൂലിയാ ജയിലിലാണ് വിനോബയെ പ്രവേശിപ്പിച്ചത്. ജയി ലിൽ ജമൻലാൽ ബജാജ്, ഗോപാൽറാവ്കാളെ, രാ മേശ്വർ, സാനേ ഗുരുജി എന്നിങ്ങിനെ പ്രമുഖരായ അ നേകമനേകം പേർ എത്തിച്ചേർന്നു. അവരുടെ കൂട്ടത്തി ൽ "ബി." ക്ലാസ്സ് ജെയിലാണ് വിനോബക്കും കിട്ടിയ ത്. ആയിരക്കണക്കായ സത്യാഗ്രഹികൾ 'സി' ക്ലാസ്സിൽ കഷ്ടപ്പെടുന്നതിന്നിടയിൽ ഏതാനും ചിലർമാത്രമായി ജീവിതസൌകര്യങ്ങളധികമനുഭവിച്ചുകൊണ്ടുള്ള "ബി" ക്ലാസ്സ് വ്യവസ്ഥയെ അദ്ദേഹം നിഷേധിച്ചു. തനിക്കു കിട്ടി യ പ്രത്യേകസൌകര്യങ്ങളെല്ലാം അദ്ദേഹം പരിത്യജിച്ചു.

## ഗീതാപ്രവചനം

1932ൽ ധൂലിയാ ജെയിലിൽവെച്ച് ആഴ്ചതോറും വിനോബ സഹപ്രവർത്തകന്മാൎക്കായി ഗീതയെ സംബ ന്ധിച്ച് നടത്തിയ ക്ലാസ്സ്, ഗീതയെ ഒരു പുതിയ വീക്ഷ ണകോണിൽക്കൂടി കാണുന്ന മഹത്തായ ഒരു പ്രഭാഷണ പരമ്പരയായിരുന്നു. വിനോബയുടെ ഭാഷണപരമ്പരകൾ സാനേ ഗുരുജി അതാതുസമയം പകർത്തെടുത്തു. ഈ രാജ്യത്തിന്ന് സിദ്ധിച്ച ഒരനർഘനിധിയായ 'ഗീതാപ്ര വചനം' അങ്ങിനെയാണ് രൂപംകൊണ്ടത്.

ജെയിൽമുക്തിക്കുശേഷം, വാർദ്ധക്കടുത്ത നാൽവാടിയിൽ സ്ഥാപിക്കപ്പെട്ട ആശ്രമത്തിലേക്കദ്ദേഹം താമസം മാററി. ഈരണ്ടാഴ്ച കൂട്ടുമ്പോൾ ആശ്രമവാസികളായ പ്രവത്തകന്മാരെല്ലാം അവിടെ ഒത്തുചേൻ്ന് അവരവരുടെ പ്രവത്തനറിപ്പോർട്ട് സമപ്പിക്കുവാൻ അദ്ദേഹം വ്യവസ്ഥപ്പെടുത്തി. കൊല്ലംതോറും പ്രവത്തകന്മാരുടെ ഒരു വിശേഷാൽ സമ്മേളനത്തിന്നും അദ്ദേഹം വ്യവസ്ഥ ചെയ്തു.

## രോഗബാധ

നിരന്തരമായ അദ്ധ്വാനം വിനോബയെ രോഗശയ്യാവലംബിയാക്കി. നാൾതോറും അദ്ദേഹത്തിന്ന് ക്ഷീണം വദ്ധിച്ചുവന്നു. ഗാന്ധിജിയും സഹപ്രവത്തകന്മാരും അദ്ദേഹത്തിൻെറ സ്ഥിതിയിൽ ഉൽക്കണ്ഠാകുലരായി. അവസാനം ബാപ്പു നിർദ്ദേശിച്ചതനുസരിച്ച് പൌനാറിൽ വിനോബക്ക് വിശ്രമസങ്കേതമേപ്പെടുത്തപ്പെട്ടു. വിനോബയെ അങ്ങോട്ടുമാററി. പ്രസ്തുത ആശ്രമത്തിന്ന് വിനോബ "പരംധാം" എന്നാണ് പേർ കൊടുത്തതു്. പരംധാമിൽ അദ്ദേഹത്തിന്ന് ക്രമത്തിൽ സ്വാസ്ഥ്യം വീണ്ടുകിട്ടി.

നിയമസഭാപ്രവേശം, നിയമസഭാബഹിഷ്കാരവും ഗ്രാമപ്രവത്തനവും—ആ കാലത്തു കോൺഗ്രസ്സിൽ അങ്ങിനെ രണ്ടു പക്ഷം പൊന്തിവന്നു. നിയമസഭയിലൂടെ

വളരെയധികം മുന്നോട്ടുപോകാൻ കഴിയുമെന്നായിരുന്നു ആദ്യത്തെ വിഭാഗം വാദിച്ചതു്. നിയമസഭയും ഉദ്യോഗവും ബഹിഷ്കരിച്ചു ഗ്രാമങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണു് നാട്ടിന്റെ നന്മക്കു് ഏററവും ഉപയുക്തമെന്നു് മററെ വിഭാഗം നിഷ്കർഷിച്ചു. സ്വാഭാവികമായും വിനോബ രണ്ടാമത്തെ അഭിപ്രായക്കാരെയാണു് അനുകൂലിച്ചതു്.

## പാണ്ഡിത്യം

ഇതിനിടയിൽ എല്ലാ മതങ്ങളെപ്പററിയും പൂർണ്ണമായ അറിവു സമ്പാദിക്കാൻ അദ്ദേഹം തീരുമാനിക്കയും അതിന്നുപയുക്തമായ ഭാഷകളൊന്നൊന്നായി പഠിച്ചുതുടങ്ങുകയും ചെയ്തു. ഭാഷാപഠനത്തെത്തുടൎന്നു ഖുർആൻ, ബൈബിൾ, ഉപനിഷത്തുകൾ, ബുദ്ധമതഗ്രന്ഥങ്ങൾ, ജൈനമതപുസ്തകങ്ങൾ മുതലായവ ഓരോന്നും അദ്ദേഹം വായിച്ചു. പാർസി, അറബി, ഫ്രഞ്ചു്, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, ബങ്കാളി, ഗുജറാത്തി, തെലുങ്കു്, തമിഴ് മുതലായ വിവിധ ഭാഷകൾ പലതും അദ്ദേഹം പഠിച്ചു. ഇന്നദ്ദേഹം പതിനെട്ടോളം ഭാഷകളിൽ പണ്ഡിതനാണു്. ഏററവുമധികം ഉച്ചരിക്കാൻ വിഷമതയുള്ള അറബിഭാഷ അദ്ദേഹം ഉച്ചരിക്കുന്നതുകേട്ടു് മൌലാനാ അബ്ദുൽകലാം ആസാദ് അത്ഭുതപ്പെട്ടുപോയിട്ടുണ്ടു്.

സംസ്കൃതത്തിലും ഗണിതശാസ്ത്രത്തിലുമാണു് അദ്ദേഹമെപ്പോഴും അധികമായ താല്പര്യം പ്രദർശിപ്പിക്കുന്നതു്.

താൻ ഏറ്റെടുക്കുന്ന ഏതും അതിൻെറ പൂൎണ്ണതവരെ വി ശകലനംചെയ്തു പഠിക്കുകയെന്നതാണ് അദ്ദേഹത്തിൻെറ പ്രത്യേകത. ഗാന്ധിജി ആവിഷ്കരിച്ച നിൎമ്മാണപരി പാടികളോരോന്നും അതിൻെറ പൂൎണ്ണതവരെ പ്രവൎത്തി ച്ചു പഠിച്ച ഏകവ്യക്തി വിനോബയാണെന്നതു് പരമാൎത്ഥം മാത്രമാണ്.

ഹരിജനസേവനത്തിൽ അദ്ദേഹം എപ്പോഴും മുഴുകുന്നു. അവരോടൊപ്പം താമസിക്കുകയും അവരെ പഠിപ്പിച്ചുയൎത്തുകയും ചെയ്യുന്നതു് അദ്ദേഹത്തിൻെറ ജീവിതചൎയ്യയിൽപെടുന്നു. ഏതാനും ഹരിജനങ്ങളെ അദ്ദേഹമെപ്പോഴുംകൂടെ താമസിപ്പിക്കുകയും അവരുടെ പ്രവൃത്തി ഏറെറടുക്കുകയും ചെയ്യുന്നു. സബർമതി, വാൎദ്ധാ, സുർഗാവ് എന്നിവിടങ്ങളിലെല്ലാം വളരെ മാസങ്ങളോളം അദ്ദേഹം കക്കൂസെടുക്കുന്ന ജോലി നിൎവ്വഹിച്ചിട്ടുണ്ടു്. ഖാദി സംബന്ധിച്ചു അദ്ദേഹം ജീവിതത്തിൽ അനവധിനാളുകൾ ചിലവഴിച്ചു് പരീക്ഷണങ്ങൾ നടത്തി പരുത്തി വിത്തുപാവുക മുതൽ വസ്ത്രം നെയ്യുന്നതുവരെ എല്ലാ ജോലിയും തന്നെത്താൻ അദ്ദേഹം പ്രവൎത്തിച്ചു പരിശീലനംനേടി. തക്ലിയിൽ ആരെക്കാളും വേഗതയിൽ അദ്ദേഹം നൂല്ക്കും. ചൎക്കക്കുവേണ്ടി വൎഷങ്ങളെക്കായി അദ്ദേഹം പരീക്ഷണം നടത്തി. തീരെ പൊട്ടാതെ ഏകാഗ്രമായിട്ടാണ് അദ്ദേഹത്തിൻെറ അതിവേഗത്തിലുള്ള നൂൽനൂല്പ്. സൂത്രയജ്ഞം നടത്താതെ ഇന്നും അദ്ദേഹം ഉറങ്ങ

കയില്ല. ഗ്രാമവ്യവസായസംബന്ധമായ എല്ലാ പ്രവ
ർത്തനങ്ങളും പഠിക്കാനും പരീക്ഷിക്കാനും അദ്ദേഹത്തി
ന്നു കഴിഞ്ഞിട്ടുണ്ട്. അടിസ്ഥാനവിദ്യാഭ്യാസത്തിന്നും
ഹിന്ദുമുസ്ലിംമൈത്രിക്കുംവേണ്ടി ഇത്രയധികം പ്രവർത്തി
ക്കാൻ അധികമാളുകൾക്കൊന്നും കഴിഞ്ഞിട്ടില്ല. ഗാ
ന്ധിജിയുടെ മുമ്പിൽവരുന്ന പലചോദ്യങ്ങൾക്കും മറുപ
ടി കാണുന്ന കാര്യത്തിൽ വിനോബ വളരെയധികം സ
ഹായിച്ചതായിക്കാണാം. വേദത്തിലും ഉപനിഷത്തുക്ക
ളിലുംനിന്നുള്ള അനേകം തത്വരത്നങ്ങൾ വിനോബ മു
ഖേന ഗാന്ധിജിക്കു ലഭിക്കുകയുണ്ടായിട്ടുണ്ട്.

★

## നാല്

### പ്രഥമസത്യാഗ്രഹി

1939ൽ രണ്ടാം ലോകമഹായുദ്ധം പൊട്ടി. സം
സ്ഥാനങ്ങളിൽ ഭരണം നടത്തിവരുന്ന കോൺഗ്രസ്സ്
മന്ത്രിസഭകളെ ധിക്കരിച്ചുകൊണ്ട് ഇന്ത്യ യുദ്ധത്തിൽ
ചേർന്നതായി ഇന്ത്യാവൈസ്രോയി പ്രഖ്യാപിച്ചു. അ
ദ്ദേഹം യുദ്ധത്തിന്നു പണവും ആളും വേണമെന്ന് ഇന്ത്യ
ക്കാരോടാവശ്യപ്പെട്ടു. അതിന്നു ലക്ഷക്കണക്കിലുള്ള സംരംഭങ്ങൾ

ഉന്നതഗവൎമ്മേണ്ടകേന്ദ്രങ്ങളിലൂടെ ഊൎജ്ജിതപ്പെടുത്താൻ തുടങ്ങി. വൈസ്രോയിയുടെ സ്വേച്ഛാചാരത്തിൽ പ്രതിഷേധിച്ച് കോൺഗ്രസ്സ് മന്ത്രിസഭകളെല്ലാം രാജിവെച്ചു പുറത്തുപോന്നു. വ്യക്തിസത്യാഗ്രഹം പ്രഖ്യാപിതമായി. “ആളെക്കൊണ്ടോ പണംകൊണ്ടോ യുദ്ധത്തിൽ ബ്രിട്ടനെ സഹായിക്കുന്നത് ധാൎമ്മികമായി തെററാണെ”ന്ന മുദ്രാവാക്യം അംഗീകരിക്കപ്പെട്ടു. വിശുദ്ധചരിത്രരും രചനാത്മകപ്രവൎത്തകരുമായ സത്യാഗ്രഹികളെ തിരഞ്ഞെടുത്ത് യുദ്ധവിരുദ്ധപ്രചാരവേലനടത്താനും നിൎമ്മാണപ്രവൎത്തനം സംഘടിപ്പിച്ച് ഗ്രാമങ്ങളെ ഉണൎത്താനുമുള്ള ഉത്തരവാദിത്തം ഗാന്ധിജിയിൽ സമൎപ്പിതമായി.

ആരാണ് പരമപവിത്രമായ ജീവിതം നയിക്കുന്ന വ്യക്തി? നിൎമ്മാണരംഗത്തിൽ ആഴംവരെ ഇറങ്ങിച്ചെല്ലാൻ ആൎക്ക് സാധിച്ചിട്ടുണ്ട്? ഗാന്ധിജിയുടെ മുമ്പിൽ ഈ പ്രശ്നം വമ്പിച്ച വിഷമമായി നിലകൊണ്ടു. അദ്ദേഹത്തിന്നു ആദ്യമായി സത്യാഗ്രഹത്തിന്ന് പുറപ്പെടേണ്ടുന്ന വ്യക്തിയെസ്സംബന്ധിച്ച് അതൊരു സമുന്നത കാൎയ്യമാണ്. നാല്പതുകോടിഇന്ത്യക്കാരുടെ വിശുദ്ധധൎമ്മവിചാരത്തിന്റെ പ്രാതിനിധ്യത്തോടുകൂടി ലോകമഹായുദ്ധത്തെ വെല്ലുവിളിക്കാനുള്ള വ്യക്തിയേയാണ് വേണ്ടിയിരിക്കുന്നതു്. ഗാന്ധിജി നെഹറുവെ സങ്കല്പിച്ചു; പട്ടേലിനെപ്പററി ചിന്തിച്ചുനോക്കി; സരോജിനീദേവി,

രാജൻബാബു, രാജാജി, ആസാദ്, കൃപലാനി—അങ്ങിനെ നേതാക്കന്മാർ ചലച്ചിത്രത്തിലെന്നപോലെ, അദ്ദേഹത്തിന്റെ മനസ്സിൽ ഒരാൾക്കുപിമ്പെ ഒരാളായി നീങ്ങി. എല്ലാവരും പ്രശസ്തരും പ്രഗത്ഭരുമാണ്. വ്യക്തിനിഷ്ഠമായ പരിശുദ്ധിയുടെ പൂർണ്ണതയാണ് സകല ഗുണങ്ങളിലുമുപരിയായി വ്യക്തിസത്യാഗ്രഹിക്ക് വേണ്ടതു്. ഗാന്ധിജിയുടെ ചിന്ത വിനോബയിൽ ചെന്നുമുട്ടി. അദ്ദേഹത്തിന്നു ആദർശസത്യാഗ്രഹിയെ ലഭിച്ചു; കാര്യം തീരുമാനത്തിലെത്തി.

ആദർശപൂർണ്ണനായ പ്രഥമസത്യാഗ്രഹിയായി ഗാന്ധിജി വിനോബയുടെ പേർ പ്രഖ്യാപിച്ചപ്പോൾ എല്ലാവരും അത്ഭുതപ്പെട്ടു. വിനോബഭാവെ—പത്രങ്ങളിലെല്ലാം ആ അഞ്ചക്ഷരം ആദ്യമായി വെണ്ടക്കാടൈപ്പിൽ സ്ഥലം പിടിച്ചു. മഹാന്മാരും പേർകേട്ടവരുമായ അനേകമനേകം നേതാക്കന്മാരെയപേക്ഷിച്ച് ആദർശനിഷ്ഠനും പവിത്രചരിത്രനും ഉത്തമനുമായ സത്യാഗ്രഹി വിനോബയാണെന്നു് ജനങ്ങൾക്കു മനസ്സിലായി.

നിശ്ചിതതീയ്യതിയ്ക്കു, കൃത്യസമയം, പവനാറിൽ വെച്ച് വിനോബാ വ്യക്തിസത്യാഗ്രഹമാരംഭിച്ചു. 1940 ഒക്ടോബർ 17 ആണ് തീയ്യതി. വിനോബ യുദ്ധവിരോധപ്രസംഗംചെയ്തു പ്രചരണം നടത്തി; തിരഞ്ഞെടുക്കപ്പെട്ട യുദ്ധവിരുദ്ധ മുദ്രാവാക്യം മുഴക്കിസ്സഞ്ചരിച്ചു. ആരംഭത്തിൽ അറസ്റ്റുണ്ടായില്ല. ഒരു വ്യക്തി

ഒരു വിശാലവിസ്തൃതമായ രാജ്യത്തിലെവിടെയോ മൂന്നുനാലു വാക്കുകൾ പറഞ്ഞുകൊണ്ടുനടന്നാൽ ബ്രിട്ടീഷുകാൎക്ക് ഒരു നഷ്ടവുമില്ലെന്ന മട്ടാണവർ ആദ്യമാദ്യം കൈക്കൊണ്ടതു്. അധികൃതന്മാർ ആലോചിച്ചു—അതു് ബ്രിട്ടീഷുസാമ്രാജ്യത്തോടൊരു വെല്ലുവിളിയല്ലേ! ഇന്ത്യയിലെ മഹത്തായ സംഘടനയുടെ പ്രാതിനിദ്ധ്യത്തിലല്ലേ ആ യാത്ര! വ്യക്തിസത്യാഗ്രഹിയുടെ ശബ്ദം: 40 കോടി മനുഷ്യരുടെ ശബ്ദം അതിലൊതുങ്ങിക്കിടപ്പില്ലേ! ഇതിനെല്ലാം പുറമെ, തങ്ങൾ യുദ്ധത്തിൽ പെട്ടിരിക്കേ വ്യക്തമായനിലയിൽ ഗവൺമെണ്ടിന്നെതിരായി നിയമം ലംഘിക്കപ്പെടുകയാണു്! ഒടുവിൽ വിനോബ അറസ്റ്റ്ചെയ്യപ്പെട്ടു. വിനോബയുടെ സ്ഥാനത്തു ജവഹർലാൽ തിരഞ്ഞെടുക്കപ്പെട്ടു. രണ്ടാമത്തെ സത്യാഗ്രഹിയായതു് ജവഹർലാലാണ്. തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ മുഖേന നാടൊട്ടുക്കു് വ്യക്തിസത്യാഗ്രഹം സമാരംഭിക്കപ്പെട്ടു. മൂന്നുമാസത്തെ ജയിൽവാസം കഴിഞ്ഞു വിനോബ പുറത്തുവന്നു. ഉടൻ രണ്ടാമതും സത്യാഗ്രഹമനുഷ്ഠിച്ചു വീണ്ടും അറസ്റ്റും ശിക്ഷയും വിട്ടതിയും; അങ്ങിനെ വിനോബ വ്യക്തിസത്യാഗ്രഹത്തിൽ മൂന്നു തവണ ശിക്ഷിക്കപ്പെട്ടു.

മഹായുദ്ധം കൂടുതൽ ഭീഷണമായി. വിരുദ്ധാഭിപ്രായത്തിൽനിന്നു് ഇന്ത്യക്കാരെ പിന്തിരിപ്പിക്കാൻ ചില പരിശ്രമങ്ങൾ ബ്രിട്ടീഷു ഗവൺമെണ്ടു് നടത്തി. ക്രിപ്സ് ദൌത്യം നടന്നു. കോൺഗ്രസ്സ് അതു തള്ളി.

...AVIRUL ISLAM HIGH SCHOOL Date

## ആഗസ്റ്റ് വിപ്ലവം

1942 ആഗസ്റ്റ് മാസം സമാഗതമായി. കോൺഗ്രസ്സ് അവസാനതീരുമാനത്തിലെത്തി. 'ക്വിററിന്ത്യാ' ശബ്ദം ബ്രിട്ടീഷുകാരന്റെ കർണ്ണരന്ധ്രങ്ങളിൽ അലയടിച്ചു. "വിജയം, അല്ലെങ്കിൽ മരണം"—ഭാരതത്തിലെ ആയിരമായിരം കണ്ഠങ്ങളിൽനിന്നങ്ങ് ആ മഹാശബ്ദമുയൎന്നു. ആഗസ്റ്റ് 9-ാംനു- നേതാക്കന്മാരെല്ലാം അറസ്റ്റ് ചെയ്യപ്പെട്ടു. വിനോബയേയും അറസ്റ്റ്ചെയ്തു അൎദ്ധരാത്രിയിൽ എങ്ങോട്ടോ കൊണ്ടുപോയി. അദ്ദേഹത്തിന്റെ ആശ്രമവസ്തുക്കളെല്ലാം ഗവൺമെണ്ടു പിടിച്ചടക്കി. ജനങ്ങളുടെ കോപം ആളിക്കത്തി. കമ്പികൾ മുറിഞ്ഞുതെറിച്ചു; റെയിലുകൾ കാണാതായി; ഗവൺമെണ്ട് റിക്കാർഡുകളും ആഫീസുകളും കത്തിയെരിഞ്ഞു.

വിനോബയെ ആദ്യം വെല്ലൂരിലും തുടൎന്നു മദ്രാസു ജയിലിലേക്കും കൊണ്ടുപോയി. മദ്രാസിൽനിന്നു മദ്ധ്യഭാരതത്തിലേക്ക്-സിവനി ജയിലിലേക്ക്-മൂന്നുവൎഷം അങ്ങോട്ടുമിങ്ങോട്ടുമായി ജയിലിലദ്ദേഹം കഴിച്ചു. 1945 ലാണു് അദ്ദേഹം ജയിൽ വിമുക്തനായതു്. പിന്നീടും ആശ്രമത്തിലേക്കുതന്നെയാണദ്ദേഹം നേരെ ചെന്നതു്.

## സമാധാനമാൎഗ്ഗത്തിൽ

ക്വിററിന്ത്യാസമരമവസാനിച്ച 1946ൽ ഇംഗ്ലണ്ടിൽനിന്നു്, ആദ്യം പാർലിമെണ്ടംഗങ്ങളുടേയും തുടൎന്നു

മന്ത്രിമണ്ഡലത്തിൻെറയും അന്വേഷണങ്ങളും കൂടിയാലോചനകളും ഇന്ത്യയിലെത്തി. ഈ മഹാരാജ്യത്തിൻെറ വിഭജനം തീരുമാനിക്കപ്പെട്ടു. ഈ ഘട്ടത്തിലാണു് പാക്കിസ്ഥാൻവാദം കൊട്ടമ്പിരിക്കൊണ്ടതു് അവർ ഏതുതരം കൂടിയാലോചനകൊണ്ടും തങ്ങളുടെ ഉറച്ചനിലയിൽനിന്നു അണുമാത്രം നീങ്ങാൻ കൂട്ടാക്കിയില്ല. അവർ തങ്ങളുടെ ആവശ്യമുറപ്പിക്കാൻ ബങ്കാളിൽ പാക്കിസ്ഥാൻ ദിനമാഘോഷിക്കുന്നതിന്നു് അതിഗംഭീരമായ ഏർപ്പാടുകൾ ചെയ്തു. ആഘോഷം നടന്നു. അതു വർഗ്ഗീയതയെ ആളിക്കത്തിക്കാനുപകരിച്ചു. ഉഗ്രമായ ലഹള പൊട്ടിപ്പുറപ്പെട്ടു. ഹിന്ദുക്കളുടെ കഴുത്തറുത്തെറിയപ്പെട്ടു തുടങ്ങി. മുസ്ലിമിൻെറ കഥ കഴിക്കേണ്ടതു് ഹിന്ദുകർത്തവ്യമായിക്കരുതാൻ തുടങ്ങി. രണ്ടു വിഭാഗക്കാരും ചോരക്കളത്തിലിറങ്ങി. ബങ്കാളിൽ രക്തപ്പുഴയൊഴുകി. സ്വത്തും ജീവനും കൊള്ളചെയ്യപ്പെടുകയും അരക്ഷിതാവസ്ഥ സർവ്വത്ര വ്യാപിക്കുകയും ചെയ്തു. ബങ്കാളിൻെറ കിഴക്കൻ ഭാഗങ്ങളിൽനിന്നു് ഹിന്ദുക്കൾ ജീവനുംകൊണ്ടോടി. ഓടാത്തവർ നശിപ്പിക്കപ്പെട്ടു.

മഹാത്മാഗാന്ധി കിഴക്കൻ ബങ്കാളിൽ ഓടിയെത്തി. ഏററവുമധികം ഹൃദയനശൂന്യത നടമാടിക്കൊണ്ടിരുന്ന നൌഖലിയിലൂടെ മരണവുമായി ഉരഞ്ഞുകൊണ്ടദ്ദേഹം സ്നേഹത്തിൻെറ അനശ്വരശാന്തിശബ്ദമുയർത്തിയുംകൊണ്ടു സഞ്ചരിച്ചു. അരക്ഷിതവും ഭീഷണവുമായിത്തീന്ന

ഗ്രാമങ്ങളിലൂടെ സ്നേഹത്തിൻേറയും ശാന്തിയുടേയും മന്ത്ര നാദം മുഴക്കിക്കൊണ്ട് ഗാന്ധിജി മുന്നോട്ട നീങ്ങി. ചരിത്രംകുറിച്ച ആ പദപര്യടനം വർഗ്ഗീയ വാദികളിൽ ദയാഭാവവും മനുഷ്യത്വവുമുണത്താൻ പര്യാപ്തമായി. വിനോബയെ അന്നു നൌഖലിയിലേക്ക് പോകാൻ സുഹൃത്തുക്കൾ പ്രേരിപ്പിച്ചപ്പോൾ അദ്ദേഹം ശാന്തനായി പറഞ്ഞു: "ഇല്ല, പോകാനുദ്ദേശിക്കുന്നില്ല. ബാപ്പുവിൻെറ നിർദ്ദേശമാണ് ഇവിടെ ഞാനനുഷ്ഠിച്ചുകൊണ്ടിരിക്കുന്നതു്." വിനോബ തൻെറ മുമ്പിലുള്ള കൎത്തവ്യത്തെ ഏതിലുമുപരിയായി കണക്കാക്കുന്നു. ഗാന്ധിജിയുടെ നിർദ്ദേശാനുസരണമല്ലാതെ ആശ്രമം വിട്ടുപോകുന്നതിന്നു് ഒരിക്കലും അദ്ദേഹം ഒരുക്കമായിരുന്നില്ല.

വർഗ്ഗീയവിദ്വേഷത്തിൻെറ നേൎക്ക് ഗാന്ധിജി തൻെറ സകലകഴിവുമുപയോഗിച്ചു പൊരുതി. കൽക്കത്തയിൽവെച്ചും ഡെൽഹിയിൽവെച്ചും ജീവൻേറയും മരണത്തിൻേറയും മദ്ധ്യത്തിൽ ഉഗ്രമായ ഉപവാസമനുഷ്ഠിച്ചു. നാട്ടിൽ സമാധാനം സംസ്ഥാപിതമായി.

1947 ആഗസ്റ്റ് 15-ാംനു- ഡെൽഹിയിൽവെച്ച് ബ്രിട്ടനും ഇന്ത്യയും തമ്മിൽ ഭരണകൈമാററം നടന്നു. ഈ നാട്ടിൻെറ നൂററാണ്ടുകളുടെ ഒന്നിച്ചുചേൎന്ന പ്രതീക്ഷകൾ അങ്ങിനെ സഫലപ്പെട്ടുവെങ്കിലും ആ സാഫല്യത്തെ മുറിപ്പെടുത്തിക്കൊണ്ട് ഇന്ത്യയുടെ ഒരു ഭാഗം അടൎന്നു തെറിച്ചു: പാക്കിസ്ഥാൻ ജനിച്ചു.

ഗാന്ധിജിയുടെ വധം

സ്വാതന്ത്ര്യലബ്ധിയുടെ കോലാഹലങ്ങളിലോ ആരവാരങ്ങളിലോ ബാപ്പു ഉണ്ടായിരുന്നില്ല. സ്വതന്ത്രഭാരതത്തിന്റെ കത്തവ്യത്തിന്ന് അകലെനിന്നും അദ്ദേഹം ആകൃതിയിടുകയാണെന്നു ചെയ്തതു്. അധികാരവും ആജ്ഞയുമല്ല, സ്നേഹവും സേവനവുമാണ് ഭാവി ആവശ്യപ്പെടുന്നതെന്ന പരമാത്ഥം തെളിയിക്കുന്ന ഉഗ്രസാധനയിലാണ് ഗാന്ധിജി അന്നു ഏപ്പെട്ടതു്.

ഇന്ത്യയിൽ സ്വാതന്ത്ര്യം പ്രഖ്യാപിക്കപ്പെട്ടശേഷം 5½മാസം കഴിഞ്ഞിരിക്കുകയാണ്. സ്വാതന്ത്ര്യാഘോഷങ്ങളും ചെപ്പാടുകളുമെല്ലാം ഒഴിഞ്ഞ അന്തരീക്ഷം. അന്നു ജനവരി 30-ാംനു- പ്രാത്ഥനായോഗത്തിൽ വെച്ച് മതഭ്രാന്തിന്റെ വെടിയുണ്ടയേററ്, അധികാരക്കൈമാററം നടന്ന ഡെൽഹിയുടെ മണ്ണിൽവെച്ച്, ഗാന്ധിജി ദേഹത്യാഗം ചെയ്തു. പെട്ടെന്നുള്ള ആ ഉഗ്രസംഭവം രാജ്യത്താകെ ഇരുട്ടു വ്യാപിപ്പിച്ചു. നിമ്മാണപ്രവത്തനരംഗം ഒഴിഞ്ഞപോലെ തോന്നി. ജനങ്ങളുടെ സ്വഭാവത്തിൽ ഒരു കീഴ്മേൽ മറിച്ചൽ പ്രകടമായിക്കാണാൻ തുടങ്ങി. അധികാരസ്ഥാനത്തിന്റെ നേക്കില്ലാതെ, മറെറങ്ങോട്ടും നോക്കും പോക്കും നിലച്ച നിലയായി. ശാന്തിയുടേയും സത്ഭാവത്തിന്റേയും പ്രവൃത്തികൾ, സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും കാര്യങ്ങൾ എല്ലാം എവിടേയും അപൂണ്ണമായിക്കിടന്നു.

## സവ്വോദയസമാജം

മേൽപ്പറഞ്ഞ ദുരവസ്ഥക്ക് പരിഹാരമുണ്ടാക്കേണ്ട തിലേക്ക് 1948ൽ വിനോബയുടെ ആഭിമുഖ്യത്തിൽ വാഡ്യയിൽവെച്ചു ഗാന്ധിയൻ തത്വസ്നേഹികളുടെ ഒരു സമ്മേളനം ചേൻറു. ഒരു പുതിയ സമുദായരചനയ്ക്ക് വേണ്ടിയുള്ള ഈ മഹാസമരത്തിൽ ഓരോ വ്യക്തിയും മുന്നോട്ടുവരാൻ വൈകിയിരിക്കുന്നുവെന്നും സാമൂഹ്യമായ പരിവത്തനം സാധിക്കാത്തേടത്തോളം ഇന്നു ലഭിച്ചിട്ടുള്ള രാഷ്ട്രീയസ്വാതന്ത്ര്യം അപൂണ്ണമായി മാത്രമേ ഗണിക്കാൻ നിവ്വാഹമുള്ളുവെന്നും സമ്മേളനം പ്രഖ്യാപിച്ചു. ഈ മഹാകാര്യം സാധിക്കുന്നതിലേക്കായി, ദേഹത്യാഗത്തിൻെറ അടുത്ത ദിവസങ്ങളിൽ ഗാന്ധിജി തയ്യാറാക്കിയതും "സവ്വോദയ"മെന്ന പേരിൽ അറിയപ്പെടുന്നതുമായ പ്രവത്തനപരിപാടി സമ്മേളനം അംഗീകരിക്കയും പ്രവത്തനനേതൃത്വം ആചായ്യവിനോബയിൽ അപ്പിക്കുകയുംചെയ്തു.

## സവ്വോദയപരിപാടികഠം

1. നീതിയിലും ധമ്മത്തിലും അടിയുറച്ചുനിന്നുകൊണ്ടു് സത്യത്തേയും അഹിംസയേയും മുൻനിത്തി പ്രവത്തിക്കുന്നതും ആയുധത്തിൽ വിശ്വസിക്കാത്തതും സ്നേഹത്തിലുംസേവനത്തിലും അധിഷ്ഠിതവുമായ ഒരു സമുദായ രചനയാണു് സവ്വോദയസമാജം വിഭാവനംചെയ്യുന്നതു്.

2. വ്യക്തിഗതമായ ഉടമസ്ഥതയിൽനിന്ന് ഭൂമിയും സമ്പത്തും സമുദായത്തിൻെറ ഉടമസ്ഥതയിലേക്ക് പരിവർത്തനംചെയ്യുക. കഴിവുള്ളവക്കെല്ലാം കഴിവനുസരിച്ച് ജോലിയും എല്ലാവക്കും ജീവിതത്തിന്നും വികസനത്തിന്നും സൌകര്യങ്ങളുണ്ടാക്കുക.

3. പെററമ്മയിൽ മക്കൾക്കെല്ലാം തുല്യാവകാശമുള്ളതുപോലെ ഭൂമിമാതാവിൽ സകലക്കും തുല്യാവകാശം പ്രഖ്യാപിക്കപ്പെടുക. സമുദായത്തിൻെറ ആവശ്യം കഴിച്ച് അധികമുണ്ടാകുന്ന സ്വത്തും സമ്പത്തും കൈവശം വെക്കുന്നവർ ആയതു് സമുദായം കല്പിക്കുമ്പോൾ ചിലവു ചെയ്യാനായി ട്രസ്റ്റികളെന്ന നിലയിൽ മാത്രം കൈവശം വെക്കുക.

4. ജാതി, മതം, സ്ത്രീ, പുരുഷൻ എന്നീ ഉപാധികളെ മുൻനിത്തി നിലവിലുള്ള അസമത്വം നിമ്മാജ്ജനം ചെയ്തു്, മനുഷ്യരെല്ലാം തുല്യരും സമാവകാശികളുമാണെന്ന തത്വം നടപ്പിൽ വരുത്തുക.

5. എല്ലാവക്കും വിദ്യാഭ്യാസത്തിന്നും സാംസ്കാരികോന്നമനത്തിന്നും സൌകര്യമുണ്ടാക്കുക.

6. പ്രത്യേകപ്രവൎത്തനസാമൎത്ഥ്യത്തിന്നും പ്രത്യേകവസ്തുക്കൾക്കും അഹമായ മാന്യതയും വിലയും ഉണ്ടാക്കുക.

7. ശാസനാരഹിതവും ചൂഷണമില്ലാത്തതും സമത്വാധിഷ്ഠിതവുമായ സമുദായരചന.

8. ആത്ഥികവും രാഷ്ട്രീയവുമായ അധികാരങ്ങളും അവകാശങ്ങളും പൂണ്ണമായും വികേന്ദ്രീകരിക്കുകയും വികേന്ദ്രീകരണത്തിൻെറ ഏററവും ചെറിയ ഘടകം സ്വയംസമ്പൂണ്ണമായ ഗ്രാമമായിരിക്കയും വ്യക്ത്യധിഷ്ഠിതവും സ്വതന്ത്ര്യവുമായ അധികാരാവകാശങ്ങൾക്ക് പരിഗണനയുണ്ടായിരിക്കുകയും ചെയ്യുക.

9. ആത്ഥികവ്യവസ്ഥയിൽ കൃഷിക്കും കൈത്തൊഴിലിന്നും പ്രാധാന്യമനുവദിക്കുകയും ധനനിഷ്ഠമെന്നതിന്നു പകരം സമുദായത്തെ ശ്രമനിഷ്ഠമാക്കിത്തീക്കുകയും ചെയ്യുക.

പ്രസ്തുത കാൎയ്യങ്ങളെ മുൻനിത്തിയായിരിക്കണം നിലവിലുള്ള നിമ്മാണസംഘടനകളെല്ലാം മേലിൽ പ്രവത്തിക്കേണ്ടതെന്നും മററുമുള്ള സുപ്രധാനങ്ങളായ പല തീരുമാനങ്ങളും ചെയ്തശേഷമാണ് വാർദ്ധാ സമ്മേളനം പിരിഞ്ഞതു്.

## ഗാന്ധിജിയുടെ പ്രതിപുരുഷൻ

വിനോബ വാർദ്ധയിൽനിന്നു ഡെൽഹിയിലേക്കാണ് പോയതു്. അന്നത്തെ ഏററവും ഭീഷണമായ പ്രശ്നം അഭയാത്ഥികളെ സംബന്ധിച്ചായിരുന്നു. ലക്ഷക്കണക്കായ വീടില്ലാത്തവക്ക് കുടിപാപ്പിന്നു സൌകൎയ്യംവേണം. അടുത്തകാലത്തു മാത്രം ഇസ്ലാംമതക്കാരായിത്തീന്ന മേവാമുസ്ലിംകളുടെ കാൎയ്യം അഭയാത്ഥികളിൽ ഏററവുമധികം

ദയനീയമായിത്തീന്നു. അവർ മതംകൊണ്ടു് മുസ്ലിംക ളാണെങ്കിലും സമ്പ്രദായങ്ങളോരോന്നും രജപുത്രരുടേതാ യിരുന്നതുകൊണ്ടു് അഭയംതേടി പാക്കിസ്ഥാനിൽ ചെ ന്നപ്പോഠം അവിടെനിന്നും ആട്ടിപ്പായിക്കപ്പെടുകയാണു ണ്ടായതു്. ഇന്ത്യയിലെത്തിയപ്പോഠം ഹിന്ദുക്കഠംക്കും അവർ വർജ്ജ്യന്മാരായി. ആചാര്യവിനോബാ ഗവ ൺമെണ്ടുമായും മററും വിപുലമായ കൂടിയാലോചനകഠം നടത്തി, ആദ്യമായി മേവാമുസ്ലിംകളുടെ പ്രശ്നത്തിന്നു പരിഹാരമുണ്ടാക്കിയശേഷം ബിക്കാനീറിലേക്കു് പോയി.

ബിക്കാനീറിൽ അവണ്ണരും സവണ്ണരുമായി ഗാ ന്ധിജയന്തി ദിവസം സ്ഥിതിഗതികഠം വമ്പിച്ച ഒരു ല ഹളയുടെ വക്കത്തേക്കു നീങ്ങുകയായിരുന്നു. ഗാന്ധിജയ ന്തി ആഘോഷത്തെത്തുടന്നു് വൈകുന്നേരം ക്ഷേത്രദശ്ന സമയമായപ്പോഠം ഹരിജനങ്ങഠം ക്ഷേത്രത്തിൽ കടക്കു ന്നതു് തടയപ്പെട്ടു. വിനോബ എത്തുമ്പോഴേക്കും ഹരി ജനങ്ങളും പ്രവത്തകന്മാരും ക്ഷേത്രവാതില്ക്കൽ സത്യാഗ്ര ഹം പ്രഖ്യാപിച്ചിരിക്കയായിരുന്നു. എല്ലാവരേയും കണ്ടു സംസാരിച്ചു് കാര്യം ആചാര്യജി ഒത്തുതീർപ്പിലെത്തിച്ചു. അവിടെനിന്നും അദ്ദേഹം അജ്മീറിലേക്കുപോയി.

അജ്മീറിൽ ഉർസുമേളയുടെ ആഘോഷമായിരു ന്നു. ഹിന്ദുക്കളും മുസ്ലിംകളും തമ്മിൽ ഏതു നിമിഷവും

ഒരു വമ്പിച്ച ലഹള പൊട്ടിപ്പുറപ്പെടാവുന്ന നിലയിലേക്കു സംഭവഗതികൾ നീങ്ങിക്കഴിഞ്ഞിരുന്നു. ആചാര്യ വിനോബജി രണ്ടു വിഭാഗത്തിലേയും പ്രധാനികളുമായി കൂടിക്കാഴ്ച നടത്തി; രണ്ടുകൂട്ടരുടേയും യോഗങ്ങളിൽ സംസാരിച്ചു. ഉർസുമേള സമാധാനമായി പര്യവസാനിപ്പിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കാനദ്ദേഹത്തിന്നു സാധിച്ചു. മുസൽമാന്മാരുടെ പവിത്രസ്ഥാനമായ 'ദർഗ്ഗാശറീഫി'ൽ അദ്ദേഹം മുസ്ലിംകളോടൊപ്പം ചെന്നു പ്രാർത്ഥന നടത്തുകയും രാംധൂൻ പാടുകയും ചെയ്തു. അവിടെ കൂടിയ പ്രാർത്ഥനായോഗത്തിൽ, സർവ്വമതങ്ങളും തമ്മിലുള്ള ഐക്യഭാവനയേയും ഏകദൈവചിന്തയേയും വ്യക്തമാക്കിക്കൊണ്ട് ആചാര്യജി ചെയ്ത പ്രസംഗം മുസ്ലിംകളെ രോമാഞ്ചംകൊള്ളിച്ചു. പ്രസ്തുതപ്രസംഗം കേട്ട് അകംനിറഞ്ഞ ആദരവ് രേഖപ്പെടുത്തിക്കൊണ്ടു് ദർഗയിലെ ദിവാൻ വിനോബജിക്ക് പല പാരിതോഷങ്ങളും കാഴ്ചവെക്കുകയുണ്ടായി.

അജ്മീറിൽനിന്നും അദ്ദേഹം ഹൈദരബാദിലേക്ക് ചെന്നു. ഹൈദരബാദിൽ റസാക്കർലഹള നടക്കുകയായിരുന്നു. അദ്ദേഹം എല്ലാ ഭാഗവും സഞ്ചരിച്ച് സ്ഥിതി ശാന്തമാക്കുവാൻ കഠിനശ്രമംചെയ്തു. ലഹളക്ക് താല്ക്കാലികമായെങ്കിലും ശമനമുണ്ടായി. ഹൈദരബാദ് വിട്ട് വിനോബ നേരെ പരംധാം ആശ്രമത്തിലേക്ക് മടങ്ങി.

വിശ്രമമില്ലാത്ത അദ്ധ്വാനവും യാത്രയുംകൊണ്ടു് ആചാര്യജി വല്ലാതെ തളൎന്ന നിലക്കാണു് പരംധാമിലെത്തിയതു്. എത്തിയ ഉടൻ വയററിൽ സുഖമില്ലായ്മ അനാരോഗ്യജനകമായവിധം പിടിപെട്ടു് അദ്ദേഹത്തെ ഒന്നിനുംവയ്യാത്ത നിലയ്ക്കെത്തിച്ചു. ഡാക്റ്റർമാർ ഓപ്പറേഷൻ നടത്താതെ ഭേദം കിട്ടില്ലെന്നാണു് പരിശോധനക്കശേഷം വിധിച്ചതു്. ആളുകളെല്ലാം ഓപ്പറേഷൻ നടത്താൻ ആവുന്നതും അദ്ദേഹത്തെ നിൎബ്ബന്ധിച്ചുവെങ്കിലും വിനോബ വഴങ്ങിയില്ല. "രാമനാമമുള്ളപ്പോൾ എനിക്കു് ഏതു രോഗത്തേയും ഭയമില്ലെ"ന്നായിരുന്നു വിനോബയുടെ ദൃഢമായ മറുപടി. എല്ലാവൎക്കും ഭയമായി. അദ്ദേഹമാവട്ടെ തന്റെ ദിനചര്യ അല്പമൊന്നു ഭേദപ്പെടുത്തി, പ്രാൎത്ഥനയിൽ മുഴകി സമയംകഴിച്ചു. ഏതാനും ദിവസങ്ങൾ അങ്ങിനെ കഴിഞ്ഞപ്പോൾ, ഡോക്റ്റർമാരെ അത്ഭുതപ്പെടുത്തിക്കൊണ്ടു്, അദ്ദേഹത്തിന്റെ രോഗം ശാന്തമായി.

**കാഞ്ചനമുക്തി**

ഗാന്ധിജിയുടെ ദേഹാന്ത്യത്തെത്തുടൎന്നുള്ള സംഭവങ്ങൾക്കെല്ലാംശേഷം, പ്രത്യേകിച്ചും ഒരു കാൎയ്യം അദ്ദേഹം വ്യക്തമായികണ്ടു. ഈ കുഴപ്പങ്ങൾക്കെല്ലാം കാരണം മതസ്പൎദ്ധയോ മററു വൈജാത്യങ്ങളൊ മാത്രമല്ല, എല്ലാററിന്റേയും പിന്നിൽ സ്വാൎത്ഥവും തൃഷ്ണവാസനയും ധനത്തിന്നുള്ള ദുരാഗ്രഹവുമാണു് കാൎയ്യമായി പ്രവ

ത്തിക്കുന്നതു്. ഈ യാഥാത്ഥ്യത്തെ മുൻനിത്തി അദ്ദേഹം ചില പ്രത്യേകതീരുമാനങ്ങൾ ചെയ്തു. ആശ്രമത്തിലെ അന്തേവാസികൾ സ്വയം അദ്ധ്വാനിച്ചുണ്ടാക്കുന്നതുകൊണ്ടു് ജീവിതനിർവ്വഹണം നടത്തണമെന്നും അന്യരോട് സംഭാവനയായോ മററോ കാശ് സ്വീകരിക്കില്ലെന്നും അദ്ദേഹം നിശ്ചയം ചെയ്തു. തൻെറ ആഹാരസമ്പാദനം ശരീരാദ്ധ്വാനംകൊണ്ടുണ്ടാക്കി മററുള്ളവക്കദ്ദേഹം മാതൃകകാട്ടി. ആശ്രമജീവിതം അദ്ധ്വാനത്തിലധിഷ്ഠിതമായി. അദ്ധ്വാനിക്കുന്നവന്നു ആഹാരസമ്പാദനം ഒരു പ്രശ്നമല്ലെന്നതിന്നു വിനോബയുടെ ആശ്രമം മാതൃക കാണിച്ചു.

★

## അഞ്ച്

### ഉഗ്രപ്രതിജ്ഞ

1951ൽ ഹൈദ്രബാദ് ശിവരാംപള്ളിയിൽവെച്ചാണു് സവ്വോദയസമ്മേളനം നടത്താൻ തീരുമാനിക്കപ്പെട്ടതു്. വിനോബ പങ്കെടുക്കാതെ നടത്തപ്പെടുന്ന സവ്വോദയസമ്മേളനത്തിന്നു അത്ഥമില്ല. അദ്ദേഹം

ഉഗ്രമായ പ്രതിജ്ഞ ചെയ്തിരിക്കയാണ്, കാശ് സ്പർശി ക്കുകയൊ വണ്ടിയിൽ സഞ്ചരിക്കയൊ ചെയ്യുന്നതല്ലെന്ന് അദ്ദേഹത്തിൻെറ ദൃഢസങ്കല്പം അലംഘ്യമാണ്. അവ സാനം സമ്മേളനത്തിന്നെത്തിക്കൊള്ളാമെന്നു അദ്ദേഹം പ്രവർത്തകന്മാരെ അറിയിച്ചു. കാൽനടയായി യാത്ര ചെയ്തു 300 നാഴികക്കപ്പുറത്തുള്ള ശിവരാംപള്ളിയിലെ ത്താമെന്നാണദ്ദേഹം തീരുമാനിച്ചതു്. ആ തീരുമാനം അസാധാരണവും അത്ഭുതജനകവുമായിരുന്നു. വിനോബ യുടെ പാദയാത്ര ജനങ്ങളുടെ സംസാരവിഷയമായി.

കബീറും ചൈതന്യനും ബുദ്ധനും മഹാവീരനും ശ ങ്കരനും നാമദേവനും ചെയ്തപോലെ ചരിത്രപുരുഷനായ ആചാര്യവിനോബാ തൻെറ പദപര്യടനമാരംഭിച്ചു. എല്ലാ ദിവസവും പ്രഭാതത്തിൽ 3½ മണിക്ക് ഉണർന്നെ ഴുന്നേററ് ദിനകൃത്യങ്ങളും പ്രാർത്ഥനയും നടത്തി, 4 മണി ക്കദ്ദേഹം യാത്ര തുടരും. ദിവസംതോറും നാലു മണി ക്കൂർ വീതം ആ യാത്ര നീണ്ടുപോകും. എട്ടൊമ്പതു് മണിയാകുമ്പോഴേക്കും അദ്ദേഹം വല്ല ഗ്രാമങ്ങളിലും എ ത്തിച്ചേരും. ഗ്രാമീണർ ഹൃദയം തുറന്നു അദ്ദേഹത്തെ വന്നു സ്വീകരിക്കും. അവരുടെ ദുഃഖവും ദുരിതവുമെല്ലാ മന്വേഷിക്കുകയും അവരുടെകൂടെ സാമൂഹ്യപ്രാർത്ഥന, സൂത്രയജ്ഞം മുതലായവ നടത്തി, എല്ലാവരും ചേർന്ന യോഗത്തിൽ അദ്ദേഹം പ്രസംഗിക്കുകയും ചെയ്യും. ആ പ്രസംഗങ്ങളിലവർ തങ്ങളുടെ ആത്മാവിൻെറ ശബ്ദ മാണ് കേട്ടതു.

ആചാര്യജിയുടെ ആഗമനം ഗ്രാമവാസികൾ മുൻ കൂട്ടി അറിഞ്ഞു് കാത്തിരിക്കുവാൻ തുടങ്ങി. സ്വീകരണത്തിലും സാമൂഹ്യപ്രാർത്ഥനയിലും പൊതുയോഗത്തിലുമെല്ലാം ജനങ്ങൾ കൂടുതൽക്കൂടുതൽ വർദ്ധിച്ചു. ആ സ്നേഹമധുരമായ സംഭാഷണവും പെരുമാററവും ഗ്രാമവാസികളുടെ അകംതുറന്ന സംഭാഷണവിഷയമായി. അങ്ങിനെ മാർച്ച് 8-ാംനു- ആരംഭിച്ച ആ യാത്ര, ഏപ്രിൽ 7-ാംനു- 300 നാഴിക കടന്നു ശിവരാംപള്ളിയിലെത്തി

സമ്മേളനത്തെ അഭിമുഖീകരിച്ചുകൊണ്ടദ്ദേഹം പ്രസംഗിച്ചു, "സമുദായം ഒരു വിപ്ലവമാവശ്യപ്പെടുകയാണ്. അഹിംസയിലൂടെ അതു കൈവരുത്തുകയാണ് നമ്മുടെ മുമ്പിലിരിക്കുന്ന പ്രധാനകാര്യം. അഹിംസാവിപ്ലവത്തെ സമീപിക്കുന്നതിന്നുമുമ്പു് ഓരോ വ്യക്തിയും സ്വന്തഹൃദയം പരിശോധിക്കുകയും വിശുദ്ധിയിലേക്കു പരിവർത്തനം ചെയ്യുകയും വേണ്ടിയിരിക്കുന്നു. അയൽ വാക്കൊക്ക് നന്മചെയ്യുക, അവരെ സ്വന്തം കുടുംബമായി കരുതുക, എല്ലാവരേയും സ്നേഹിക്കുകയും ഇന്നത്തെ ചൂഷണാധിഷ്ഠിതമായ ധനാഗമമാർഗ്ഗങ്ങളുപേക്ഷിക്കുകയും സ്വയം അദ്ധ്വാനിച്ചുണ്ടാക്കുന്നതുകൊണ്ടു് മാത്രം ജീവിതനിർവ്വഹണത്തിന്നു തയ്യാറാവുകയുംചെയ്യുക. ഈശ്വരനെ വിശ്വസിക്കുന്നവൎക്കു ഇതൊന്നും പ്രയാസമുള്ള കാര്യങ്ങളായിരിക്കയില്ല. നിങ്ങൾ നിങ്ങളെത്തന്നെ ഭഗവാനിലർപ്പിക്കുവിൻ". ആചാര്യജിയുടെ സുപ്രധാനങ്ങളാ

യ പ്രസംഗങ്ങളും കാര്യമാത്രപ്രസക്തങ്ങളായ പല തീരുമാനങ്ങളുമെല്ലാം തീൎന്ന്, സമ്മേളനം സമാപിക്കപ്പെട്ടു.

## തെലുങ്കാനയുടെ വിളി

ഹൈദരബാദിൽ തെലുങ്കാനയിലും നൽഗൊണ്ടയിലും കമ്മ്യൂണിസ്റ്റ്കാർ ആരംഭിച്ച രക്തവിപ്ലവം ഭീഷണമായ ഒരു നിലയിലെത്തിയിരിക്കയായിരുന്നു. ധനികനെ കൊള്ളചെയ്യലും അയാളുടെ കഴുത്തറുക്കലും ദരിദ്രൻ കൎത്തവ്യമാക്കി. കൊള്ളക്കാരേയും കൊലയാളികളേയും ഒതുക്കാനെന്നപേരിൽ ഗ്രാമഗ്രാമാന്തരം നടന്ന പോലീസ്സും പട്ടാളവും എന്തുതരം ക്രൂരതയും നടത്തി. രാത്രിയിൽ ഒരു വിഭാഗക്കാർ ധനം കൊള്ളചെയ്തും ഭൂമി പിടിച്ചടക്കിയും തങ്ങളുടെ ആധിപത്യമുറപ്പിച്ചു; പകൽ അതെല്ലാം തിരിച്ചുപിടിച്ചും അവരെ വെടിവെച്ചും അറസ്റ്റ്ചെയ്തും മറുഭാഗക്കാർ തിരിച്ചടിച്ചു. തെലുങ്കാന ആളിക്കത്തുകയാണു്, ആൾനാശവും അൎത്ഥനാശവും കൂടിക്കൂടി വന്നു. സാധാരണക്കാരായ കൃഷകർ തങ്ങളുടെ കുടുംബജീവിതം തകൎന്നും ഭയപ്പെട്ടും ഏതുസമയവും ആപത്തിൽ പേട്ടേക്കുമെന്ന നിലയിലാണു്, ഓരോ ശ്വാസവും വിട്ടിരുന്നതു്.

തെലുങ്കാനയിലെ സ്ഥിതി നേരിട്ടറിയാനും വല്ല സേവനത്തിനും സാധിച്ചാൽ ചെയ്യാനും തീരുമാനിച്ചുകൊണ്ടു് ഏതാനും കൂട്ടുകാരോടുകൂടി വിനോബജി തെലു

ങ്കാനയിലേക്ക് പുറപ്പെട്ടു. അദ്ദേഹം അഗ്നിയിലേക്ക് കാൽ വെക്കുകയാണെന്നും ദൈവം രക്ഷിക്കട്ടെയെന്നും മാത്രമേ ആ വിവരമറിഞ്ഞവക്ക് പറയാനുണ്ടായിരുന്നുള്ളു. ദൃഢനിശ്ചയത്തോടുകൂടി മുന്നോട്ടുനീങ്ങി 4–ാമത്തെ ദിവസം വിനോബ തെലുങ്കാനയിലെ മൊച്ചപ്പള്ളി ഗ്രാമത്തിലെത്തി.

## പുതിയവെളിച്ചം

വെറും 3000 ജനങ്ങളും 700 വീടുകളുമുള്ള മൊച്ചപ്പള്ളിയിൽ കാലത്ത് 7½ മണിക്കദ്ദേഹമെത്തിച്ചേർന്നു. അവിടെയെത്തിയപാടെ സാധാരണപോലെ ഹരിജനങ്ങൾ താമസിക്കുന്ന ഭാഗത്തേക്കാണദ്ദേഹം പോയത്. അദ്ദേഹം അവരുടെ സ്ഥിതിഗതികളെപ്പററി അന്വേഷിച്ചു അവർ തങ്ങളുടെ കഥയറിയിച്ചു: "ആഹാരത്തിന്നു വഴിയില്ല, രോഗത്തിന്നു ചികിത്സാ സൌകര്യങ്ങളില്ല, താമസിക്കാൻ വീടില്ല, പ്രവൃത്തിയില്ല. ഇതുനാളും അത്യാവശ്യം പല പ്രവൃത്തിക്കും ആരെങ്കിലും വിളിക്കാറുണ്ടായിരുന്നു. അടുത്ത കാലത്തായി അതും നിന്നു. കുട്ടികൾ പട്ടിണിയിലും രോഗത്തിലും മരിക്കുന്നു. ഞങ്ങൾക്ക് ഒന്നേ ആഗ്രഹമുള്ളു. ഈ നില തുടരുക അസാദ്ധ്യമാണ്, ഒന്നായി മരിച്ചാൽമതി." ദയനീയവും ഭയങ്കരവുമായ അവരുടെ ജീവിതകഥ ആചാര്യ്യജിയെ വിചാരമഗ്നനാക്കി. അദ്ദേഹം ആപാദശിഖം വിയർത്തു. കരുണാമൂർത്തിയായ ആ ഗാന്ധിശിഷ്യൻ ഒരു നിമിഷ

നേരത്തേക്ക് ഒന്നും സംസാരിക്കാനാവാത്ത നിലയിൽ കാണപ്പെട്ടു. അദ്ദേഹം അവരോടു ചോദിച്ചു, "നിങ്ങളുടെ വിഷമാവസ്ഥക്കെന്താണ് പരിഹാരം? അതിനെപ്പററി നിങ്ങൾക്കെന്താണ് പറയാനുള്ളത്?"

"ഭൂമിയുണ്ടായിരുന്നെങ്കിൽ ഞങ്ങളെല്ലാവരും അതിലദ്ധ്വാനിക്കും, കൃഷിചെയ്തു ജീവിക്കും."

"എത്ര ഭൂമി വേണ്ടിവരും?"

വിനോബയുടെ ചോദ്യംകേട്ട്, പെട്ടെന്നവർ തമ്മിൽത്തമ്മിലാലോചിച്ചു മറുപടി പറഞ്ഞു "എൺപതേക്ര കിട്ടിയാൽ മതി".

വെറുതേയൊ സൌകര്യത്തിൽ പിടിച്ചെടുക്കത്തക്കനിലയിലോ ഭൂമി സ്വന്തമാവുമെന്നു കണ്ടാൽ ആയിരമൊ ലക്ഷമൊ ഏക്രഭൂമി സ്വന്തമാക്കാൻ വെമ്പൽ കൊള്ളുന്ന മനുഷ്യലോകത്ത്, അഞ്ചെട്ടു കുടുംബങ്ങൾ ഒന്നിച്ചുചേൎന്നു പരമാവധി ആവശ്യപ്പെട്ട ആ തുച്ഛമായ തുക എളിയവൻെറ ദുരാഗ്രഹമില്ലായ്മക്ക് പ്രകടമായ ഉദാഹരണമായിരുന്നു. അവൎക്ക് ഭൂമി വെറുതെ രേഖയാക്കി മടക്കി പെട്ടിയിൽ സൂക്ഷിക്കാനായിരുന്നില്ല. നേരെമറിച്ചു വിയൎപ്പുകൊണ്ടു ഭൂമിയെ നനക്കാനും ചമയിക്കാനും അധികഭക്ഷ്യോല്പാദനത്തിന്നുമാണവർ ഭൂമിയാവശ്യപ്പെട്ടത്. അവരെ അനുഗ്രഹിക്കാൻ ഭൂമാതാവ് കാത്തുകാത്ത് വെമ്പൽകൊള്ളുകയാണ്. വൈകുന്നേര

ത്തെ പ്രാർത്ഥനായോഗത്തിലേക്ക് അവരെ ക്ഷണിച്ചു കൊണ്ടു അധികമൊന്നും പറയാതെ ആചാര്യജി അവിടംവിട്ടു.

പ്രാർത്ഥനായോഗത്തിൽ ധാരാളം ആളുകൾ സംബന്ധിച്ചു. അദ്ദേഹം തെലുങ്കാനയുടെ കാര്യത്തെപ്പററി എന്തു പറയുന്നുവെന്നറിയാൻ പല തരക്കാൎക്കും പല രൂപത്തിലും ഉൽക്കണ്ഠയുണ്ടായിരുന്നു. ഗവൎമ്മെണ്ടു് തെലുങ്കാനയിലംഗീകരിച്ച നയം പുകഴ്ത്തിപ്പറയും; അല്ല, കർഷകരുടെ കഷ്ടപ്പാടിനെപ്പററിയാവും സംസാരിക്കുക; വിപ്ലവാരംഭം തക്കസമയത്താണെന്നദ്ദേഹം പറയും; ഹിംസയെ ഏതായാലും എതൃക്കും—അങ്ങിനെ പലൎക്കും പലവിധം ഉൽക്കണ്ഠകളുണ്ടു്.

വിനോബ പ്രാർത്ഥന കഴിഞ്ഞു് പ്രസംഗമാരംഭിച്ചു. ഈശ്വരൻെറ അനന്തചൈതന്യത്തെപ്പററി അദ്ദേഹം വിവരിച്ചു: സമസ്തജീവജാലങ്ങളിലും ഉജ്ജ്വലിക്കുന്ന ആ മഹാചൈതന്യത്തെ കണ്ടറിയാൻ മനുഷ്യനുള്ള കഴിവും ബാദ്ധ്യതയുമെന്താണെന്നു വിവരിച്ചു; ഉച്ചനീചത്വങ്ങളും ജാതിമതവ്യത്യാസങ്ങളും നാട്ടിൽ വരുത്തിത്തീൎത്ത അനൎത്ഥങ്ങളെ വിശദീകരിച്ചു. ഭാരതത്തിൻെറ സംസ്കാരപാരമ്പര്യവും ദാനധൎമ്മാദികളിലൂടെ ഇവിടുത്തുകാൎക്കുണ്ടായ ഉയൎച്ചയും കാട്ടുന്ന ചരിത്രസത്യങ്ങളിലേക്കദ്ദേഹം സദസ്സിൻെറ ശ്രദ്ധയെ ക്ഷണിച്ചു. അവസാനം

അവിടെക്കാണുന്ന ആ ഹരിജൻ കുടുംബങ്ങളുടെ ദുഃഖ കഥയും അവർ തന്റെ മുമ്പിൽവെച്ച പരിമിതമായ ആവശ്യവും അദ്ദേഹം സദസ്സിനെ അറിയിച്ചു. വല്ലനില ക്കും അവരെ മോചിപ്പിക്കാനദ്ദേഹം ദൈവനാമത്തിൽ സദസ്സിനോടഭ്യർത്ഥിച്ചു.

സദസ്സിൽനിന്ന് ഒരു യുവാവെഴുന്നേററു. അദ്ദേഹം വിനോബജിയോടിങ്ങിനെ പറഞ്ഞു:

"എൺപതേക്ര ഭൂമിയാണല്ലോ അങ്ങ് ആവശ്യ പ്പെട്ടതു്. എന്റെ പിതാവിന്നു മരിക്കുന്നതിന്നുമുമ്പു തന്നെ പാവങ്ങൾക്ക് അല്പം ഭൂമിദാനം ചെയ്യണമെന്നാഗ്ര ഹമുണ്ടായിരുന്നു. അതു് സഫലമാകാതെയാണദ്ദേഹം മരിച്ചതു്. അച്ഛന്റെ പേരിൽ ഈ ആവശ്യത്തിലേക്ക് ഞാനിതാ നൂറേക്ര ഭൂമി അങ്ങയ്ക്കു് ദാനമായി സമർപ്പി ക്കുന്നു." ശ്രീ. വി. രാമചന്ദ്രറെഡ്ഡിയാണ് ആചാര്യജിക്ക് ഭൂമി സംഭാവനചെയ്തതു്.

ഇദംപ്രഥമമായ ആ സംഭവം ആ മഹാസദസ്സിനെ അത്ഭുതപ്പെടുത്തി. ആചാര്യജിയുടെ കണ്ണുകൾ നിറഞ്ഞു. വിനോബ നിശ്ശബ്ദനായി—യോഗമവസാനിപ്പിച്ചു.

അന്നുരാത്രി വളരെനേരം ആചാര്യവിനോബക്കു് ഉറക്കംവന്നില്ല. അദ്ദേഹം തിരിഞ്ഞും മറിഞ്ഞും കിട ന്നുകൊണ്ടു് സമയം തള്ളിനീക്കി. വിനോബ വീണ്ടും വീണ്ടും ചിന്തിച്ചു. ഭാരതത്തിന്റെ ധർമ്മബോധം അസ്ത

മിച്ചിട്ടില്ല. ഈ മണ്ണിൽ അനന്തമായ മനുഷ്യസ്നേഹം ഇന്നും പ്രവഹിച്ചുകൊണ്ടേ ഇരിക്കുന്നുണ്ട്. മനുഷ്യൻെറ സ്വാൎത്ഥദൃഷ്ടിക്ക് അതു വിഷയമാകുന്നില്ലെന്നേ ഉള്ളൂ. ഗാന്ധിജി കാലേക്കൂട്ടി ഈ യാഥാൎത്ഥ്യം മനസ്സിലാക്കി പ്രവൎത്തിച്ചതാണ് അദ്ദേഹത്തിൻെറ വിജയങ്ങൾക്കു കാരണം. മനുഷ്യത്വത്തെ വിളിച്ചുണൎത്തണം; വേണ്ട പോലെ വിളിച്ചാൽ അതുണരും.” രാത്രി ഒരു മണിക്കുട്ടെ അപ്പോൾ വിനോബ തീരുമാനത്തിലെത്തി. അദ്ദേഹത്തിന്നു പുതിയ വെളിച്ചം കിട്ടി. സുദൃഢമായ തീരുമാനത്തോടുകൂടി ഈശ്വരനെ സ്തുതിച്ചുകൊണ്ടു് വിനോബജി സുഖസുഷുപ്തി പൂണ്ടു.

### ഭൂദാനയജ്ഞം

1951 ഏപ്രിൽ 18-ാംനു- ആ മഹാസംഭവം കഴിഞ്ഞു്, അടുത്ത സുപ്രഭാതത്തിൽ ആചാര്യ വിനോബ ഭൂദാനയജ്ഞപര്യടനമാരംഭിച്ചു.

അഹിംസാശക്തിയെ പൂൎണ്ണമായ തരത്തിൽ പ്രയോഗത്തിൽ വരുത്തുവാൻ വിനോബജി വളരെ നാളായി വഴി ആരായുകയായിരുന്നു. സൎവ്വോദയസമാജരൂപീകരണത്തിന്നുശേഷം ഏതുവഴിക്കാണു് അതിൻെറ പ്രവൎത്തനത്തിന്നു രൂപം കൊടുക്കേണ്ടതെന്നു് മൂന്നിൽപരം വൎഷങ്ങളായി ചിന്തിച്ചു് അദ്ദേഹത്തിൻെറ ഹൃദയം അസ്വാസ്ഥ്യപ്പെട്ടുകൊണ്ടിരിക്കയായിരുന്നു. തെലുങ്കാന

യാത്ര അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം ഒരാകസ്മികസംഭവമാണ്. അതിലും ആകസ്മികമായിട്ടാണദ്ദേഹത്തിന്റെ മുമ്പിൽ ഭൂമിദാനയജ്ഞം ആവിർഭവിച്ചതു്.

തെലുങ്കാനയിലൂടെ അദ്ദേഹം മുന്നോട്ടു നീങ്ങി. ഓരോ അടിവെപ്പും കൂടുതൽക്കൂടുതൽ പ്രോത്സാഹജനകമായിരുന്നു. പെട്ടെന്നു വിനോബയുടെ ഭൂദാനയജ്ഞം പുറത്തു വന്നപ്പോൾ ആളുകൾക്കു് അതു് വിശ്വസിക്കാൻ വിഷമമായിരുന്നു. നൂറേക്ര ദാനമായി കിട്ടി—ആയിരമേക്ര—രണ്ടായിരം എന്നെല്ലാം കേട്ടപ്പോൾ പലരും അതു പത്രങ്ങളുടെ അതിശയോക്തിയായി കണക്കാക്കി. എന്നിട്ടും അതു വളരുന്നതായിട്ടാണു് കണ്ടതു്. "ശരി കൊടുത്തിരിക്കാം. പക്ഷെ എല്ലാം പാറയാണ്, കൊള്ളരുതാത്ത നിലങ്ങളാണു്", അങ്ങിനെ പറഞ്ഞുകൊണ്ടായി പിന്നത്തെ വാദഗതി. അനേകം ആയിരക്കണക്കിന്നു ദാനംകിട്ടിയ ഭൂമി കൃഷകക്കു് പതിച്ചുകൊടുത്തു, കൃഷിയാരംഭിച്ചുവെന്നേടത്തോളം ഭൂദാനയജ്ഞം വളന്നപ്പോൾ അത്തരമാളുകൾക്കു് നിശ്ശബ്ദതയല്ലാതെ നിവ്വാഹമില്ലെന്നാക്കിക്കൊണ്ടു് അതു വികസിച്ചു.

തെലുങ്കാനയിലൂടേയുള്ള വെറും രണ്ടാഴ്ചക്കാലത്തെ പര്യടനത്തിനകം 10000ത്തിലധികം ഏക്ര ഭൂദാനം ലഭിച്ചു. വിനോബയുടെ പ്രസ്ഥാനത്തിന്നു നാട്ടിലാകെ ആവേശഭരിതവും അത്ഭുതപൂർവ്വവുമായ സ്വാഗതം ലഭിച്ചു. തെലുങ്കാന ശാന്തമാകാൻ തുടങ്ങി. വീടുപേക്ഷിച്ചുപോയ

വർ തിരിച്ചുവന്നു. ഭയന്നുവിറച്ചവക്ക് ആശ്വാസം കിട്ടി.

വിനോബ ഭൂമി യാചിക്കുകയായിരുന്നില്ല. 1917ൽ ഇന്ത്യയുടെ ഒന്നാമത്തെ വിപ്ലവത്തിൻെറ കാഹളം മുഴക്കിക്കൊണ്ടു് കാശിസവ്വകലാശാലയിൽ മഹാത്മാഗാന്ധിചെയ്ത ഉൽഘാടനസമ്മേളനത്തിലെ പ്രസംഗത്തെ അനുസ്മരിപ്പിക്കുമാറു്, സ്വതന്ത്രഭാരതത്തിൻെറ ധാമ്മിക വിപ്ലവത്തിൻെറ മഹാശബ്ദമാണു് ആചായ്യ വിനോബജി മുഴക്കിയതു്. അദ്ദേഹം പ്രസംഗിക്കുകയാണു്:—

“കാററു്, വെള്ളം, വെളിച്ചം എന്നിവയെപ്പോലെ ഈശ്വരൻ എല്ലാവക്കുമായിട്ടാണു് ഈ ഭൂമിയും സൃഷ്ടിച്ചിരിക്കുന്നതു്. ഇതിന്നു പ്രത്യേകം പ്രത്യേകം ഉടമകളുണ്ടാവുകയെന്നതു് ദൈവനീതിക്കു് നിരക്കാത്തതും കട്ടത്ത പാതകവുമാണു്. ഭൂമി കൈവശം വെക്കാൻ കൃഷിപ്പണിയെടുക്കുന്ന കർഷകന്നല്ലാതെ മററാക്കും അവകാശമില്ല. ഈ മണ്ണിൽ ജനിച്ച ഓരോരുത്തക്കും തുല്യാവകാശമുള്ളതും സമുദായത്തിൻെറ വകയുമായ ഈ ഭൂമി ഇതുവരെ കൈവശം വെച്ചവർ അതു ഉടൻ സമുദായത്തെ തിരിച്ചേല്പിക്കണം. സമുദായത്തിൻെറ സത്ഭാവമാണു് ഓരോ വ്യക്തിയും നേടിയിരിക്കുന്ന കഴിവുകൾക്കെല്ലാം കാരണം. ആ കഴിവുകൾ സമുദായനന്മക്കു വേണ്ടി വിനിയോഗിക്കാതിരിക്കുന്നതു് കൃതഘ്നതയും

പാപവുമാണ്. നിശ്ശബ്ദമായി ഏതു ദുരിതവും സഹിച്ചു കൊണ്ട് കഷ്ടതയിൽനിന്ന് കഷ്ടതയിലേക്കു നീങ്ങിക്കൊണ്ടിരുന്ന ഈ നാട്ടിലെ ദുഃഖിതവർഗ്ഗം വളരെയധികം ക്ഷമിച്ചു. അവരുടേതായ അവകാശം അവരെ തിരിച്ചേല്പിക്കാനാണ് ഞാനാവശ്യപ്പെടുന്നത്. അവരുടെ ക്ഷമ അവസാനിച്ചെന്നുവരാം. ഹിംസക്ക് പ്രോത്സാഹനം കൊടുത്തുകൊണ്ട് വളൎന്നുവരുന്ന ചുററുപാടുകൾ അവർ കാണുന്നുണ്ട്. അങ്ങിനെ രക്തപങ്കിലവും മൃഗീയവുമായ ഒരു രംഗമാണ് ഇവിടെ ആവിർഭവിക്കുന്നതെങ്കിൽ, ഉയൎന്നവനും താഴ്ന്നവനും അതൊരുപോലെ ആപത്താണ്. രണ്ടുകൂട്ടരേയും അതു് നശിപ്പിക്കും. ഭൂമിയും സമ്പത്തും സമുദായത്തിന്റേതാണെന്ന പരമാൎത്ഥം മനസ്സിലാക്കി തിരിച്ചേല്പിക്കുകയാണെങ്കിൽ അതു് എല്ലാവൎക്കും നന്മവരുത്തും. നൂററാണ്ടുകളായി മനുഷ്യൻ കൊണ്ടുനടക്കുന്ന സ്വാൎത്ഥചിന്ത അവനെ ഒരിക്കലും ഉയൎത്തീട്ടില്ല. സ്വാൎത്ഥതാല്പൎയ്യം നിലനിൎത്തിവന്ന സമുദായത്തിന്നു ആ സ്വാൎത്ഥം മുഖേന ഒരു ചുരുങ്ങിയ ശതമാനം ആളുകളെപ്പോലും ഉയൎത്താൻ സാധിച്ചിട്ടില്ല. നേരെ മറിച്ച്, തൊണ്ണൂറുശതമാനം ആളുകളേയും കഷ്ടപ്പെടുത്താൻ അതുവഴി കഴിഞ്ഞിട്ടുമുണ്ട്. ഈ സാമൂഹ്യനീതി അടിമുതൽ അററംവരെ മാററിപ്പണിയാതെ നിവ്വാഹമില്ല. സമുദായത്തെ മാററാൻ ആദ്യമായി വേണ്ടതു് വ്യക്തിയെ പരിവൎത്തനം ചെയ്യുകയാണ്. വ്യക്തി അവനിലുള്ള ദുഷിച്ച വശങ്ങൾ നീക്കുകയും സത്ഭാവങ്ങൾ

വികസിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇതു് സാധിക്കുന്ന കാര്യമല്ലെന്നു പറയുന്നതിലത്ഥമില്ല. നല്ലവനാകാനാഗ്രഹമില്ലാത്ത ഒരൊററ മനുഷ്യനും ഭൂമുഖത്തില്ല. ഞാൻ നന്നാവില്ല, എൻേറതു് മൃഗത്തിൻെറ സ്വഭാവമാണ്—ഇങ്ങിനെ പറയാൻ മനുഷ്യരാരും ഇഷ്ടപ്പെടുകയില്ല. അതിനാൽ ഓരോ വ്യക്തിയും ഉൾക്കൊള്ളുന്ന ഈ നല്ല വശത്തെ വിളിച്ചുണത്തുകയാണ് എൻെറ ആവശ്യം. ഓരോ രാജ്യസ്നേഹിയും മനുഷ്യത്വത്തെ മാനിക്കുന്ന ഓരോ വ്യക്തിയും ഇതിന്നായി മുന്നോട്ടു വരേണ്ടിയിരിക്കുന്നു. ഭൂമിയും സമ്പത്തും കൈവശമുള്ളവർ അതു സമുദായത്തെ തിരിച്ചേല്പിക്കേണ്ടിയിരിക്കുന്നു."

വിനോബയുടെ ആശയഗതികൾ സവ്വത്ര വ്യാപിച്ചു. കൂടുതൽ കൂടുതൽ പ്രവത്തകന്മാർ മുന്നോട്ടുവന്നു. തെലുങ്കാനയാത്ര കഴിഞ്ഞു വിനോബജി വാർദ്ധയിലേക്കു മടങ്ങി.

★

## ആറ്

### അഖണ്ഡയാത്ര

വിനോബജി സദാസമയവും കൂടുതൽ അഗാധമായി ചിന്തിച്ചു. ആ സന്ദർഭത്തിലാണ് ഒന്നാം പഞ്ചവത്സര പദ്ധതിയുടെ അന്വേഷണക്കമ്മീഷൻ റിപ്പോർട്ട്

പുറത്തുവന്നത്. പദ്ധതിയെപ്പററി അഭിപ്രായമറിയാൻ കമ്മീഷനാംഗമായ ശ്രീ പഠീൽ വിനോബജിയുടെ ആശ്രമത്തിലേക്കു ചെന്നു. റിപ്പോർട്ടുകളെല്ലാം പഠിച്ചശേഷം വിനോബ അഭിപ്രായപ്പെട്ടു, "അപൂർണ്ണമാണ്: പല കുറവുകളുമുണ്ടു്. എല്ലാവർക്കും ഭക്ഷണവും വസ്ത്രവും ലഭിക്കുന്നില്ലെങ്കിൽ ഏതുതരം ആസൂത്രണവും സഫലമാവില്ല." വിനോബയുടെ അഭിപ്രായം ഒച്ചപ്പാടുണ്ടാക്കി. നെഹറു അദ്ദേഹത്തെ ഡെൽഹിയിലേക്ക് ക്ഷണിച്ചു. നടന്നെത്തിക്കൊള്ളാമെന്ന നിശ്ചയത്തിൽ വിനോബ ക്ഷണം സ്വീകരിച്ചു. തെലുങ്കാനയിൽ കമ്മ്യൂണിസ്റ്റ് വിപ്ലവം സൃഷ്ടിച്ചുവെച്ച പശ്ചാത്തലമാണു് ഭൂദാനത്തിനു വിജയസാദ്ധ്യതയുണ്ടാക്കിയതെന്ന വാദത്തെപ്പററി പരീക്ഷണം നടത്താനും ഈ സന്ദർഭം വിനിയോഗിക്കാമെന്നദ്ദേഹം തീരുമാനിച്ചു.

### രാജഘട്ടിലേക്ക്

1951 സപ്തെമ്പർ 11-ാംനു- വാർദ്ധയിൽനിന്നും വിനോബ ഡെൽഹിക്ക് പുറപ്പെട്ടു. വഴിയിൽ മദ്ധ്യപ്രദേശ്, മദ്ധ്യഭാരതം, രാജസ്ഥാൻ, ഉത്തരപ്രദേശം ഒരു ഭാഗം, വിന്ധ്യാപ്രദേശം എന്നിവിടങ്ങളിലെല്ലാം കാൽനടയായി ഭൂദാനയജ്ഞപ്രചരണം ചെയ്തുംകൊണ്ടു്, 64 ദിവസംകൊണ്ടു 800ൽപരം നാഴിക സഞ്ചരിച്ചശേഷം, നവമ്പർ 13-ാംനു- അദ്ദേഹം ഡെൽഹിയിൽ രാജഘട്ടിലെത്തിച്ചേർന്നു. ആ കാലത്തിനകം 18000 ഏക്ര ഭൂമി

യാണ് ഭൂദാനയജ്ഞത്തിലേക്ക് സംഭാവന ലഭിച്ചത്. ഹൈദരബാദിൽ പശ്ചാത്തലമൊരുങ്ങിയതുകൊണ്ട് ഭൂദാനം അവിടെ ജയിച്ചതാണെന്ന വാദത്തിന്ന് അങ്ങിനെ മുളയിൽത്തന്നെ കരിയേണ്ടതായിവന്നു.

രാജഘട്ടിൽ ഗാന്ധിജിയുടെ സമാധിക്കഭിമുഖമായി ജവഹർലാൽ, രാജൻബാബു മുതലായ നേതാക്കന്മാരുമായി പഞ്ചവത്സരപദ്ധതി സംബന്ധിച്ച അഭിപ്രായങ്ങൾ കൈമാറി തൻെറ ഉറച്ച അഭിപ്രായം വിനോബജി അവരെ അറിയിച്ചു. രാജഘട്ടിൽവെച്ച് ബാബു രാജേന്ദ്രപ്രസാദ് തൻെറ ഭൂസ്വത്തു് ഭൂദാനയജ്ഞത്തിലേക്ക് സമർപ്പിക്കയും ഭൂദാനത്തിൻെറ വിജയത്തിന്നു വേണ്ടതു് പ്രവർത്തിക്കാൻ രാഷ്ട്രത്തോടഭ്യർത്ഥിക്കയുംചെയ്തു. ഡെൽഹിയിൽവെച്ചു വിനോബജി ഭൂദാനയജ്ഞ സംബന്ധമായി ഒരു പ്രസംഗപരമ്പരതന്നെ നടത്തി. അപ്പോഴേക്കും ഉത്തരപ്രദേശത്തിലെ പല നേതാക്കന്മാരുമെത്തി വിനോബജിയെ അങ്ങോട്ടേക്ക് ക്ഷണിക്കയും ക്ഷണം സ്വീകരിച്ച് 11 ദിവസത്തെ ഡെൽഹി പരിപാടിക്ക് ശേഷം അദ്ദേഹം ഉത്തരപ്രദേശ് പര്യടനം ആരംഭിക്കയുംചെയ്തു.

**അപകടം**

വെളുപ്പിന്ന് 4 മണിക്ക് ഹരിനാമകീർത്തനത്തോടു കൂടി ആരംഭിക്കുന്ന ആചാര്യജിയുടെ പര്യടനത്തിന്നിടയിൽ ഒരു ദിവസം ആകസ്മികമായ ഒരപകടം സംഭവി

ക്കാനിടയായി. നേരം നല്ലവണ്ണം പുലൎന്നിരുന്നില്ല. യാത്രാസംഘത്തിൽ വെളിച്ചത്തിന്നു ഒരു റാന്തൽ മാത്രമേ ഉണ്ടായിരുന്നുള്ളു. പെട്ടെന്നു ഒരു സൈക്കിൾ യാത്രക്കാരന്റെ സൈക്കിൾ ആചാൎയ്യജിയുടെ മേൽ കയറിപ്പോയി. അദ്ദേഹം (ആചാൎയ്യജി) വീഴുകയും കാലിൽ അല്പം മുറിപറ്റുകയുംചെയ്തു. എന്നിട്ടും യാത്രനിൎത്താൻ അദ്ദേഹം കൂട്ടാക്കിയില്ല. കാൽസ്വാധീനമില്ലാതെ മുടന്നിട്ടും നന്നേ ക്ഷീണിക്കുമ്പോൾ കാളവണ്ടിയിലോ കസാലയിലോ ആയിട്ടും ആ അഖണ്ഡയാത്ര തുടൎന്നു. 1957 ആകുമ്പോഴേക്കും 5 കോടി ഏക്രഭൂമി ശേഖരിക്കേണ്ടതാണെന്നു് അദ്ദേഹം തീരുമാനിച്ചു.

## സേവാപുരി സമ്മേളനം

1952 ഏപ്രിൽ മാസാരംഭത്തോടുകൂടി വിനോബ കാശിക്കടുത്ത സേവാപുരയിലെത്തി. അപ്പോഴേക്കും ഒരു ലക്ഷത്തിൽപരം ഏക്രഭൂമി ശേഖരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. സുപ്രസിദ്ധമായ സേവാപുരി സമ്മേളനത്തിൽ അദ്ദേഹം പങ്കെടുത്തു. സമ്മേളനത്തിലെ പ്രധാനവിഷയം ഭൂദാനയജ്ഞമായിരുന്നു. അടുത്ത രണ്ടുവൎഷത്തിനകം (1954 ഏപ്രിൽവരെ) 25 ലക്ഷം ഏക്രഭൂമി ശേഖരിക്കാൻ സേവാപുരിസൎവ്വോദയസമ്മേളനം തീരുമാനമെടുത്തു. എല്ലാവൎക്കും ഭൂദാനസംബന്ധമായ ഉത്തേജനം നല്കികൊണ്ടാണു് സമ്മേളനമവസാനിച്ചതു്. അവിടെ വെച്ചു് കാശിരാജാവായ വിഭൂതിനാരായണസിംഹൻ മുതലായ പലരും വമ്പിച്ചതോതിൽ ഭൂമി ദാനംചെയ്തു.

തുടൻകൊണ്ടു് ശ്രീ. ശങ്കർറാവുദേവ് മഹാരാഷ്ട്രത്തിലും ഗോപബന്ധു ചൌധരി ഒറീസ്സയിലും ഭൂദാനയജ്ഞപദയാത്രപര്യടനത്തിന്നിറങ്ങി. അങ്ങിനെ ഭൂദാനയജ്ഞം അഖിലേന്ത്യാവ്യാപകമായ ഒരു വിപ്ലവപ്രസ്ഥാനമായി രൂപം കൊണ്ടു.

## ഗ്രാമം അങ്ങിനെതന്നെ ദാനം കിട്ടുന്നു

സേവാപുരിയിൽനിന്നു് ഗോരഖ്പുർ വഴിക്കാണു് വിനോബ യാത്രചെയ്തതു്. അദ്ദേഹം മിർജാപൂരിൽ പ്രവേശിച്ചു; മിർജാപൂരിൽനിന്നു ഹമീർപൂരിലെത്തി. ഹമീർപൂരിലെ മംഗ്രോത് ഗ്രാമം പൂർണ്ണമായും അദ്ദേഹത്തിന്നു സമർപ്പിക്കപ്പെട്ടു. ആ ഗ്രാമത്തെ ചൂഷണവും ശാസനയുമില്ലാത്ത സർവ്വോദയവ്യവസ്ഥിതിയിലേക്കു് പരിവർത്തനം ചെയ്യാനും നൂററാണ്ടുകളായി ലോകത്തിൽ രൂഢമൂലമായി നിലനിന്നുവന്നതും സ്വാർത്ഥത്തിലും ചൂഷണത്തിലും അടിയുറച്ചതുമായ സാമൂഹ്യരീതിയുടെ മുമ്പിൽ ഏതാനും നാളത്തെ പരിശ്രമംകൊണ്ടു് ആ ഗ്രാമത്തെ വ്യക്തമായ ഒരു വെല്ലുവിളിയായി ഉയർത്തുവാനും അദ്ദേഹത്തിന്നു സാധിച്ചു. ആയിടയിൽ, ഭൂമി കയ്യിലില്ലാത്ത ചിലർ പണം സംഭാവനചെയ്യാനാഗ്രഹം രേഖപ്പെടുത്തിക്കൊണ്ടു് മുന്നോട്ടുവന്നു. "പണമായിട്ടു വേണ്ട; അതുകൊണ്ടു് ഭൂമി വാങ്ങിത്തരികയോ കിണർ, കൊഴു, കാള മുതലായവ വാങ്ങിത്തരികയൊ ചെയ്യാവു

ന്നതാണ്" എന്നാദ്ദേഹം പറഞ്ഞതനുസരിച്ച്, ഭൂദാനപ്ര സ്ഥാനത്തിൽ ആദ്യമായി "ഉപകരണദാന"മെന്നൊരു ഭാഗംകൂടി ആവിർഭവിച്ചു. അവിടെ വെച്ചുതന്നെ, വിദ്യാത്ഥികൾ, അദ്ധ്യാപകന്മാർ മുതലായവരുടെ സാന്നിദ്ധ്യത്തിൽ ശുചീകരണത്തേയും സ്വച്ഛതയേയും മുൻനിത്തി "സ്വച്ഛഭാരതപ്രസ്ഥാന"വും അദ്ദേഹം സമാരംഭിക്കയുണ്ടായി. ദാനഭൂമിയെ കൃഷിയോഗ്യമാക്കുന്നതിന്നും പ്രചരണത്തിന്നും മററുമായി പരിശ്രമിക്കുന്നതിന്നും ആവശ്യമാകയാൽ "ശ്രമദാനം" എന്ന ഒരിനംകൂടി ഭൂദാനപ്രസ്ഥാനത്തിലുൾപ്പെടുത്തപ്പെട്ടു.

ഭൂദാനപ്രസ്ഥാനം വിപ്ലവമുൾക്കൊള്ളുന്നതെങ്ങിനെ?

പെട്ടന്നനവെ പൊട്ടിമുളച്ച് രാജ്യവ്യാപകമായി വളൎന്ന ഭൂദാനപ്രസ്ഥാനം ഒരു സാമൂഹ്യപരിവത്തനത്തിന്റെ പ്രതീകമാണെന്നതിനെപ്പററി, പ്രസ്ഥാനത്തിന്റെ പ്രണേതാക്കളുടെതന്നെ അഭിപ്രായങ്ങളെ ഒന്നു ക്രോഡീകരിച്ചുരേഖപ്പെടുത്തുന്നതു്, ഈ ചരിത്രത്തിന്റെ സമഗ്രതക്കു് ആവശ്യമാണ്.

പഴയ കാലംമുതൽ നാളിതുവരെയുള്ള മനുഷ്യചരിത്രം ഏകമുഖമായ ഒരു പ്രവത്തനക്രമത്തിലാണ് മുന്നോട്ടു നീങ്ങിട്ടുള്ളതെന്നു കാണാം. ആദ്യമാദ്യം യോദ്ധാക്കൾ വിജയത്തിന്നുവേണ്ടി ബലിദാനമാണ് നടത്തിയതു്. ആത്മബലിയായിട്ടതു് വളർച്ച പ്രാപിച്ചു.

അതായതു്, പ്രതിപക്ഷത്തിൻെറ നാശത്തെ മുൻനിൎത്തി ആത്മബലിക്കു് തെയ്യാറാവുകയെന്നതു് വീരോചിതകൃത്യമായി അംഗീകരിക്കപ്പെട്ടു. നിലവിലുള്ള നീതിരീതികഠം മാററിമറിക്കാൻ വിപ്ലവം അനിവാര്യകാൎയ്യമായി. വിപ്ലവത്തിന്നു വേണ്ടിയുള്ള ഒരുക്കങ്ങഠം തെയ്യാറാവുന്നതുവരെ, സാധാരണ ജനത തങ്ങഠംക്കു് സിദ്ധിക്കാവുന്ന വിജയത്തേയും മാററങ്ങളേയും സ്വപ്നം കണ്ടുകൊണ്ടാണു് സൎവ്വസ്വവും ത്യജിച്ചും ഒരുക്കങ്ങളിൽ മുഴുകുക. അങ്ങിനെ ആരംഭിക്കപ്പെടുന്ന ഏററുമുട്ടലുകഠം ഉഗ്രമായ യുദ്ധമായി ആകൃതിപ്പെടുന്നു. യുദ്ധമാരംഭിച്ചാൽ, തങ്ങഠം അതുവരെ കാലൂന്നി നിന്ന തത്വങ്ങഠംക്കു് പകരം എതിരാളിയെ പരാജയപ്പെടുത്തുകയെന്ന ഒരൊററ കാൎയ്യം മാത്രമായി ലക്ഷ്യം രൂപാന്തരപ്പെടുന്നു. ഏതു യുദ്ധത്തിന്നും ഒരു പ്രതിയോഗി അനിവാൎയ്യമാണു്. പ്രതിയോഗിയെ ജയിക്കുക എന്നായി വിപ്ലവത്തിൻെറ അൎത്ഥത്തിന്നു് സങ്കോചിക്കേണ്ടി വരുന്നു. പ്രതിയോഗി ഇല്ലാതാവുന്നതോടുകൂടി വിജയിയുടെ ധിഷണാശക്തിയുടെ പരിമാണത്തിന്നനുസരിച്ചു് രാജ്യകാൎയ്യം ആകൃതിപ്പെടുകയാണു്. ആയിരമായിരം ആഠം ചേൎന്നു നടത്തുന്ന അത്തരം സമരങ്ങളിൽ വിജയിക്കാൻ വ്യക്തികഠംക്കു്—ചിലപ്പോഠം ഒരൊററ വ്യക്തിക്കു്—മാത്രമേ സാധിക്കുന്നുള്ളൂ. ജേതാക്കഠം തങ്ങളുടെ വിജയത്തിന്നു് വിപ്ലവമെന്ന പേർ വിളിക്കും. അതുകൊണ്ടുമാത്രം തൃപ്തിപ്പെടാത്തവരുണ്ടെങ്കിൽ അവർ അടുത്ത പ്രതിയോഗികളായി മുദ്രയടിക്കപ്പെടുന്നു.

ഈ സമ്പ്രദായത്തിന്ന് പൂൎണ്ണമായ ഒരു വ്യതിയാനമുണ്ടാക്കിയ ആദ്യത്തെ വ്യക്തി മഹാത്മാ ഗാന്ധിയാണ്. വിപ്ലവത്തിൻെറ ആകൃതിയും പ്രകൃതിയും അദ്ദേഹം മാററിമറിച്ചു. ധനവും വിജയവുമെല്ലാം അന്വേഷിക്കേണ്ടതു് പുറത്തല്ലെന്നും മനുഷ്യൻെറ ഹൃദയത്തിലാണെന്നും അദ്ദേഹം കണ്ടു. ആ അന്വേഷണം പ്രയോഗക്ഷമമാക്കി ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടത്തിക്കൊടുക്കാനും അദ്ദേഹത്തിന്നു സാധിച്ചു.

ഗാന്ധിജിയുടെ ആത്മാന്വേഷണമണ്ഡലത്തിൽനിന്നാണ് ഭൂദാനയജ്ഞത്തിന്ന് രൂപപ്പെടാൻ കഴിഞ്ഞതു്. ഭൂദാനത്തിൻെറ പീഠികമുതൽ അതിന്നുള്ള പ്രത്യേകത, അതിന്നൊരു എതിരാളിയോ പ്രതിപക്ഷമോ ആവശ്യമില്ലെന്നുള്ളതാണ്. സൎവ്വോദയവിപ്ലവത്തിൽ എല്ലാവരും ഒരാൾ മറെറ ആളുടെ സഹായിയും സഹയോഗിയുമാണ്. അതാണ് വിശ്വവിഖ്യാതചിന്തകനായ രാധാകൃഷ്ണനെപ്പോലുള്ള മഹാന്മാർ ഭൂദാനയജ്ഞത്തിൽ വിശ്വരൂപം ദൎശിക്കുന്നതു്. രാമനിൽനിന്നു തട്ടിയെടുത്തു രാഘവന്ന് കൊടുക്കുന്നതിന്നു പകരം രണ്ടുപേരേയും സഹയോഗികളും സഹഭാഗികളുമാക്കുകയാണ് ഭൂദാനയജ്ഞം ചെയ്യുന്നതു്. ഒരാൾ മറെറ ആളെ പരാജയപ്പെടുത്തുകയല്ല, രണ്ടുപേരേയും വിദ്വേഷഭാവത്തിൻെറ അടിസ്ഥാനത്തിൽനിന്നുപോലും മാററിനിൎത്തി സുരക്ഷിതരും സഹോദരരുമാക്കുകയെന്ന മഹനീയ കൃത്യം

ഭൂദാനയജ്ഞത്തിന്നു് സാധിക്കുന്നു. ഹസ്രത്ത് മുഹമ്മദ് അഭിപ്രായപ്പെട്ടപോലെ "ആർ എല്ലാവരെക്കാളും വിനയിയാണോ അയാൾ ഭൂമിയുടെ ഉത്തമാധികാരിയാണെ"ന്നതാണു് ഭൂദാനയജ്ഞതത്വം.

## ചിന്തയാണു് മനുഷ്യൻെറ പ്രത്യേകത

ചിന്തയാണു് മനുഷ്യന്നു് സംഘങ്ങളുണ്ടാക്കിക്കൊടുത്തതു്. അവൻെറ ഉണർവ്വും ഉശിരും ഉല്ലാസവും ചിന്തക്കു് കടപ്പെട്ടിരിക്കുന്നു. ഫ്രഞ്ചുവിപ്ലവത്തിൻേറയും റഷ്യൻ പരിവർത്തനത്തിൻേറയും പിന്നിൽ റൂസോവിൻെറയും വാൾട്ടയറുടേയും മാർക്സിൻേറയും ചിന്തകളാണു് വെളിച്ചം വെച്ചതു്. മനുഷ്യനെ ശക്തനാക്കുന്നതും മനുഷ്യനാക്കുന്നതും ചിന്തയാണെന്നു് നമുക്കു് സമ്മതിക്കാതെ തരമില്ല. ചിന്തക്കു് രൂപം കൊടുക്കുന്നതു് ബാഹ്യമായ പ്രവൃത്തിയാണു്. അസഹിഷ്ണുതയും സ്വാൎത്ഥതയും ചിന്തയുടെ ശത്രുക്കളാണു്. അവയെ വെച്ചുപോററുന്ന സമുദായം മനുഷ്യത്വത്തിന്നുപകരം മൃഗീയതയെയാണു് സംഭാവന ചെയ്യുന്നതു്. സ്വാൎത്ഥം വ്യക്ത്യധിഷ്ഠിതമായതിനാൽ അതിൻെറ നിൎമ്മാജ്ജനത്തിന്നു് വ്യക്തിയെത്തന്നെ സമീപിക്കയേ നിൎവ്വാഹമുള്ളു. വ്യക്തിപരിവർത്തനത്തിൻെറ വിജയം സമുദായ പരിവർത്തനത്തിൻെറ വിജയമാവാതെ തരമില്ല. ഈ അസഹിഷ്ണുതക്കും വിദ്വേഷത്തിന്നും സ്വാൎത്ഥതക്കും വശംവദരായി ആപത്തിലേക്കു് വഴുതിവീഴുന്ന മനുഷ്യൻെറ രക്ഷക്കുള്ള മാൎഗ്ഗ

ത്തെപ്പററി വിനോബ ചിന്തിച്ചു; അദ്ദേഹത്തിൻെറ ചിന്തയുടെ പ്രവത്തനത്തിന്ന് അദ്ദേഹം ഭൂദാനയജ്ഞമെന്ന പേർ കൊടുത്തു.

## നിയമത്തിൻെറ കഴിവുകഠം

നിയമ നിമ്മാണംകൊണ്ടു് ഭൂപരവും സാമ്പത്തികവുമായ വിഷമപ്രശ്നത്തിന്ന പരിഹാരമാവുമെന്ന് വിശ്വസിക്കുന്നവരുണ്ടു്. നൂററാണ്ടുകളുടെ മനുഷ്യചരിത്രം അതിന്ന് മറുപടിയാണു്. ഭൂദാനപ്രസ്ഥാനം നിയമനിമ്മാതാക്കളോട്ട് അതു പാടില്ലെന്ന പറഞ്ഞുകൊണ്ടു് സത്യാഗ്രഹമനുഷ്ഠിക്കുന്നില്ല. അതൊരിക്കലും നിയമത്തിന്ന് തടസ്ഥം നില്ക്കുന്നില്ല. നിയമമുണ്ടാവട്ടെ ഇല്ലാതിരിക്കട്ടെ, ഭൂദാനത്തിൻെറ മുമ്പിൽ അതൊരു പ്രശ്നമല്ല. ഭൂദാനം മനുഷ്യൻെറ ധാമ്മികബോധവുമായിട്ടാണ് ബന്ധിക്കപ്പെട്ടിരിക്കുന്നതു്. ജനങ്ങളിൽ ധാമ്മികബോധം ഉണ്ടായിക്കൊള്ളേണ്ടതാണെന്ന ഒരു നിയമം ഏതു് ഗവമ്മേണ്ടു് വിചാരിച്ചാലും നടപ്പിൽ വരുത്താനാവില്ല അതുണ്ടാക്കാൻ ജനങ്ങളുടെ ഇടയിൽ അങ്ങേ അററത്തോളം പ്രവത്തിക്കുകതന്നെവേണം. ഭൂദാനത്തിൽ വിശ്വസിക്കുന്നവർ ആ് പ്രവൃത്തി നിർവ്വഹിക്കുന്നു. അതിലവരെ എന്തിനാണാക്ഷേപിക്കുന്നതു്? ഗവമ്മേണ്ടു് അത്രയധികം വലുപ്പമുള്ള പ്രധാനവസ്തുവാണോ? അതു്, ജനങ്ങളുടെയെല്ലാം യജമാനനായി കല്പനപുറപ്പെ

ട്ടവിച്ചുകൊണ്ട സിംഹാസനത്തിലമന്നിരിക്കുവാൻ വിധിക്കപ്പെട്ട ഒന്നാണോ? ഭ്രദാനപ്രവത്തകന്മാക്ക് അതിൽ പക്ഷാന്തരമുണ്ട്. ജനങ്ങഠം ഭരമേല്പിക്കുന്നതെന്തോ അതു് ചെയ്തുതീക്കാനുള്ള കാര്യസ്ഥൻെറ സ്ഥാനമേ ഗവമ്മെണ്ടിനുള്ളൂ വെന്നാണ് അവർ വിശ്വസിക്കുന്നതു്. അവക്കു വല്ല പ്രധാനകാര്യവും സാധിക്കാനുണ്ടെങ്കിൽ അതിന്ന കാര്യസ്ഥനെയല്ല, യജമാനനെയാണ് അവരാദ്യം കാണുക. ജനങ്ങളുടെ യജമാനൻ ഗവമ്മെണ്ടല്ല; ഗവമ്മെണ്ടിൻെറ യജമാനൻ ജനങ്ങളാണ്. യജമാനനെ കണ്ടു് കാര്യം പറയുകയെന്ന കത്തവ്യം നടത്തിക്കഴിഞ്ഞാൽ, വേണ്ടതു ചെയ്യാൻ യജമാനൻ കാര്യസ്ഥനോട കല്പിച്ചുകൊള്ളും. അതു നിവ്വഹിച്ചില്ലെങ്കിൽ കാര്യസ്ഥന്ന സ്ഥാനമൊഴിയേണ്ടിവരും. ജനായത്തവ്യവസ്ഥയിൽ ഗവമ്മെണ്ടെന്നാൽ പൂജ്യ (ശ്ശൂന്യ) മെന്നാണത്ഥം. പൂജ്യത്തിന്ന സ്വയം വിലയൊന്നുമില്ല. ആദ്യം ഒന്നെന്ന അക്കമിട്ടു പൂജ്യം ചേത്താൽ പൂജ്യത്തിന്ന വിലയായി. അതിന്ന ഒന്നിൻെറയല്ല പത്തിൻെറ വിലയായി. രണ്ടിട്ടാൽ 20ൻെറ, 3 ഇട്ടാൽ 30ൻെറ—അങ്ങിനെ സംഖ്യാക്രമത്തിന്ന പൂജ്യത്തിന്ന വിലക്കൂടുന്നു. ഭ്രദാനപ്രവത്തകന്മാർ അക്കത്തെപ്പററി ശ്രദ്ധിക്കാതെ പൂജ്യം മാത്രം വലിയ കാര്യമായി കണക്കാക്കുന്നതിലിഷ്ടപ്പെടുന്നില്ല. ഈ പൂജ്യത്തിൻെറ സകലവിലയും ജനങ്ങളാകുന്ന സംഖ്യ ആദ്യം ചേർക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു.

എല്ലാവൎക്കും ആവശ്യം ഫലമാണ്. ഫലത്തിന്റെ മുന്നോടിയായിരിക്കേണ്ടകൎമ്മത്തിൽ ആൎക്കും ശ്രദ്ധയില്ല. വിത്ത് നടുകയും നനക്കുകയും ചെയ്യാതെ ഫലമുണ്ടാവുകയുള്ളുവെന്ന് ആരും ചിന്തിക്കുന്നില്ല. ഈ നില മാറണം. പ്രവൃത്തി ആദ്യം നടക്കണം, എന്നിട്ടേ ഫലത്തെപ്പററി ചിന്തിക്കാൻ പാടുള്ളുവെന്ന നില കൈവരണം.

രാജ്യങ്ങൾ തമ്മിൽ മതിൽകെട്ടി ഒററതിരിഞ്ഞു നിന്നുകളയാമെന്ന് വല്ലവരും കരുതുന്നുണ്ടെങ്കിൽ അതു് വെറും വ്യാമോഹമാണ്. മനുഷ്യനെ ഒരുപക്ഷെ ഒരു ദിക്കിൽനിന്ന് മറെറാരു ദിക്കിലേക്കു് പോകുന്നതിൽനിന്ന് തടഞ്ഞുനിത്താൻ സാധിച്ചേക്കാം. മനുഷ്യന്റെ ചിന്തകളെ നിരോധിക്കാനോ തടയാനോ ആൎക്കും സാദ്ധ്യമല്ല. വിചാരങ്ങൾ അനുക്രമം സഞ്ചരിച്ചുകൊണ്ടേ ഇരിക്കും. ഇവിടെ ധാൎമ്മികചിന്ത അടിയന്തരമായും വളൎത്തിയില്ലെങ്കിൽ, ചുററുപാടുകൾ ഇന്ന് സ്വയം പേറിനടക്കുന്ന സ്വാൎത്ഥചിന്തയും ഹിംസാതല്പരതയും ഈ അന്തരീക്ഷത്തെ കടന്നാക്രമിക്കാതിരിക്കില്ല. നേരെമറിച്ച്, ഇവിടെനിന്നുമുയരുന്ന ധൎമ്മചിന്ത ചുററും വ്യാപിച്ച് വിശുദ്ധി വിതക്കത്തക്ക കഴിവുകൾ ഈ നാട്ടിനുണ്ടാകേണ്ടിയിരിക്കുന്നു. ഈ നാട്ടിനെ ഇതിലേക്കു പൎയ്യാപ്തമാക്കാൻ സാധിച്ചാൽ ചുററുപാടിനെ ശുദ്ധീകരിക്കാനും സ്വയം വിശുദ്ധരാകാനും നമുക്കു സാധിക്കും. നമ്മേയും ലോകത്തേയും നാം ഉദ്ധരിക്കുകയായിരിക്കും അതു്. ലോകം

നമ്മെ ആകൃതിപ്പെടുത്തേണമോ അല്ല, ലോകത്തിന്നു നാം രൂപം കൊടുക്കണമോ?—ഇതാണു് ചോദ്യം. ഇതിലേക്കു് രണ്ടല്ലാതെ മൂന്നാമത്തേതായി ഒരു വഴിയുമില്ല. ഒന്നു ഹിംസ; മറെറാന്നു അഹിംസ. ഈ നാട്ടിന്റേതായ അഹിംസാസിദ്ധാന്തം നാം നടപ്പിൽ വരുത്തിയാൽ ലോകം അതിന്നനുസരിച്ചു ആകൃതിപ്പെടും; അല്ലെങ്കിൽ ലോകം ഇന്നു് തലയിലേററിനടക്കുന്ന ഹിംസ ലോകത്തെയും നമ്മെയും നശിപ്പിക്കും.

ഈ ചിന്തകളുടെ പശ്ചാത്തലത്തിലാണു് ഭൂദാനയജ്ഞം ആവിർഭവിച്ചതു്. അഹിംസാവിചാരത്തിന്റെ ബാഹ്യരൂപമായി ഭൂദാനയജ്ഞം പ്രവർത്തിക്കുകയാണു്. ഭൂമി സമുദായത്തിന്റേതാവുന്നതുവരെ, സമ്പത്തു് സമുദായത്തിന്നു ഏല്പിക്കപ്പെടുന്നതുവരെ, അതിന്റെ പ്രവർത്തനത്തിന്നു തളച്ച്പിടിച്ചിരുന്നുകൂട. തളരേണ്ടുന്ന ആവശ്യം വരാത്ത ഒരു കർമ്മസരണിയിലൂടെയാണു് അതിന്റെ പ്രയാണം.

★

# ഏഴ്

## ആശ്രമത്യാഗം

1952 സപ്തെമ്പർ 11-ാംനു വിനോബ കാശിവിദ്യാപീഠത്തിലെത്തി. കാശിയിൽവെച്ചു, അദ്ദേഹം തന്റെ പ്രതിജ്ഞയ്ക്കു് കുറെക്കൂടി തീവ്രത കൂട്ടി. ഭൂദാനയജ്ഞത്തിന്റെ പൂൎണ്ണവിജയംവരെ താൻ അഖണ്ഡമായി പാദയാത്ര തുടരുന്നതാണെന്നും വാൎദ്ധയിലെ പരംധാം ആശ്രമത്തിലേക്കു് മടങ്ങുന്നതല്ലെന്നും അദ്ദേഹം പ്രഖ്യാപിച്ചു. ഈ നാട്ടിന്റെ സ്വാതന്ത്ര്യപ്രാപ്തിവരെ ആശ്രമത്തിലേക്കു് തിരിച്ചുവരുന്നതല്ലെന്നു പ്രതിജ്ഞചെയ്തു. സബർമതിയിൽനിന്നിറങ്ങിയ ഗാന്ധിജിയെ അനുസ്മരിപ്പിക്കുന്ന പ്രസ്തുതനിശ്ചയത്തിൽ ആശ്രമവാസികളും ലോകവും കാലത്തിന്റെ ആഹ്വാനമാണു് കേട്ടതു്. പ്രസ്തുത പ്രതിജ്ഞാസന്ദർഭത്തിൽ ഉത്തേജിതനായിട്ടാണു് ആചാൎയ്യവിനോബ കാണപ്പെട്ടതു്. അന്നു വൈകുന്നേരം മറെറാരു സംഭവമുണ്ടായി. ഹിമാചലപ്രദേശത്തെ രോഹഡുഗ്രാമവാസിയായ ഊധോദാസ് വിനോബജിയെ അന്വേഷിച്ചു കാശിയിലെത്തുകയും ഒരു ലക്ഷം ക. വിലവരുന്ന തന്റെ സൎവ്വസമ്പത്തും 5000 ബിഘാ ഭൂമിയും വിനോബയ്ക്കു് സമൎപ്പിക്കയും ചെയ്തു. അതിന്നുമുമ്പു് ഭൂദാനപ്രവൎത്തകരിലാരെങ്കിലും ഊധോദാസിനെ കാണുകയോ പരിചയപ്പെടുകയോ ചെയ്തിരുന്നില്ല.

## ബുദ്ധൻെറ കാല്പാടുകളിൽ 2883

സപ്തെമ്പർ 13-ാംനു- വിനോബജി ഉത്തരപ്രദേശത്തിൽനിന്നു് ബീഹാറിലേക്കു പ്രവേശിച്ചു. സേവാപുരി സമ്മേളനത്തിൽവെച്ചു് എല്ലാസംസ്ഥാനങ്ങൾക്കും നിശ്ചയിച്ച ക്വാട്ടത്തിൽ ബീഹാറിൻെറ ക്വോട്ട രണ്ടുവർഷത്തിനുള്ളിൽ പിരിക്കേണ്ടിയിരുന്നതു് 4 ലക്ഷം ഏക്ര ഭൂമിയായിരുന്നു. ബീഹാറിൽ പ്രവേശിച്ചതോടെ ആയതു 32 ലക്ഷം ഏക്രയായി വിനോബ വർദ്ധിപ്പിച്ചു. അദ്ദേഹം അതിന്നു കാരണം പറഞ്ഞതിതായിരുന്നു: "ബീഹാർ പവിത്രഭൂമിയാണു്. മഹാത്മാഗാന്ധി സമരമാരംഭിച്ചതു് ഈ മണ്ണിൽവെച്ചായിരുന്നു. അഹിംസയെ ലോകത്തിന്നുപദേശിച്ച ബുദ്ധനും മഹാത്മാ മഹാവീരനും അശോകനും ഈ മണ്ണിലാണു് പിറന്നതു്. തങ്ങളുടെ വിഹിതം ബീഹാറിലെ ജനങ്ങൾ പൂർത്തീകരിക്കുമെന്നു പൂർണ്ണമായും ഞാൻ വിശ്വസിക്കുന്നു. ബീഹാറിൻെറ ക്വോട്ട പൂർത്തീകരിക്കപ്പെടാതെ ഇവിടുത്തെ ഭൂപ്രശ്നത്തിന്നു പരിഹാരമുണ്ടാവുകയില്ല. ക്വോട്ട പൂർണ്ണമാകാതെയും ഇവിടുത്തെ ഭൂപ്രശ്നം പരിഹരിക്കാതെയും ബുദ്ധൻെറ ഈ നാട്ടിൽനിന്നു ഞാൻ പുറത്തുപോകാനാഗ്രഹിക്കുന്നില്ല."

ബീഹാറിൽ പ്രവർത്തനമാരംഭിച്ചതോടെ കോൺഗ്രസ്സും പ്രജാസോഷ്യലിസ്റ്റ്പാർട്ടിയും ഭൂദാനപ്രവർത്തനത്തിൽ തങ്ങളാലാവുന്നതെല്ലാം ചെയ്യാൻ മുന്നോട്ടുവന്നു.

അഖിലേന്ത്യാ പി. എസ്സ്. പി. നേതാവായ ശ്രീ ജയപ്രകാശ്നാരായണൻ ഭൂദാനത്തിൻെറ മഹത്തായ കഴിവുകളും വിപ്ലവസാദ്ധ്യതയും മനസ്സിലാക്കി, അതിന്നുവേണ്ടി പ്രവൎത്തിക്കാൻ തുടങ്ങി. ഭൂദാനസന്ദേശം വീട്ടു വീടായി പ്രചരിച്ചു; അതൊരു മഹത്തായ ജനകീയ പ്രസ്ഥാനമായി വികാസം പ്രാപിച്ചു

ബീഹാറിൽ പലഭാഗത്തും ജൈത്രയാത്ര നടത്തിക്കൊണ്ട് ആചാര്യജി പാററ്നയിലെത്തി. മുമ്പുതന്നെ പ്രഖ്യാപിച്ചുകഴിഞ്ഞ ശ്രമദാനം, ബുദ്ധിദാനം, സേവാദാനം, ചിന്താദാനം, സാധനദാനം എന്നിവയ്ക്കു പുറമെ, പാററ്നയിൽവെച്ചു "സമ്പത്തിദാന"വും സമാരംഭിക്കപ്പെട്ടു. വിനോബ പറഞ്ഞു, "തങ്ങളുടെ സമ്പത്തിൽ ആറിലൊന്ന് ഈ പ്രസ്ഥാനത്തിലേക്ക് ദാനം ചെയ്യുവാൻ സമ്പന്നന്മാരോട്ട് ഞാനഭ്യൎത്ഥിക്കുന്നു. ഈ നാട്ടിലെ ഓരോ വ്യക്തിയും ഭൂദാനത്തിൽ ഭാഗഭാക്കാകേണ്ടിയിരിക്കുന്നു. പ്രൊഫസർ, ഡോക്ടർ, വക്കീൽ എന്നിവൎക്ക് ബുദ്ധിയും സേവനവും ദാനം ചെയ്യാൻ സാധിക്കും. അംഗഭംഗം വന്നവൎക്കും ശരീരശേഷിയില്ലാത്തവൎക്കും ചിന്താദാനം ചെയ്യാം: എല്ലാവൎക്കും നന്മവരുവാൻ പ്രാൎത്ഥിക്കാം." അങ്ങിനെ ഭൂദാനപ്രസ്ഥാനം എല്ലാവൎക്കും പങ്കെടുക്കാവുന്ന നിലയിൽ ശാഖോപശാഖകളായി വളൎന്നു. പാററ്നയിൽവെച്ചു ഒരു ഗംഭീരസമ്മേളനം നടന്നതിൽ എല്ലാ കക്ഷികളും പങ്കെടുത്തതിന്നു പുറമെ, ബീഹാർ

മന്ത്രിസഭാംഗങ്ങളും എത്തിച്ചേരുകയുണ്ടായി. എല്ലാവരും ഭൂദാനപ്രസ്ഥാനത്തിന്നുവേണ്ടി ആവുന്നതും പ്രവത്തിക്കാൻ തീരുമാനിച്ചു.

## ഗയയിലേക്ക്

പാററ്നയിൽ നിന്നും ഗയയിലേക്കാണ് വിനോബ യാത്രചെയ്തതു്. ഗയയിൽവെച്ച് അദ്ദേഹം പറഞ്ഞു: "ഗയയെ കേന്ദ്രമാക്കിക്കൊണ്ട് ഞാൻ ബീഹാറിൽ പ്രവത്തിക്കാനാഗ്രഹിക്കുന്നു. ഇവിടെവെച്ച് ഗ്രാമരാജ്യരചനക്കുള്ള രംഗമൊരുക്കേണ്ടിയിരിക്കുന്നു." സർവ്വോദയാശ്രമങ്ങളെല്ലാം തല്ക്കാലത്തേക്ക് നിത്തിവെക്കാനും പ്രവത്തകന്മാർ ഗയയിലെത്തിച്ചേരാനും അദ്ദേഹം ആഹ്വാനം നല്കി. അതനുസരിച്ച്,പ്രവത്തകന്മാർ ഗയയിലെത്തിച്ചേന്നു. ഗയാജില്ലയിൽ പ്രവത്തനം ശക്തിപ്പെടാൻതുടങ്ങി. വിനോബജിയുടെ യാത്രാസംഘത്തിൽ അമേരിക്കയിൽനിന്നുപോലും ചിലർ വന്നുചേന്നു.

## രോഗബാധ

ഗയയിലൂടെ അദ്ദേഹം മാൻഭൂം, ഹസാരിബാഗ് എന്നിവിടങ്ങളിലേക്ക് നീങ്ങി. അവിടെവെച്ച് രാംഘട്ട് മഹാരാജാ ശ്രീ. കാമനാരായണ സിംഹൻ തൻെറ സമയവും ഒരു ലക്ഷത്തിൽപരം ഏക്ര ഭൂമിയും വിനോബാജിയുടെ മുമ്പിൽ സമർപ്പിച്ചു. മഹാറാണി വമ്പിച്ച വിലപിടിച്ച തൻെറ രത്നഹാരങ്ങൾ അദ്ദേഹത്തിന്നു സമർപ്പണം ചെയ്തു. ചാണ്ടിൻ യാത്ര ചെയ്തുകൊണ്ടിരി

ക്കേ അദ്ദേഹം പെട്ടെന്നു രോഗബാധിതനായി. യാത്ര നിൎത്തിവെക്കുവാനദ്ദേഹം നിർബ്ബന്ധിതനായി. രോഗം വൎദ്ധിച്ചുവന്നു. അദ്ദേഹം യാതൊരൗഷധവും ഇഷ്ടപ്പെട്ടില്ല. “രാമനാമമാകുന്ന അത്ഭുതൌഷധം കയ്യിലുള്ള ഞാൻ വേറെ മരുന്നിൻെറ പിന്നാലെ അഭയം തേടാൻ വിചാരിക്കുന്നില്ല” എന്നു് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു. തന്നെ ജീവിപ്പിക്കുന്നതും ജീവിപ്പിക്കാതിരിക്കുന്നതും ഈശ്വരൻെറ ഇഷ്ടമാണെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം.

വിനോബ കഠിനരോഗത്തിലാണെന്ന വിവരം ആസേതുഹിമാചലം പരന്നു. പലരും ഔഷധസേവനത്തിന്നു് അദ്ദേഹത്തെ നിർബ്ബന്ധിച്ചു. രാഷ്ട്രപതികൂടിയും അദ്ദേഹത്തോട്ട് ഔഷധമുപയോഗിക്കാനഭ്യൎത്ഥിച്ചു. ബീഹാർ മുഖ്യമന്ത്രി ശ്രീകൃഷ്ണസിംഹ ചാന്ഡിലെത്തി, കൈകൂപ്പിക്കൊണ്ടു് അദ്ദേഹത്തോടഭ്യർത്ഥിച്ചു. ആചാൎയ്യജിയുടെ അവശസ്ഥിതി കണ്ടു് അദ്ദേഹം പൊട്ടിക്കരഞ്ഞു. അങ്ങിനെ അനന്തമായ സ്നേഹനിർബ്ബന്ധങ്ങളുടെ ഭപരിൽ അവസാനം അദ്ദേഹം ഔഷധമുപയോഗിക്കാൻ കഷ്ടിച്ചു സമ്മതിച്ചു. ക്രമത്തിൽ രോഗം സുഖപ്പെട്ടു. അധികം താമസിക്കാതെ പൂൎണ്ണസുഖംതന്നെ ലഭിച്ചുവെങ്കിലും ദേഹത്തിന്നു ബാധിച്ച ക്ഷീണം പിന്നെയും കുറേനാൾ നീണ്ടുനിന്നു.

**ചാന്ഡ് സൎവ്വോദയ സമ്മേളനം**

1953ൽ സൎവ്വോദയ സമ്മേളനം “ടീക്കാപ്പട്ടി”യിലാണു് നിശ്ചയിക്കപ്പെട്ടിരുന്നതെങ്കിലും, വിനോബാജിക്കു്

കാൽനടയായി അധികദൂരം യാത്രചെയ്യാൻ സാധിക്കായ്ക യാൽ ആയത്തു് ചാന്ദിൽവെച്ചു നടത്താൻ തീരുമാനിക്ക പ്പെട്ടു. സമ്മേളനത്തിൽ രാഷ്ട്രപതി രാജൻബാബു, ജവ ഹർലാൽ നെഹറു മുതലായ സമുന്നതനേതാക്കന്മാരെല്ലാം സംബന്ധിക്കുകയുണ്ടായി. മാർച്ച് 7, 8, 9 തീയതികളിൽ വിനോബാജിയുടെ ആഭിമുഖ്യത്തിൽ സമ്മേളനം നടന്നു.

## ജാതിപ്പിശാചിൻെറ ഉറഞ്ഞാട്ടം

അല്പം ആരോഗ്യം വീണ്ടുകിട്ടിയെന്നായപ്പോൾ വി നോബ വീണ്ടും യാത്രയാരംഭിച്ചു. അദ്ദേഹം ഡിസമ്പർ 19-ാംനു- ദേവഘറിലെത്തി. ദേവഘറിലെ പ്രവൎത്തക ന്മാർ അവിടുത്തെ പ്രസിദ്ധശിവക്ഷേത്രത്തിൽ ഹരിജന ങ്ങൾക്കു് പ്രവേശമില്ലാത്തതിനെപ്പററി ആചാൎയ്യജിയെ അറിയിച്ചതനുസരിച്ചു് ക്ഷേത്രാധികാരികളെ അദ്ദേഹം ചെന്നുകാണുകയും ക്ഷേത്രപ്രവേശനത്തിന്നു അനുമതി സമ്പാദിക്കയും ചെയ്തു. വൈകുന്നേരം ഹരിജനങ്ങളോടു കൂടി അദ്ദേഹം ക്ഷേത്രത്തിലേക്കു് പുറപ്പെട്ടു. ഗോപുര വാതില്ക്കൽ ഒരു സംഘം ആളുകൾ തടിച്ചുകൂടീട്ടുണ്ടാ യിരുന്നു. അവർ ആചാൎയ്യജിയെ ദർശിക്കാൻ നില്ക്കുക യായിരിക്കുമെന്നാണു് എല്ലാവരും വിശ്വസിച്ചതു്. വി നോബയും സംഘവും വാതില്ക്കലെത്തിയതോടെ അവർ ആഗതരുടെ മേൽ ചാടിവീഴുകയും വിനോബജിയെ പ്രഹരിക്കയും ചെയ്തു. അദ്ദേഹത്തിന്നു ചെകിടത്തു് അടികൊണ്ടു. കൂടെയുണ്ടായിരുന്ന സഹോദരി കുസും

ദേശപാണ്ഡെക്കും സാരമായ പരുക്കപററി. മററൊരു പ്രവത്തകൻ ജീവാപായംതന്നെ വരുമോ എന്നു സംശയിക്കത്തക്ക നിലക്ക് ഭയങ്കരമർദ്ദനത്തിന്നു വിധേയനായി. പലരേയും ആസ്പത്രിക്കയച്ചു. വിനോബജി അവിടെനിന്നും മടങ്ങി. 20 വഷംമുമ്പ് അതേ സ്ഥലത്തുവെച്ച് ഗാന്ധിജിക്ക് നേരിട്ട അനുഭവം അങ്ങിനെ വീണ്ടും പുനരാവത്തിക്കപ്പെട്ടു. ആചാര്യജിയുടെ നേക്ക് ആഞ്ഞടിക്കപ്പെട്ട ആ അടി നൂററാണ്ടുകളായി ക്ഷേത്രമതിലുകൾക്കകം പതുങ്ങിക്കൂടി രക്ഷപ്പെട്ടു വന്ന ജാതിപ്പിശാചിൻെറ മുഖത്താണ് കൊണ്ടതു്. ആ ക്ഷേത്രം ഹരിജനങ്ങൾക്കായി തുറന്നുകൊടുക്കാൻ അധികകാലതാമസം വേണ്ടിവന്നില്ല.

ദേവഘർ വിട്ട അടുത്തദിവസം ആചാര്യജി ഭഗൽപൂരിൽ പ്രവേശിച്ചു. അവിടെനിന്നും മുംഗേർ, പൂർണ്ണിയാ, സഹരസാ, ദർഭംഗ, മുസഫർപൂർ എന്നിവിടങ്ങളിലെല്ലാം സഞ്ചരിച്ച് വീണ്ടും പാററ്നയിലെത്തി. ഈ യാത്രയിൽ ആയിരവും ലക്ഷവുമെന്ന തോതിൽ അനേകമനേകം പേർ അദ്ദേഹത്തിന്നു ഭൂമിദാനം സമപ്പിച്ചു. ദർഭംഗാ മഹാരാജാവു് രണ്ടു ലക്ഷത്തിൽപ്പരം ഏക്കർ ഭൂമിയാണ് അദ്ദേഹത്തിന്നു നൽകിയതു്. പാററ്നയിൽനിന്നും വിനോബ ഗയയിലേക്കുതന്നെ തിരിച്ചു.

★

## എട്ട്

### ഗയാസമ്മേളനം

1954 ഏപ്രിൽ 21ഇന്നു് അവസാനിച്ച ഗയാസർവ്വോദയസമ്മേളനത്തോടുകൂടി ഭൂദാനയജ്ഞപ്രസ്ഥാനം പുതിയൊരു ഘട്ടത്തിലെത്തിച്ചേൎന്നു.

ഏപ്രിൽ 18-ാംനു- കാലത്തു് ഞങ്ങൾ ഗയയിൽ വണ്ടിയിറങ്ങി. നാലഞ്ചുനാഴിക മുന്നോട്ടുപോയപ്പോൾ പുതിയ ഒരു ലോകത്തിലേക്കു് പ്രവേശിച്ചു് കഴിഞ്ഞതായിട്ടാണു് ഞങ്ങൾക്കു് തോന്നിയതു്. 2500 വൎഷങ്ങൾക്കു് മുമ്പു് ബുദ്ധദേവന്റെ പാദധൂളിയണിഞ്ഞു് ആനന്ദഗീതം പാടിക്കൊണ്ടു് സ്നേഹത്തിന്റെ അനശ്വരപ്രവാഹംപോലെ മുന്നോട്ടൊഴുകാൻ ഭാഗ്യമുണ്ടായ ഫൽഗുനദി, ജീവനില്ലാത്ത ശരീരംപോലെ വററി വരണ്ടു നിശ്ചലയായി ഞങ്ങളുടെ മുമ്പിൽ മലൎന്നു കിടക്കയാണു്. ഫൽഗുതീരത്തു് വിശാലമായ ഒരു മാന്തോപ്പിലാണു് സമ്മേളനരംഗം. അടുത്തടുത്തായി ആയിരക്കണക്കിൽ പണിതൊരുക്കിട്ടുള്ള വൈക്കോൽപന്തലുകൾ അണിനിരന്നിരിക്കുന്നു. അതാണു് സൎവ്വോദയപുരി.

നിലക്കാത്ത ജലപ്രവാഹംപോലെ ഇടതടവില്ലാതെ വൎദ്ധിച്ചുവരുന്ന ജനസമൂഹത്തിൽ, നീറുന്ന ചൂടുവെയിലി

നെപ്പററി ആക്കംതന്നെ സ്മരണയില്ല. ഏതു് ഭാഗം തിരിഞ്ഞാലും തിരക്കു്; ഏതുഭാഗവും ഉത്സാഹം. ആ കുടിലുകൾക്കകത്തും പുറത്തും എപ്പോഴും ജനസമുദ്രം പ്രവഹിച്ചുകൊണ്ടേയിരുന്നു. ഞങ്ങൾ പുരിയിലേക്കു് പ്രവേശിച്ചു, "കേരള"മെന്നു് ബോർഡു് തൂങ്ങുന്ന പർണ്ണാശ്രമത്തിൽ സ്ഥാനമുറപ്പിച്ചു.

അകത്തായാലും പുറത്തായാലും ചൂടിന്നു് യാതൊരു വ്യത്യാസവുമില്ല. വിശറി വാങ്ങി വീശിക്കൂടേ? വീശാം, ഞങ്ങൾ വീശി. അതുകൊണ്ടു് ഫലം? ചുട്ടുപഴുത്ത കാററു് വിലകൊടുത്തുവാങ്ങി, അതുതന്നെ. വിയക്കുന്നില്ലെ? ഉണ്ടു്. വിയത്തൊലിച്ചാൽ ഒരു തണുപ്പനുഭവപ്പെടാറുണ്ടല്ലൊ—പക്ഷെ, അവിടെ ആരും അതിന്നാഗ്രഹിക്കേണ്ടതില്ല. വിയപ്പു് രോമരന്ധ്രങ്ങളിൽക്കൂടി വെളിക്കെത്തുമ്പോഴേക്കും വററി ഉണങ്ങിപ്പോകയാണു്. ഓരോ അഞ്ചുമിനുട്ടു് കൂടുമ്പോഴും പച്ചവെള്ളം കുടിക്കണം. 'മൺകൂജാ'വിലെ വെള്ളം കൂടക്കൂടെ മാററിയില്ലെങ്കിൽ ചൂടുവെള്ളം കുടിക്കേണ്ടിവരും. കൊച്ചു് പക്ഷികൾ ചിറകുകരിഞ്ഞു് വീഴുന്നതു് കണ്ണുകൊണ്ടു കണ്ടപ്പോഴാണു് ആശാൻെറ ചണ്ഡാലഭിക്ഷുകിയിലെ "അക്കനെ സ്വദ്ധിക്കും മട്ടിൽ ജ്വലിച്ചഭൂമി" അതിശയോക്തിയല്ലെന്നു മനസ്സിലായതു്. തർബൂക്കു് (തണ്ണിമത്തങ്ങ) കാരനും ദഹി (തൈരു്)കാരനും ശുക്രദശയാണു്.

## അപൂർവ്വദൃശ്യം

ഞങ്ങളുടെ വാസസ്ഥാനത്തുനിന്നു് ഒരമ്പതറുപതു വാര മാത്രമേ പ്രസംഗമഞ്ചത്തിലേക്കു് ദൂരമുള്ളു. ആളുകൾ അതിരില്ലാതെ വന്നുനിറഞ്ഞുകഴിഞ്ഞു. മണി കാലത്തു് ഒമ്പതായി. ശ്രീമതി ആശാദേവി അദ്ധ്യക്ഷസ്ഥാനത്തേക്കും കാക്കാ കാലേല്ക്കർ ഉൽഘാടനത്തിന്നുമായി ക്ഷണിക്കപ്പെട്ടുകൊണ്ടു് സ്വാഗതപ്രസംഗം കഴിഞ്ഞു. ജനസമുദ്രം നിശ്ചലമായി. ആയിരമായിരം കണ്ണുകൾ ഒന്നിച്ചു് പ്രസംഗമഞ്ചത്തിന്നുനേർക്കു് നിന്നിമേഷങ്ങളായി ചലനമില്ലാതെ തറച്ചുനില്ക്കുകയാണു്. ശ്രീമതി മഹാദേവിതായുടേയും വേറെ ഒന്നുരണ്ടു പേരുടേയും നടുവിൽ വെളുത്തു് മെലിഞ്ഞ 59കാരനായ ഒരു കൊച്ചുതാടിക്കാരൻ കൃപ്പുകയ്യും പുഞ്ചിരിയുമായി വേദിയിലേക്കു് വന്നുകയറി. 'സന്ത വിനോബാ കീ ജൈ, ഭൂദാനയജ്ഞം കീ ജൈ, മഹാത്മാ ഗാന്ധി കീ ജൈ". ഞാൻ ബോധഗയയിലെ മണ്ണിൽവെച്ചു വിനോബയെ കാണുകയാണു്. ഇരുപത്തഞ്ചു നൂററാണ്ടുകൾക്കുമുമ്പു്, എന്റെ മുമ്പിലുള്ള ഫൽഗുതീരത്തെ അരയാൽത്തറമേൽ ഇരുന്നുകൊണ്ടു്, "എന്റെ തൊലിയും ഞരമ്പുകളും ഉണങ്ങിത്തകർന്നു നശിച്ചുകൊള്ളട്ടെ, ഈ ശരീരത്തിലെ മാംസവും രക്തവും വററിവരണ്ടു് കരിഞ്ഞു്കരിഞ്ഞു് ഇല്ലാതാവട്ടെ, ദുഃഖിതസമൂഹത്തിന്റെ സമാശ്വാസമാർഗ്ഗം കണ്ടെത്തുന്നതുവരെ ഈ ഇരിപ്പിടത്തിൽനിന്നെഴുന്നേല്ക്കുന്നത

ല്ലേ"ന്നു ഈ മണ്ണിൽനിന്നാണു് ഒരു മഹാശബ്ദമുയൎന്നതു് ഭഗവാൻ ബുദ്ധൻെറ ആ സ്നേഹസാധന. ആ മഹായജ്ഞം മാംസദൃഷ്ടികൾകൊണ്ടു് ഇന്നിതാ നോക്കിക്കാണാനെനിക്കു് സാധിച്ചിരിക്കുന്നു. അന്നു് "ബഹുജനസുഖായ, ബഹുജനഹിതായ" എന്ന ശബ്ദമാണു് ആളുകളൊന്നിച്ചുചേൎന്നേടത്തുനിന്നെല്ലാമുയൎന്നതു്. ഇന്നു് "സൎവ്വജനങ്ങളുടേയും അഭ്യുദയം, സൎവ്വലോകത്തിന്റേയും ഉദയം"-വ്യത്യാസം ഇതാണു്. തപശ്ചൎയ്യകൾകൊണ്ടും അവശസമൂഹത്തിന്നു വേണ്ടിയുള്ള കഠിനമായ അദ്ധ്വാനംകൊണ്ടും മെലിഞ്ഞുണങ്ങി അസ്ഥിമാത്രശരീരനായിക്കഴിഞ്ഞ ഈ വെളുത്ത മനുഷ്യനിൽക്കൂടി ലോകം വീണ്ടും ഗാന്ധിജിയെ ദൎശിക്കുകയാണു്. ആകാശഭേദിയായ സദസ്സിന്റെ ശബ്ദം നിലച്ചു. വികാരനിൎഭരമായ രംഗം ഒട്ടൊന്നു ശാന്തമായി. ആചാൎയ്യജി ആ പ്രസംഗവേദിയിൽ പടിഞ്ഞിരുന്നു. കാക്കാ കലേല്ക്കർ സമ്മേളനം ഉൽഘാടനം ചെയ്തു. "എന്റെ പ്രിയപ്പെട്ട ബാപ്പുവെ ആചാൎയ്യവിനോബയെ നോക്കുമ്പോൾ ഞാൻ കാണുന്നു"വെന്നുള്ള തുടക്കത്തോടുകൂടി വിനോബക്കു് പ്രണാമമൎപ്പിച്ചുകൊണ്ടു് ആ പണ്ഡിതവൃദ്ധൻ നടത്തിയ ഉൽഘാടനപ്രസംഗം, "തഥാഗതന്റേയും പ്രച്ഛന്ന ബുദ്ധനായ ശങ്കരന്റേയും പവിത്രശബ്ദവും സംസ്കാരവും മനുഷ്യസമൂഹത്തിന്നു് മാൎഗ്ഗദൎശനം ചെയ്ത ഗയയിൽ ആചാൎയ്യവിനോബയുടെ മഹായജ്ഞം ആറാം യുഗത്തിന്നേതിരായി ഒരു മഹാകാൎയ്യം സാധിക്കാൻ പോകയാണെ"ന്നു് പ്രഖ്യാപിച്ചുകൊണ്ടാണു് അവസാനിച്ചതു്.

അദ്ധ്യക്ഷയുടെ ഉപക്രമപ്രസംഗത്തിനുശേഷം മൈക്ക് വിനോബ ഇരിക്കുന്നേടത്തേക്ക് നീങ്ങി. ആ പ്രസംഗധാര തുടന്നതോടെ മഹത്തായ ഒരു പരിവേഷം സദസ്സിനെ വലയം ചെയ്തതായനുഭവപ്പെട്ടു. ആചാര്യജിയുടെ പ്രസംഗത്തെത്തുടന്നുണ്ടായ പരിപാടികളോരോന്നും സർവ്വോദയപ്രസ്ഥാനത്തിൻെറയും ഭൂദാനയജ്ഞത്തിൻെറയും അഗാധതലങ്ങൾവരെ നോക്കിക്കാണാൻ സദസ്സിനെ സഹായിക്കുന്നവയായിരുന്നു. എത്രയോ വയസ്സധികമുള്ള രാഷ്ട്രപതി രാജൻബാബു പ്രസംഗമണ്ഡപത്തിൽ ഓടിക്കയറി ആ 59കാരൻെറ കാല്ക്കൽ വടിപോലെ വീണുനമസ്കരിച്ചുകിടന്ന രംഗം സകലരേയും രോമാഞ്ചം കൊള്ളിച്ചു. ആ പാദതലത്തിൽനിന്നെഴുന്നേററത് ഭാരതത്തിൻെറ ചെങ്കോലേന്തുന്ന പ്രതാപിയായിരുന്നില്ല, ധാരധാരയായി കണ്ണീരൊഴുക്കിക്കൊണ്ട് ഇഷ്ടദേവൻെറ മുമ്പിൽ കൈമെയ്മറന്ന് ഉന്മത്തനായി നില്ക്കുന്ന ഒരു ഭക്തനായിരുന്നു. സ്വതേതന്നെ വമ്പിച്ച ചുമടുകൾ തലയിൽ പേറുന്ന ജവഹർലാൽ നെഹറുവിൻെറ ശിരസ്സിൽ നല്ല ഒരു കനംകൂടി കയറിയപോലെയാണ് പ്രാത്ഥനാപ്രസംഗാനന്തരം വിനോബയും അദ്ദേഹവും തമ്മിൽ പിരിയുമ്പോൾ കാണപ്പെട്ടതു്.

തൻെറ ഭൂദാനപയ്യടനത്തിന്നിടയിൽ ഒറീസ്സയിലെ ജനങ്ങൾ 17 ഗ്രാമങ്ങൾ യജ്ഞത്തിലേക്ക് സംഭാവന ചെയ്തതായറിയിച്ചുകൊണ്ടും ഭൂദാനയജ്ഞത്തിൻെറ വിജയത്തിന്നു തൻെറ ജീവിതംതന്നെ സമപ്പിച്ചതായി

പ്രഖ്യാപിച്ചുകൊണ്ടും ജയപ്രകാശ്ജി വിനോബയുടെ മുമ്പിൽ പ്രസംഗിച്ചപ്പോഠം ഭൂദാനയജ്ഞം ഒരു പുതിയ അടിവെപ്പിലേക്ക നീങ്ങിക്കഴിഞ്ഞതായി തോന്നി. ജയപ്രകാശിൻെറ "ജീവൻദാൻ" പ്രഖ്യാപനം ആ മഹാസദസ്സിനെ തുടരെയുള്ള ഹസ്തഘോഷങ്ങളിലേക്കും വിനോബയെ നിശ്ശബ്ദതയിലേക്കും നയിച്ചു. അന്ന് ചിന്തയിലേക്ക് പെട്ടെന്നിറങ്ങിയതിൻെറ അർത്ഥം വിനോബജി പിറെറന്നത്തെ പ്രസംഗം തുടന്നപ്പോഴാണ് സദസ്സിന്നു മനസ്സിലായത്ത് അദ്ദേഹം പറഞ്ഞു, "ഞാൻ ഭൂദാനയജ്ഞത്തിന്നുവേണ്ടി വളരെയെല്ലാം പ്രവത്തിച്ചുവെന്നഭിമാനിച്ചിരുന്നു. എൻെറ ആ ദുരഭിമാനം യുവനേതാവും ഭാരതത്തിൻെറ കണ്ണിലുണ്ണിയുമായ ജയപ്രകാശ് മാററിയിരിക്കുന്നു. അദ്ദേഹം ഇവിടെ നടത്തിയപോലുള്ള ഒരു മഹാകായ്യം ഭൂദാനചരിത്രത്തിലിതുവരെ നടന്നിട്ടില്ലാത്തതും ഏററവും മഹത്തുമാകുന്നു. ജീവിതത്യാഗം ഈ മഹാപ്രസ്ഥാനത്തിന്നുവേണ്ടി ചെയ്യാൻ എനിക്കുകൂടി ഇതുവരെ സാധിച്ചിട്ടില്ല. അതിനാൽ ഈ ശുഭവേളയിൽ ഞാൻ ഈ മഹായജ്ഞത്തിൻെറ വിജയത്തിന്നുവേണ്ടി എൻെറ ജീവിതം ജയപ്രകാശിന്നു സമപ്പിക്കുന്നു." ആചായ്യജിയുടെ പ്രസംഗം ആവേശപൂവ്വം ജനങ്ങഠം കേട്ടു. ആ സദസ്സിൽവെച്ച് അഞ്ഞൂറിൽപരം ആളുകഠം ഭൂദാനപ്രസ്ഥാനത്തിലേക്ക് ജീവിതസമപ്പണം ചെയ്തു.

രാധാകൃഷ്ണൻ, വല്ലഭസ്വാമി, ജവഹർലാൽ, കൃഷ്ണമേനോൻ, രാജ്യപാൽ ദിവാകർ, ഗോവിന്ദവല്ലഭപന്ത്,


ശ്രീകൃഷ്ണസിഹ്ന, നവകൃഷ്ണചൌധരി, ദാദാധമ്മാധികാരി, അഗർവാൾ, ഹരിഭാവു ഉപാദ്ധ്യായ, സുശീലാ നയ്യർ, ജയപ്രകാശ്, കൃപലാനി, രാജേന്ദ്രപ്രസാദ്, സിദ്ധരാജ ദത്ത മുതലായി വിവിധരംഗങ്ങളിലും കക്ഷികളിലും പ്രവത്തിക്കുന്ന ആളുകൾ സമ്മേളിച്ച സർവ്വോദയപുരി ഏവരുടെയും ഹൃദയത്തെ സ്പശിക്കാൻ പര്യാപ്തമായിരുന്നു. രാജ്യാഭിമാനവിജൃംഭിതമായി പഴയ കാലങ്ങളിൽ ഗാന്ധിജിയുടെ ആഭിമുഖ്യത്തിൽ നടക്കാറുള്ള ദേശീയ പ്രസ്ഥാനത്തിൻെറ മഹാസമ്മേളനങ്ങളുടെ ഓമ്മ ഏവരിലുമുണത്താൻ ആ ദൃശ്യത്തിന്നു സാധിച്ചു. ഇന്നു കക്ഷികളുടെയും അഭിപ്രായഭിന്നതകളുടെയും പേരിൽ ചേരിപിരിഞ്ഞുപോയ ആ നേതാക്കന്മാരെയെല്ലാം ഒരേ രംഗത്തിലണിനിരത്തി, ഒരേ അഭിപ്രായം സംസാരിപ്പിക്കാൻ ഗാന്ധിജിയുടെ ആത്മീയ ഉത്തരാധികാരിയായ ആചാര്യജിക്കു സാധിച്ചുവെന്നതു കുറേ നേരത്തേക്കെങ്കിലും ആ നേതാക്കന്മാരെ ആ പഴയ അനുഭൂതിയുടെ നിശ്ശബ്ദമായ അയവിറക്കലിലേക്കു കൊണ്ടുമെത്തിച്ചിരിക്കും.

നാലു ലക്ഷത്തിൽപ്പരം ആളുകൾ ചേന്ന ഗയയിലെ സമ്മേളനത്തിൽവെച്ചു, മുമ്പു സേവാപുരിസമ്മേളനത്തിൽനിന്നു തീരുമാനിച്ച 25 ലക്ഷം ഏക്ര ഭൂമി ശേഖരിക്കേണ്ടുന്നതു 30 ലക്ഷത്തിലധികമാക്കി ഉയർത്താൻ സാധിച്ചതായിട്ടാണു പ്രഖ്യാപിക്കപ്പെട്ടതു്.

ഇതിനകം 35 ലക്ഷം ഏക്ര ഭൂമി ആചാര്യജിയുടെ മഹാപ്രസ്ഥാനത്തിന്നു പിരിഞ്ഞു കിട്ടിയതിൽ 60 ഗ്രാമ

ങ്ങളും ഉൾപ്പെടുന്നു. പല ഗ്രാമങ്ങളും സർവ്വോദയസമുദായജീവിതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടു കഴിഞ്ഞിരിക്കയാണ്. അടുത്ത കണക്കനുസരിച്ചു, ഒരു ലക്ഷത്തോളം ഏക്ര ഭൂമി മുപ്പതിനായിരം കുടുംബങ്ങൾക്കായി വിതരണംചെയ്തു കഴിഞ്ഞിട്ടുണ്ടെന്നാണ് കാണുന്നതു്.

അങ്ങിനെ ബീഹാറിൽ ബുദ്ധൻെറ കാല്പാടുകളിലൂടെ ഒരു പുതിയ യുഗത്തിൻെറ വിപ്ലവശംഖധ്വാനം മുഴക്കിക്കൊണ്ട് ഗാന്ധിജിയുടെ പ്രതിപുരുഷനായ ആ മെലിഞ്ഞ മനുഷ്യൻ, വിശ്വനാശകമായ ആററംബോമ്പിൻെറ ഭീഷണിയുടെ മുമ്പിൽ മനുഷ്യനിലുറങ്ങിക്കിടക്കുന്ന സൽഭാവങ്ങളെ തട്ടിയുണർത്തിക്കൊണ്ടു്, തൻെറ അഖണ്ഡമായ ജൈത്രയാത്ര ഗയാസമ്മേളനത്തിന്നു ശേഷവും തുടർന്നു. അവിടെനിന്നു ബങ്കാളിലേക്കും ബങ്കാളിൽനിന്നു ഒറീസ്സയിലേക്കുമാണ് അദ്ദേഹം പ്രവേശിച്ചതു്. ഒറീസ്സയിലേക്ക് കടന്നതോടെ അവിടെ ഭൂരിപക്ഷം വരുന്ന ആദിവാസി വിഭാഗത്തിൻെറ കുടിലുകളും കർഷകഭവനങ്ങളും വലിയവൻെറ മണിമേടയും അദ്ദേഹത്തിന്നു അത്ഭുതപൂർവ്വമായ ഒരു സ്വാഗതമാണ് നല്കിയതു്. ഹിംസയുടെ പടവാളേന്തിയ അശോകചക്രവർത്തിയെ സ്നേഹമുദ്രധരിപ്പിച്ച ആ കലിംഗഭൂമി ആയിരത്തിൽപ്പരം വർഷങ്ങൾക്കുശേഷം മറെറാരു സ്നേഹഭിക്ഷുവിൻെറ പാദയാത്ര നോക്കിക്കണ്ടു കണ്ണും കരളും കുളുർപ്പിച്ചു. ഒരു ഹിന്ദി കവി ഈ ലോകത്തെ "തൂഫാൻ മെയിൽ വണ്ടി"യായി ഉപമിച്ചു കണ്ടിട്ടുണ്ടു്. "വണ്ടി



ഭാരതത്തിലെ രണ്ടു തേജ:പുഞ്ജങ്ങൾ

യിൽ പുതിയ യാത്രക്കാർ കയറി യാത്രചെയ്യുന്നു. മുമ്പ് കയറിയവർ ഇറങ്ങിപ്പോകുന്നു. ചിലർ ഒരാഫീസിൽ നിന്നു അടുത്ത സ്റ്റേഷൻവരെപോകും; ചിലർ വളരെയധികം ദൂരംവരെ ദീർഘയാത്രചെയ്യും. പിന്നേയും തൂഫാൻ മെയിൽ യാത്ര തുടരുകയാണു്". ആചാര്യവിനോബക്കും അതേ ഉദാഹരണം തികച്ചും യോജിക്കുന്നു. തൻെറ യാത്രാസംഘത്തിൽ ചിലർ വന്നുചേരുന്നു; ചിലർ യാത്രയവസാനിപ്പിച്ചു തിരിച്ചുപോകുന്നു. എന്നാൽ വിനോബജി പിന്നെയും പിന്നെയും തൻെറ അവിരാമമായ മഹാപ്രയാണം നിത്താതെ തുടരുന്നു.

"നഹിവേരേണവേരാണി
സമന്തീഘ കദാചന
അവരേണ ച സമന്തി
ഏഷധമ്മോ സനാതനൌ"

(വൈരംകൊണ്ടു് വൈരമവസാനിക്കുന്നില്ല. നിവ്വൈരം (സ്നേഹം)കൊണ്ടു് മാത്രമേ വിരോധഭാവം അവസാനിക്കുന്നുള്ളൂ. ഇതു തന്നെയാണു് സനാതന തത്വം). രണ്ടായിരത്തിയഞ്ഞൂറു് വർഷങ്ങൾക്ക് മുമ്പ് ബുദ്ധദേവനിൽനിന്നു് നിർഗ്ഗളിച്ച ആ മഹാതത്വത്തിന്നു് വീണ്ടും ചൈതന്യം കൊടുത്തുകൊണ്ടു് ഒറീസ്സയിലെത്തിയ വിനോബക്കു് ഏക്രക്കണക്കിൽ എന്നതുപോയി ഗ്രാമങ്ങൾ എന്ന കണക്കിലാണു് ഭൂമി ദാനമായി ലഭിച്ചതു്.

**പുരിസമ്മേളനം**

1955 മാർച്ച് 25 മുതൽ 28 വരെ നടന്ന പുരി സർവ്വോദയസമ്മേളനവേദിയിൽവെച്ചു ഒരു പുതിയ വിപ്ലവംതന്നെ ഉൽഘാടനം ചെയ്യപ്പെട്ടു. ഭൂദാനയജ്ഞം അതിന്റെ തീവ്രതയിലേക്കു് നീങ്ങുകയാണെന്നും 1957 അവസാനിക്കുംമുമ്പു് ഈ മഹാ പ്രസ്ഥാനം ഈ വിശാല രാജ്യത്തിന്റെ മുഖഭാവംതന്നെ മാററിമറിക്കാൻ പോകുന്നുവെന്നുള്ള മഹത്തായ ഒരു പ്രഖ്യാപനമായിരുന്നു. ചരിത്രപ്രസിദ്ധമായ പുരിസർവ്വോദയസമ്മേളനമെന്നു പറഞ്ഞാൽ തെററില്ല. സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ടു് 100 മിനുട്ടു് നീണ്ടുനിന്ന തന്റെ പ്രസംഗത്തിൽ, ഈ കാലഘട്ടത്തിന്റെ പ്രത്യേകതയും സമാധാനപ്രേമികളുടെ അടിയന്തരമായ കർത്തവ്യവും വിവരിച്ചുകൊണ്ടു് ഈ അടിയന്തരഘട്ടത്തെ നേരിടാൻ ഭാരതീയരെ വിനോബ ആഹ്വാനം ചെയ്യുകയുണ്ടായി. മഹത്തായ ആഹ്വാനത്തെ തുടർന്നു് മറെറല്ലാം നിർത്തിവെച്ചു് സ്ഥാപനങ്ങളും വ്യക്തികളും സർവ്വസ്വവുമുപേക്ഷിച്ചു് ഭൂദാനയജ്ഞ പ്രവർത്തനത്തിന്നായി തെരുതെരെ മുന്നോട്ടു് വന്നുകൊണ്ടിരിക്കയാണു് ഭൂമിയുടെ ഇന്നത്തെ അസ്വാഭാവികവും കൃത്രിമവുമായി കൈവശനിലപാടു് വ്യത്യാസപ്പെടുത്താൻ പ്രതിജ്ഞചെയ്തുകൊണ്ടു് പലഭാഗങ്ങളിലും അഖണ്ഡപദയാത്രാസംഘങ്ങൾ പുറപ്പെട്ടുകഴിഞ്ഞിരിക്കുന്നു. സേവാഗ്രാമിൽ സ്ഥിതി

ചെയ്യുന്ന മഹാത്മാ ഗാന്ധിയുടെ ആശ്രമംപോലും പൂട്ടി ക്കൊണ്ട് തൽപ്രവർത്തകന്മാരും സർവ്വോദയപ്രസ്ഥാന ത്തിൻെറ മുഖപത്രമെന്ന നിലയിൽ ചുരുക്കം കാലത്തി നകം ഏററവുമധികം പ്രശസ്തിയാർജ്ജിച്ച "സർവ്വോദയ" ത്തിൻെറ പ്രവർത്തനം നിർത്തിവെച്ചുകൊണ്ട് ആ സ്ഥാപ നത്തിലെ മുഴുവൻ പ്രവർത്തകരുമടക്കം അനേകമാളു കൾ വിനോബജിയുടെ സന്നദ്ധസേനയിൽ അണിനിര ന്നിരിക്കയാണ്. അന്നദ്ദേഹം ഗഞ്ചാമിൽ സഞ്ചരിക്ക യാണ്. ഗഞ്ചാമിൽനിന്ന് ആന്ധ്റ ഹൈദരബാദ് മദിരാശിവഴിയായി 1957ൽ കേരളത്തിലും എത്തി ച്ചേരുവാനാണ് അദ്ദേഹം നിശ്ചയിച്ചിരിക്കുന്നതു്.

ഭൂമി വാങ്ങലും കൊടുക്കലുംകൊണ്ട് ഭൂദാനയജ്ഞ പ്രസ്ഥാനം അവസാനിച്ചേക്കുമെന്നു ശങ്കിക്കുന്നവരുടെ കണ്ണുകൾ, വിനോബജി ഈയിടെ ഗഞ്ചാമിൽവെച്ച് ചെയ്ത പ്രസ്താവന തുറപ്പിച്ചിട്ടുണ്ടാവും. "ഭൂമിയുടെ ചങ്ങല പറിച്ചെറിഞ്ഞു് കഴിഞ്ഞാൽ താൻ ഫാക്ടറിക ളിലേക്കു പ്രവേശിക്കുന്നതാണെ"ന്നു അദ്ദേഹം പ്രഖ്യാ പിച്ചിരിക്കുന്നു. ഭൂമിയിൽ വ്യക്തിപരമായ ഉടമസ്ഥത പാടില്ല. അതുപോലെ ഫാക്ടറികളിലും മററുമുള്ള വ്യക്തിപരമായ ഉടമസ്ഥതയും ഉപേക്ഷിക്കേണ്ടതാണെ ന്നാണ് അദ്ദേഹം ആവശ്യപ്പെട്ടിട്ടുള്ളതു്. ഭാരതം അ തിൻെറ അതീതകാലസംസ്കാരമണ്ഡലത്തിൻെറ അഗാ ധതയിലേക്കും ഒരേസമയം ദർശനശക്തി പ്രദാനംചെയ്യുന്ന

മഹത്തായ ശക്തികേന്ദ്രമായി വിനോബ ഇന്നു എണ്ണപ്പെട്ടിരിക്കയാണു്.

വിനോബയുടെ ഭൂദാനപ്രസ്ഥാനത്തിൽ സംഖ്യാനുപാതികമായി സിദ്ധിച്ച നേട്ടങ്ങൾ. 1955 ഏപ്രിൽ 20വരെ.

| | | |
|---|---|---|
| ഭൂദാനം:— | 38,26,810 | ഏക്ര |
| ദാതാക്കൾ:— | 4,42,722 | |
| വിതരണം:— | 1,93,275 | ഏക്ര |
| കുടുംബങ്ങൾ:— | 52,134 | |
| ഭൂമി സിദ്ധിച്ചവർ:— | 2,60,670 | |
| സമ്പത്തിദാനം:— | 2,67,149—7—0 | |
| സ. ദാതാക്കൾ:— | 1,790 | |
| ജീവൻ ദാതാക്കൾ:— | 1,616 | |

ധാൎമ്മികമായി ഈ നാട്ടിന്നു് ഒരു പുതു ചൈതന്യം തന്നെ പ്രദാനം ചെയ്യാൻ വിനോബജിക്കു് ഇതിനകം സാധിച്ചിട്ടുണ്ടെന്നുള്ളതാണു് ഈ കണക്കുകളിലെല്ലാമുപരിയായിട്ടുള്ള പരമാൎത്ഥം. ആയിരമായിരം ജനഹൃദയങ്ങളിൽ സംസ്കാരബോധവും, ധാൎമ്മികചിന്തയുമുദ്ദീപിക്കാൻ പൎയ്യാപ്തമായി പരിണമിച്ചിരിക്കുന്ന വിനോബജിയുടെ പ്രസ്ഥാനത്തിന്റെ മേൽകൊടുത്ത കണക്കുകളുടെ ഗൌരവവും ഈ ഘട്ടത്തിൽ ഒന്നു് ചിന്തിച്ചുനോക്കേണ്ടതാണു്. ഇതുവരക്കും സിദ്ധിച്ച ഭൂമികൊണ്ടു് ഇവിടുത്തെ ഭൂമിയും തൊഴിലുമില്ലാത്ത ഏഴെട്ടു ലക്ഷം കുടുംബ

ങ്ങൾക്ക് ചെറിയതരത്തിലെങ്കിലും ഒരു സമാശ്വാസമു ണ്ടാക്കാൻ കഴിയുമെന്നു സമ്മതിക്കാത്തവരുണ്ടാവില്ല. എട്ടുലക്ഷം കുടുംബങ്ങളെ സർവ്വനാശത്തിൽനിന്നും പിടി ച്ചുകയററാൻ വെറും നാലുവർഷത്തെ പ്രയത്നംകൊണ്ടു് വിനോബജിക്കു് സാധിച്ചുവെന്നതിൽനിന്നുതന്നെ, ഈ നാട്ടിൽ ഇന്നുള്ള ഏതു പ്രസ്ഥാനത്തിലുമുപരിയായി ഈ നാട്ടിൻെറ ഭാവി അദ്ദേഹത്തെ പ്രതീക്ഷിച്ചുനില്ക്കുക യാണെന്നുള്ളതിന്നു സന്ദേഹമില്ല.

---

# ചില വിനോബാസൂക്തങ്ങൾ

ഈശ്വരനും ഞാനും ഒരേ ചൈതന്യത്തിൻെറ പ്രതിരൂപങ്ങളാണ്. പ്രതിരൂപങ്ങൾ രണ്ടാണെങ്കിലും ചൈതന്യം ഒന്നുമാത്രമാണ്. അദ്ദേഹത്തിൻെറ ശക്തി എൻെറയും ശക്തിയാണ്. അതിനാൽ ഈശ്വരനോട് ശക്തിക്കഭ്യത്ഥിക്കുന്നതു് ഒരു തരത്തിലും പരാധീനതയെ കുറിക്കുന്നില്ല. ഞാൻ ഈശ്വരനോടഭ്യത്ഥിക്കുമ്പോൾ എന്നോടു തന്നെ അഭ്യത്ഥിക്കയാണ്.

*

പരീക്ഷ പാസ്സാകുവാൻ ഈശ്വരനെ പ്രാത്ഥിക്കുന്നു. വയലിൽ കൂടുതൽ വിളവുണ്ടാകുവാൻ അവിടത്തെ മുമ്പിൽ കൈകൂപ്പുന്നു. ഇതു ബുദ്ധിശൂന്യതയാണ്. ഇപ്പറഞ്ഞവക്കെല്ലാമുള്ള ശക്തി ഈശ്വരൻ നമുക്കു കാലെക്കൂട്ടി തന്നതിൻെറ നേർക്കു് ഇതുകൊണ്ടു് നാം അവിശ്വാസം പ്രകടിപ്പിക്കുകയാണ്. സകാമഭാവനവെച്ച്, ബാഹ്യകാര്യങ്ങൾക്കുവേണ്ടി ഈശ്വരസഹായമഭ്യത്ഥിക്കുക്കുന്നതു് ശരിയല്ല.

*

പെൻസിലിന്നു മുനയുണ്ടാക്കാൻ പിച്ചാങ്കത്തി ഉപയോഗപ്പെടുന്നു. വിരൽ മുറിക്കാനുള്ള കഴിവും ആ കത്തിയിലൊതുങ്ങിട്ടുണ്ട്. ഇന്ദ്രിയങ്ങളെ ഈശ്വരാഭിമുഖമാക്കുന്നതു് പെൻസിൽ ചെത്തലും കൈമുറിക്കൽ അവക്കു് വശപ്പെടലുമാണ്.

*

അമ്മ കുട്ടിയെ സസ്നേഹം കുളിപ്പിക്കുന്നു. അലങ്കാരമണിയിക്കുന്നു തൻെറ കുട്ടി സുന്ദരനാണെന്നു കണ്ടു കൺകുളൂപ്പിക്കുന്നു.

അപ്രകാരം ആത്മഭാവനയോടുകൂടി വിശ്വത്തെ അലങ്കരിക്കുക, ശോഭിപ്പിക്കുക, ഉടുപ്പിക്കുക, എന്നിട്ടതിനെ നോക്കു! അപ്പോളതിന്റെ സൗന്ദര്യം കാണാം.

*

ഇന്നുവരെ സംഭവിക്കാത്തതു് ഇനിയും സംഭവിക്കില്ലെന്നാണ് മാമൂൽപ്രിയരായ കിഴവന്മാരുടെ വാദം. ഇന്നുവരെ നടക്കാത്ത ആയിരമായിരം കാര്യങ്ങൾ വരാനിരിക്കുന്ന വിവരം ഇവരറിയുന്നില്ല. മരണം ഇവരെ സംബന്ധിച്ചേടത്തോളം ഇതുവരെ നടന്നിട്ടില്ലെന്നതുകൊണ്ടു് അതു വരുമ്പോൾ അതിനെ തടയാൻ ഇവർക്കു കഴിയുമോ?

*

ഉന്നതമായ ആദർശം സ്വീകരിക്കുക, സംയമജീവിതം നയിക്കുക ഇതാണ് ബ്രഹ്മചര്യമെന്നാണ് ഞാൻ ധരിച്ചിരിക്കുന്നതു്.

*

ഭൂമി മുഴുവനും ഗോപാലന്റെയാണ്. ഭൂമിയിൽ അദ്ധ്വാനിക്കുന്നവന്നല്ലാതെ അതു് കൈവശം വെക്കാനധികാരമില്ല.

*

ഒരുതുള്ളി മാത്രമായ ഞാൻ സമുദ്രത്തോടുചേർന്നാൽ ഞാൻ ചെറുതാവുകയല്ല, വലുതാവുകയാണ് ചെയ്യുന്നതു്.

*

പ്രവർത്തകൻ പ്രഭാതകിരണംപോലാവണം. വാതിൽ തുറക്കുംവരെ പുറത്തുമുട്ടിനില്ക്കണം. തുറന്നാൽ അകത്തേക്കു പ്രവേശിച്ച് ഇരുട്ടില്ലാതാക്കണം.

*

നിങ്ങളുടെ വശമുള്ള ധനവും ഭൂമിയും വിദ്യയുമെല്ലാം നിങ്ങളുടേതല്ല, ഈശ്വരന്റേയാണ്. ഇതു് ആവശ്യത്തിനുമാത്രമെടുത്തു് ബാക്കി ഈശ്വരസന്താനങ്ങൾക്കു് തിരിച്ചേല്പിക്കുക.

ഇതു് ആവശ്യത്തിലധികം കൈവശം വെക്കുകയെന്നാൽ കളവു നടത്തി കൈവശം വെക്കുന്നുവെന്നാണതിൻെറ അൎത്ഥം.

*

ആവശ്യമുള്ളതിലധികം ഭൂമിക്കവകാശം പറയാതിരിക്കുക. ഈ ഭൂമി ഒരൊററ ഇഞ്ചുപോലും നിങ്ങളുണ്ടാക്കിയതല്ല.

*

കുറേ ആൾക്കു് കയ്യും വേറെ ചിലർക്കു് ബുദ്ധിയുമായിട്ടല്ല ഈശ്വരൻ സൃഷ്ടിച്ചതു്. എല്ലാവൎക്കും ബുദ്ധിയും എല്ലാവൎക്കും കയ്യും കൊടുക്കാൻ മറക്കുന്നില്ല. ബുദ്ധിജീവിയും കായികാദ്ധ്വാനം ചെയ്യുന്നവനുമെന്ന തരംതിരിക്കൽ എല്ലാവരേയും പൂൎണ്ണരായി സൃഷ്ടിച്ച ഈശ്വരനോടു് അപരാധം ചെയ്യലാണു്.

*

എല്ലാവൎക്കും ഇന്നു കളവു പറയാം. കളവു് ഒരു പറയൽ. ഒരു വിഷയമേ—അല്ലാതായിരിക്കുന്നു. കോടതി, അമ്പലം എല്ലാടവും ഇതനുവദിക്കപ്പെട്ടിരിക്കുന്നു. ഇതിനു മറകയ്യായിട്ടാണു് ഈശ്വരഭജനം ഇന്നു സ്വീകരിക്കപ്പെട്ടിരിക്കുന്നതു്. ഒരിക്കൽ കളവും അടുത്ത നിമിഷം സത്യവും ഇതു രണ്ടും കൂട്ടിക്കെട്ടിക്കൊണ്ടുപോകാവുന്ന ഏൎപ്പാടല്ല. സത്യവും ഈശ്വരസേവയും യഥാൎത്ഥമാവണമെങ്കിൽ നാം സൎവ്വാത്മനാ വിശുദ്ധി സംരക്ഷിക്കുകതന്നെ വേണം.

*

വിത്തു ചെയ്ത ആത്മത്യാഗമാണു് വൃക്ഷം. മരണത്തിൽ നിന്നുംജീവിതം മുളയെടുക്കുന്നു.

*

നമ്മുടെവാക്കിൽ അത്യന്തമൃദുലത, നമ്രത, മാധുൎയ്യം എന്നിവയുണ്ടെങ്കിൽ ശത്രുവെ ജയിക്കാൻ വേറെ ആയുധമാവശ്യമില്ല.

*

ഇന്നു രാജക്കന്മാരും ജമീന്ദാർമാരും ഭൂമി ദാനംചെയ്യുന്നതു് അത്രയൊക്കെ വലിയ കാൎയ്യമാണെന്നെനിക്കഭിപ്രായമില്ല. വാങ്ങിയതൊ ചെന്നെടുത്തതൊ തിരിച്ചുകൊടുക്കുന്നതു് ഒരു കടമ നടത്തൽ മാത്രമാണു്.

*

ഇന്നത്തെ കാൎയ്യം നോക്കു, നാളത്തേതു് നാളെ മതി. നാളേക്കുവേണ്ടി ഇന്നു സമ്പാദിക്കേണ്ടതില്ല.

*

ഈ നാട്ടിലെ സാമുദായികവ്യവസ്ഥയിൽ അടിസ്ഥാനപരമായി രണ്ടു കാൎയ്യങ്ങൾ കാണാം. ഉച്ചനീചഭേദങ്ങളില്ലാതിരിക്കുക, നിരഹങ്കാരമായി സ്വകൎമ്മമനുഷ്ഠിക്കുക— ഈ അടിത്തറയിലാണു് നമ്മുടെ സമുദായം പണിയപ്പെട്ടിട്ടുള്ളതെന്നു് സൂക്ഷിച്ചു നോക്കിയാൽ കാണാം.

*

ആരുടെ ഹൃദയത്തിൽ എതിരാളിയോടു് അല്പമെങ്കിലും വൈരമുണ്ടോ ആയാൾക്കു സത്യാഗ്രഹിയെന്ന പേരിന്നർഹതയില്ല

*

ഉള്ളിലൊന്നുവെച്ചു് പുറമെ മററൊന്നു പറയുന്നവർ വാക്‌ചോരന്മാരാണു്. മനുവിൻെറ അഭിപ്രായത്തിൽ ഒരു കളവിൻെറ പത്തിരട്ടി പാപമാണു് വാക്‌ചോരൻ ചെയ്യുന്നതു്.

*

ഡോക്ടരുടെ അടുത്തു മറച്ചുവെക്കാതെ രോഗസ്ഥിതി അറിയിച്ചാൽ മാത്രമേ അദ്ദേഹത്തിന്നു നമ്മെ ചികിത്സിക്കുവാൻ കഴിയൂ. ഈശ്വരൻെറ മുമ്പിലും എല്ലാ തെററും തുറന്നുസമ്മതിക്കേണ്ടിവരുന്നു. എന്നാലെ രക്ഷയുള്ളു. പ്രത്യക്ഷഈശ്വരൻ ബഹുജനങ്ങളല്ലാതെ മററാരാണു്? ബഹുജനസമക്ഷം പാപവും പുണ്യ

വും താൻ ചെയ്യുന്നതാകെത്തന്നെ, തുറന്നുവെക്കാൻ നമുക്ക് ധൈര്യമുണ്ടായിരിക്കണം.

*

"ഭൂരിപക്ഷഭൂരിസുഖവാദം" പാതിപ്പാടിപ്പുകാരായ പാശ്ചാത്യർ നമ്മുടെ മുമ്പിൽ വെക്കുമ്പോൾ അതിൽ നാം ഭ്രമിക്കേണ്ടതില്ല. നമ്മുടെ മുമ്പിലുള്ളതു് 'ഋഷികൾ' തന്ന "സർവ്വഭൂതഹിതേരത:" ആണ്. സർവ്വോദയക്കാരായ നമുക്ക ഭൂരിപക്ഷപ്രശ്നമേ ഇല്ല ഏതൊരു വീട്ടിലും ഭൂരിപക്ഷത്തിന്നു കൂടുതൽ സുഖമെന്ന വ്യവസ്ഥയില്ല. മുഴവൻ അംഗങ്ങൾക്കും സുഖമെന്നതാണ് ഓരോ കുടുംബത്തിന്റെയും ലക്ഷ്യം. സർവ്വോദയക്കാർ ഈ തത്വത്തിൽ വിശ്വസിക്കുന്നു.

*

ഭൂമിയിൽ പണിയെടുക്കുന്നവൻ എത്രവരെ ഭൂമിക്കധികാരമില്ലാതെകഴിയുന്നുവോ, എത്രവരെ അദ്ദേഹം മാനിക്കപ്പെടുന്നില്ലയോ അത്രവരെ ആ ദേശം ഉന്നതി പ്രാപിക്കുകയില്ല.

*

സൂര്യന്നു് തന്റെ രശ്മി എത്രവേഗം വ്യാപിപ്പിക്കാൻ കഴിയുമോ അത്രതന്നെ വേഗത്തിൽ അതു് തിരിച്ചെടുക്കുവാനും കഴിയും. ഗാന്ധിജിയും അത്തരത്തിലായിരുന്നു. അദ്ദേഹം ലോകോത്തരമായ സബർമതി മുതലായ ആശ്രമങ്ങൾ നടത്തി. ബർദ്ദോളി സത്യാഗ്രഹംപോലുള്ള മഹാ പ്രസ്ഥാനങ്ങൾ നടത്തി—വേണമെന്നു തോന്നിയപ്പോൾ അവ നിർത്തിക്കളയാനും അദ്ദേഹത്തിന്നു് സംശയമുണ്ടായിരുന്നില്ല.

*

ഭൂദാനയജ്ഞം വിജയിച്ചാൽ ഇവിടത്തെ നല്ല കാര്യങ്ങളോരോന്നും വിജയിക്കും. ഇതു പരാജയപ്പെട്ടാൽ ഖാദിയും കുടിൽ

വ്യവസായങ്ങളും അത്തരം മററു പ്രസ്ഥാനങ്ങളും പരാജയപ്പെട്ടു പോകും.

*

ഞാൻ എന്തിന്നു് ഭൂദാനത്തിന്നുമാത്രം ഇത്ര ശക്തി കൊടുക്കുന്നു, എന്തുകൊണ്ടു് ഹരിജനപ്രസ്ഥാനത്തിന്നും മററും അത്ര തന്നെ വിലയിരുത്തുന്നില്ല എന്നെല്ലാം ചോദിക്കുന്നവരുണ്ടു്. നദി പ്രവഹിക്കുമ്പോൾ അതിൻെറ കരക്കുള്ള വൃക്ഷങ്ങളെ നനക്കാൻ മിനക്കെടണമന്നില്ലെന്നേ എനിക്കതിന്നു് പറയാനുള്ളൂ.

*

ബിന്ദു സിന്ധുവിൽ ചേരുന്നതുകൊണ്ടു് ചെറുതാവുകയൊ നശിക്കുകയൊ അല്ല, വളരുകയാണു് ചെയ്യുന്നതു്. ഞാൻ സ്വന്തം കാൎയ്യംവിട്ടു് സമുദായകാൎയ്യത്തിന്നു് വേണ്ടിയായിത്തീരുന്നതു് എൻെറ വളൎച്ചയേയാണു് കാട്ടുന്നതു്.

*

ആയിരമായിരം കൈകളും ശിരസ്സുകളുമുള്ള സമുദായമാകുന്ന ഈശ്വരനെ പ്രത്യക്ഷമായും കാണുമ്പോൾ അപ്രത്യക്ഷനായ മറെറന്തൊരീശ്വരനെയാണു് നമുക്കു് ആരാധിക്കാനും സേവനം ചെയ്യാനുമുള്ളതു്?

*

മുക്തിയെന്നാൽ നാം തന്നെത്താൻ ഇല്ലാതാകലാണു്, അഹങ്കാരവും ദേഹഭാവനയും ഇല്ലാതാകലാണു്. ആയിരമായിരം വർഷത്തെ തപസ്യകളുടേയും ആത്മാന്വേഷണങ്ങളുടേയും ശേഷം ഋഷികൾ ഈ യാഥാൎത്ഥ്യമാണു് പ്രഖ്യാപിച്ചതു്.

*

കാററു്, വെളിച്ചം വെള്ളം എന്നിവയെപ്പോലെ ഭൂമിയും എല്ലാവൎക്കും സമാവകാശമുള്ള വസ്തുവാണു്.

*

ഭാരതത്തിൽ ഒരു പുതിയ വിപ്ലവം നടക്കുകയാണ്. കണ്ടു കൊണ്ടിരിക്കെ മുഴുവനാളുകളും ഉണർന്നെഴുന്നേല്ക്കാൻ പോകുന്നു.

*

ഭാരതവർഷം ആയിരമായിരം വർഷം പഴക്കം ചെന്ന നാടാണ്. ഇവിടെ തപസ്യകളും സാമുദായികപരിവർത്തനങ്ങളും പലപ്പോഴും നടന്നിട്ടുണ്ട്. അസംഖ്യം മഹാപുരുഷന്മാർ പിറവിയെടുത്തിട്ടുണ്ട്. നിങ്ങൾ മഹാനാണെന്നും നിങ്ങളെയാണ് ലോകം ഉററുനോക്കിക്കൊണ്ടിരിക്കുന്നതു് എന്നും മറക്കാതിരിക്കുക.

*

പഴയ തപസ്വികൾ ചെയ്ത തപസ്സ് നമുക്കുവേണ്ടിയായിരുന്നു. ഇന്നും നമ്മിൽ അവശേഷിച്ച സത്ഭാവങ്ങൾക്ക് നമുക്ക് അവരോട് നന്ദി രേഖപ്പെടുത്തുക.

*

അങ്ങോട്ടുപദേശിക്കാനല്ല ഇങ്ങോട്ട് കേൾക്കുവാനാണുള്ളതു്. അങ്ങോട്ടുപദേശിക്കാനുള്ള നാവ് തന്ന ഈശ്വരൻ കേൾക്കാനുള്ള രണ്ടു ചെവികളും പ്രദാനം ചെയ്തിരിക്കുന്നു.

*

ഈശ്വരനും നമ്മളും ഒരേ ചൈതന്യത്തിൻെറ രൂപമാണ്. നാം അംശം മാത്രമാണ്; അദ്ദേഹം പൂർണ്ണമായും ആ ചൈതന്യവും. ചൈതന്യം ഒന്നേയുള്ളു. അതുകൊണ്ടു അതിനെന്തു ശക്തിയുണ്ടോ അതു നമ്മുടെയും ശക്തിയാണ്. ഈശ്വരനോട് ശക്തി പ്രദാനത്തിന്നഭ്യർത്ഥിക്കുന്നതിലും അതു് പ്രാപിക്കുന്നതിലും നാതൊരു പരാധീനതയുമില്ല.

*

പീച്ചാത്തി കൊത്തിക്കൊണ്ടു് പെൻസിലിന്നു മുന ചെത്തൽ പീച്ചാത്തി ഉപയോഗിക്കലാണ്. വേണമെങ്കിൽ വിരൽ

മുറിക്കാനും അതേ പിീച്ചാത്തി ഉപയോഗപ്പെടും. ഇന്ദ്രിയങ്ങളുടെ ഉപയോഗം മുഖേന ഭഗവൽസ്സേവ ചെയ്യുന്നതു് പെൻസിലിന്നു മുന ചെത്തലാണു്. ഇന്ദ്രിയങ്ങൾക്കു് സ്വയം അടിമപ്പെടുകയെന്നതു് വിരൽ മുറിക്കലും.

*

ബോമ്പിൻെറ യുദ്ധത്തിന്നു ഒന്നേ പരിഹാരമുള്ളൂ. സ്വന്താവശ്യത്തിന്നുള്ള സാധനങ്ങൾ സ്വന്തം ചുററുപാടിൽ ഉണ്ടാക്കുകയും അവ ഉചിതമായ നിലയിൽ ഉപയോഗിക്കുകയും ചെയ്യുക

*

അമ്മയെ സേവിക്കുന്ന കുട്ടി ലോകത്തെയാകെ സേവിക്കുന്നുവെന്നാണെൻെറ അഭിപ്രായം

*

ആത്മപരീക്ഷണംകൊണ്ടു മനസ്സിൻേറയും മൌനംകൊണ്ടു വാക്കിൻേറയും കർമ്മംകൊണ്ടു ശരീരത്തിൻെറയും ദോഷം നീക്കാതെ ആത്മാവിന്നു ആരോഗ്യം കിട്ടുകയില്ല.

*

ക്ലേശസഹനത്തിന്നു തയ്യാറാകാത്തിടത്തോളം സുഖം ലഭിക്കാൻ പോകുന്നില്ല. സുഖത്തിൻെറ കെട്ടിടം ക്ലേശത്തിൻെറ അടിത്തറയിലാണു് പണിയപ്പെട്ടിട്ടുള്ളതു്.

*

ദ്വേഷബുദ്ധിയെ ദ്വേഷംകൊണ്ടു് നശിപ്പിക്കുക സാദ്ധ്യമല്ല. പ്രേമശക്തികൊണ്ടേ അതിനെ വിജയിക്കാനാവുകയുള്ളൂ.

*

ചന്ദ്രൻെറകൂടെ ചന്ദ്രൻെറ ചുററുപാടുകളാണുണ്ടായിരിക്കുക. എൻെറകൂടെ എൻെറ ചുററുപാടുണ്ടാക്കേണ്ടവൻ ഞാനാണു്. കലിയുഗം വന്നുവെന്നു ആളുകൾ പറയുന്നു. എന്തു കലിയുഗം? കലിയുഗത്തിലൊ സത്യയുഗത്തിലൊ ഏതു് വേണമെന്നു് നി

ങ്ങളാണു് തീൎച്ചയാക്കാൻ. നിങ്ങളുടെ യുഗം നിങ്ങളുടെ കൂടെയാണു്.

*

ലോകപരിത:സ്ഥിതിയുദ്ധത്തിന്റെയാണെന്നു നാം പരവശപ്പെടുന്നു. പാരവശ്യം ജഡമാണു്. നാം ചൈതന്യവും ആത്മസ്വരൂപവുമാണു്. നമ്മുടെ പരിത:സ്ഥിതി നമുക്കു സൃഷ്ടിക്കാവുന്നതേയുള്ളു.

*

ഇന്ത്യയുടെ കയ്യിൽ വല്ലതുമുണ്ടെങ്കിലതു് നൈതികശക്തിയാണു് അന്യരാഷ്ട്രങ്ങൾ ഭൗതികശക്തികൊണ്ടു് കൂടുതൽ മുന്നോട്ടുപോയിട്ടുണ്ടാവാം. ആ വഴിയിൽതന്നെ നമ്മളും യാത്രതുടങ്ങിയാൽ നാം അവരുടെ ദാസരാവുകയും അവർ പറയുന്നതനുഷ്ഠിക്കേണ്ടവരാകയും ചെയ്യും.

*

ബാപ്പു നമ്മുടെ മുമ്പിൽവെച്ച കാൎയ്യങ്ങളനുഷ്ഠിച്ചാൽ നമുക്കു്—ഇന്ത്യക്കു്—ലോകത്തിന്റെ ഗുരുവായിത്തീരാൻ കഴിയും ലോകത്തിന്നു ആവശ്യം ബാപ്പുവിന്റെ സന്ദേശമാണു്. അതു സംരക്ഷിച്ചാൽ മാത്രമേ വിശ്വത്തിൽ സുഖവും ശാന്തിയുമുണ്ടാകയുള്ളു.

*

തന്റെ പ്രവൃത്തി തന്നത്താൻ ചെയ്യുന്നവനാണു് സ്വതന്ത്രൻ.

*

ബുദ്ധി ഒരാൾക്കു് കുറെ അധികമുണ്ടു്, മറെറാരാൾക്കു് കുറച്ചേ ഉള്ളുവെന്നെല്ലാം പറയുന്നതിന്നൎത്ഥമില്ല. പരിശുദ്ധമായ ബുദ്ധി ആർക്കുണ്ടോ അതാണു് കാൎയ്യം. അഗ്നിയുടെ ഒരു ചെറിയ സ്ഫുലിംഗം മതി, അതു് ചെയ്യേണ്ടതു് ചെയ്തുകൊള്ളും.

*

മനുഷ്യനോടു ദയയില്ലാത്ത കല്ലിന്റെ മൂൎത്തിയെ ആർ പൂജിക്കുന്നുവോ അവൻ കപടഭക്തനാണു്.